بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 4

വാർഷിക വരിസംഖ്യ 500 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 10

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 മാർച്ച് 07/ഹി:ശം:1398 അമാൻ 07/ഹി:ഖ:1440 ജമാദുൽ ആഖിർ 29


## അല്ലാഹുവിന്റെ വചനം

قُلۡ اَطِیۡعُوا اللّٰہَ وَالرَّسُوۡلَ ۚ فَاِنۡ تَوَلَّوۡا فَاِنَّ اللّٰہَ لَا یُحِبُّ الۡکٰفِرِیۡنَ ○

നീ പറയുക, അല്ലാഹുവിനേയും ഈ റസൂലിനേയും അനുസരിക്കുക. ഇനി അവർ പിന്തിരിഞ്ഞു പോകുകയാണെങ്കിൽ അല്ലാഹു അവിശ്വാസികളെ ഇഷ്ടപ്പെടുന്നില്ല.'(3:33)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**ഒരു മുത്തഖിയ്ക്ക് പരലോകജീവിതം ഇവിടെ ദൃശ്യമാക്കപ്പെടുന്നു. അവർക്ക് ഈ ലോകത്ത് അല്ലാഹുവിനെ കിട്ടുന്നു; അവനെ കാണുകയും അവനുമായി സംസാരിക്കുകയും ചെയ്യുന്നു.**

**ഒരു വലിയുടെ വാക്യമുണ്ട്: ജീവിതത്തിലൊരിക്കൽപോലും സത്യമായ ഒരു സ്വപ്നം ഉണ്ടായിട്ടില്ലാത്തവന്റെ പര്യവസാനം ഭയാനകമാണ്.**

**മനുഷ്യൻ ഇത് മുന്നിൽ കണ്ടുകൊണ്ട് നമസ്കാരത്തിൽ വിലപിച്ച് ദുആ ചെയ്യേണ്ടതാണ്. തനിക്കും അഭിവൃദ്ധി കരസ്ഥമാക്കുകയും ഉൾക്കാഴ്ച ആർജിക്കുകയും ചെയ്തുകഴിഞ്ഞിട്ടുള്ളവരിലാകണമെന്ന് ആഗ്രഹിക്കണം. അങ്ങനെയല്ലെങ്കിൽ കാഴ്ചയില്ലാത്തവരും അന്ധരുമായവരിൽ ഈ ലോകത്തുനിന്ന് ഉയർത്തപ്പെടുന്നതാണ്.**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ**

## മുത്തഖിയായ മനുഷ്യന് പരലോക ജീവിതം ഇവിടെ കാണിക്കപ്പെടുന്നു.

“അല്ലാഹുവിന്റെ വലിയുമാർക്ക് അവന്റെ മലക്കുകളെ കാണാൻ കഴിയുന്നത് ഒരു നിഅ്മത്താണ്. പരലോകജീവിതം കേവലം ആത്മീയമാണ്. പക്ഷേ, ഒരു മുത്തഖിയ്ക്ക് പരലോകജീവിതം ഇവിടെ ദൃശ്യമാക്കപ്പെടുന്നു. അവർക്ക് ഈ ലോകത്ത് അല്ലാഹുവിനെ കിട്ടുന്നു; കാണുകയും അവനുമായി സംസാരിക്കുകയും ചെയ്യുന്നു. അത്തരം അവസ്ഥ ഒരാൾക്ക് സിദ്ധിച്ചിട്ടില്ലെങ്കിൽ അവന്റെ മരണവും, ഇവിടെനിന്ന് പോകലും അങ്ങേയറ്റം മോശമാണ്. ഒരു വലിയുടെ വാക്യമുണ്ട്: ജീവിതത്തിലൊരിക്കൽപോലും സത്യമായ ഒരു സ്വപ്നം ഉണ്ടായിട്ടില്ലാത്തവന്റെ പര്യവസാനം ഭയാനകമാണ്; ഖുർആൻ മുഅ്മിന്റെ അടയാളമായി ഇതു പറയുന്നതുപോലെ. കേൾക്കുക! ഈ അടയാളം ഇല്ലാത്തവനിൽ തഖ്വയില്ല. ഈ നിബന്ധന നമ്മളിൽ പൂർത്തിയാകാൻ നമ്മളെല്ലാവരും ദുആ ചെയ്യേണ്ടതാണ്. അല്ലാഹുവിൽനിന്ന് ഇൽഹാമിന്റേയും സ്വപ്നത്തിന്റേയും ജാഗ്രദർശനത്തിന്റേയും കൃപയുണ്ടാകണം. കാരണം ഇത് മുഅ്മിന്റെ പ്രത്യേകതയാണ്; അതിനാൽ ഇത് ഉണ്ടാവേണ്ടതാണ്.

മുത്തഖിയ്ക്ക് ലഭിക്കുന്ന ഒരുപാട് മറ്റു ബർക്കത്തുകളുമുണ്ട്. ഉദാഹരണത്തിന് വിശുദ്ധഖുർആനിലെ തുടക്കത്തിലുള്ള സൂറഃഫാത്തിഹായിൽ അല്ലാഹു മുഅ്മിന് ദുആ ചെയ്യാൻ മാർഗദർശനം നല്കുന്നു. *ഇഹ്ദിനസ്സിറാത്തൽ മുസ്ത്തഖീമ സിറാതല്ലദീന അൻഅംത അലയ്ഹിം ഗയ്രിൽ മഗ്ളൂബി അലയ്ഹിം വലാള്ളാലീൻ*(ഫാതിഹ: 6-8). അതായത് നീ അനുഗ്രഹിച്ചവരുടേയും നിന്റെ കൃപ ഉണ്ടായിട്ടുള്ളവരുടേയും നേരായവഴി ഞങ്ങൾക്ക് പറഞ്ഞുതന്നാലും. ഇത് പഠിപ്പിക്കപ്പെട്ടിരിക്കുന്നത് മനുഷ്യൻ ഉന്നതമായ മനക്കരുത്താർജിച്ച് ഇതിൽനിന്ന് സ്രഷ്ടാവിന്റെ ഇച്ഛ മനസ്സിലാക്കുക എന്നാണ്. അതെന്താണെന്നാൽ, ഈ സമുദായം മൃഗങ്ങളെപോലെ ജീവിക്കാൻ പാടില്ല. മറിച്ച്, അവന്റെ എല്ലാ മറകളും വെളിച്ചത്തുവരണം; വിലായത്ത് 12 ഇമാമിനുശേഷം അവസാനിച്ചുപോയി എന്ന ശിയാക്കളുടെ വിശ്വാസംപോലെ! അതിനെതിരിൽ ഈ ദുആകൊണ്ട് പ്രകടമാകുന്നത്, അമ്പിയാക്കന്മാർക്കും അസ്ഫിയാക്കൾക്കും കരസ്ഥമാകുന്നതുപോലുള്ള നിലകൾ മുത്തഖിയും അല്ലാഹുവിന്റെ ഇച്ഛയ്ക്കനുസരിച്ച് നടക്കുന്നവനും കരസ്ഥമാക്കാൻ കഴിയണമെന്ന് അല്ലാഹു ആദ്യമേതന്നെ തീരുമാനിച്ചുവെച്ചിരിക്കുന്നു എന്നാണ്. ഇതിൽനിന്ന് മനുഷ്യന്, അവൻ വളരുകയും ധാരാളം അഭിവൃദ്ധി കരസ്ഥമാക്കുകയും ചെയ്യുന്നതിന് ധാരാളം കഴിവുകൾ കിട്ടിയിട്ടുണ്ടെന്നും മനസ്സിലാകുന്നു. ഒരു ആട് മനുഷ്യനല്ല. അതുകൊണ്ട് അതിന്റെ ശക്തി അഭിവൃദ്ധിപ്പെടുകയില്ല. വലിയ മനക്കരുത്തുള്ള മനുഷ്യൻ ദൈവദൂതന്മാരുടേയും നബിമാരുടേയും അവസ്ഥകൾ കേൾക്കുമ്പോൾ ആ പരിശുദ്ധ ജമാഅത്തിനു ലഭിച്ച ആ ഉപഹാരങ്ങളിൽ വിശ്വാസം മാത്രമുണ്ടായാൽപോര മറിച്ച് അവന് ഘട്ടംഘട്ടമായി ആ ഉപഹാരങ്ങളുടെ അനുമാനജ്ഞാനവും ഗോചരജ്ഞാനവും അനുഭവജ്ഞാനവും ഉണ്ടായിത്തീരണം.

### ജ്ഞാനത്തിന്റെ മൂന്നു ഘട്ടം:

ജ്ഞാനത്തിന് മൂന്ന് ഘട്ടമുണ്ട്. *ഇൽമുൽയഖീൻ* (അനുമാനജ്ഞാനം) *അയ്നുൽയഖീൻ* (ഗോചരജ്ഞാനം) *ഹഖ്ഖുൽ യഖീൻ* (അനുഭവജ്ഞാനം). ഉദാഹരണത്തിന് ഒരിടത്തുനിന്ന് പുക ഉയരുന്നത് കാണുമ്പോൾ അവിടെ തീയുണ്ടാകാമെന്നുള്ളത് അനുമാനജ്ഞാനം. പക്ഷേ, കണ്ണുകൊണ്ട് കാണുന്നതാണ് ഗോചരജ്ഞാനം. അതിനേക്കാളുപരിയാണ് അനുഭവജ്ഞാനം. അതായത് തീയിൽ കൈയിട്ട് ചൂട് അനുഭവിച്ച് തീയാണെന്ന ദൃഢജ്ഞാനത്തിലെത്തുക. ഈ മൂന്നിൽ ഒരു അറിവുപോലും ലഭിക്കാത്തവൻ എത്രമാത്രം നിർഭാഗ്യനാണ്. ഈ ആയത്തനുസരിച്ച് ആരിലാണോ അല്ലാഹുവിന്റെ കൃപയില്ലാത്തത് അവൻ പുറന്തോടായ വിശ്വാസത്തിൽ കുടുങ്ങികിടക്കുകയാണ്. അല്ലാഹു പറയുന്നു: *വല്ലദീന ജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബുലനാ* (27:70) ആരാണോ നമ്മുടെ വഴിയിൽ കഠിനാധ്വാനം (മുജാഹദ) ചെയ്യുന്നത് അവന് നമ്മുടെ വഴി കാണിച്ചുകൊടുക്കുന്നതാണ്. ഇതു വാഗ്ദാനമാണ്. അവിടെയാണെങ്കിൽ *ഇഹ്ദിനസ്സിറാതൽ മുസ്തഖീമ* എന്ന ദുആയുമുണ്ട്. (അൽഫാതിഹ:6). അതുകൊണ്ട് മനുഷ്യൻ ഇത് മുന്നിൽ കണ്ടുകൊണ്ട് നമസ്കാരത്തിൽ വിലപിച്ച് ദുആ ചെയ്യേണ്ടതാണ്. തനിക്കും അഭിവൃദ്ധി കരസ്ഥമാക്കുകയും ഉൾക്കാഴ്ച ആർജിക്കുകയും ചെയ്തുകഴിഞ്ഞിട്ടുള്ളവരിലാകണമെന്ന് ആഗ്രഹിക്കണം. അങ്ങനെയല്ലെങ്കിൽ കാഴ്ചയില്ലാത്തവരും അന്ധരുമായവരിൽ ഈ ലോകത്തുനിന്ന് ഉയർത്തപ്പെടുന്നതാണ്. പറഞ്ഞു. *മൻകാന ഫീ ഹാദിഹീ അഅ്മാ ഫഹുവ ഫിൽആഖിറത്തി അഅ്മാ* (സൂറ ബനീഇസ്റായിൽ:73) ഈ ലോകത്ത് അന്ധനായിട്ടുള്ളവൻ പരലോകത്തും അന്ധനായിരിക്കുന്നതാണ്. ഇതുകൊണ്ടുള്ള ഉദ്ദേശ്യം ആ ലോകം കാണുന്നതിന് നമ്മൾ ഈ ലോകത്തുനിന്ന് കണ്ണുകൾ കൊണ്ടുപോകണമെന്നാണ്. അടുത്ത ലോകം അനുഭവിക്കുന്നതിനുള്ള ഇന്ദ്രിയത്തിന്റെ തയ്യാറെടുപ്പ് ഈ ലോകത്താണ് നടത്തേണ്ടത്. അല്ലാഹു വാഗ്ദാനം ചെയ്യുകയും പിന്നെ പൂർത്തീകരിക്കാതിരിക്കുകയും ചെയ്യുമെന്ന് കരുതാൻ പറ്റുമോ?

### ആരാണ് അന്ധൻ?

അന്ധൻ എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ആത്മീയമായ ജ്ഞാനങ്ങളും ആത്മീയമായ ആസ്വാദനങ്ങളും ഇല്ലാതിരിക്കുന്നയാൾ എന്നാണ്. ഒരു വ്യക്തി പൊള്ളവിശ്വാസമുള്ള മുസ്‌ലിംഭവനത്തിൽപിറന്നു, മുസ്‌ലിം എന്നു പറയപ്പെട്ടു. ഇപ്രകാരംതന്നെ ഒരു ക്രിസ്ത്യാനി ക്രൈസ്തവ കുടുംബത്തിൽ പിറന്നു ക്രിസ്ത്യാനിയായി. ഇ

( ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

124-ാമത് ഖാദിയാൻ ജൽസ സാലാനയുടെ (ആരംഭം മുതൽ 127-ാമത്) റിപ്പോർട്ട്

# അഹ്മദിയ്യാ ജമാഅത്തിന്റെ കേന്ദ്രമായ ഖാദിയാൻ ദാറുൽഅമാനിൽ 124-ാമത് ജൽസസാലാന (വാർഷിക സമ്മേളനം) വിജയകരമായി സമാപിച്ചു.

**വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന് നബി(സ) തിരുമേനിയോടുള്ള സ്നേഹത്തോളം ആർക്കും എത്താൻ സാധ്യമല്ല. അത് അദ്ദേഹത്തിന്റെ ഓരോരോ വാക്കും അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹത്തിൽ ലീനമാണെന്നുള്ളതിന് തെളിവാണ്.**

**ഈ അവസാന ദിനങ്ങളിലും നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലി നിറയ്ക്കുകയും സ്വലാത്തും സലാമുംകൊണ്ട് പുതിയ വർഷത്തെ വരവേൽക്കുകയും ചെയ്യുക; നബി(സ)തിരുമേനിയുടെ വ്യക്തിത്വവുമായി ബന്ധപ്പെട്ട അനുഗ്രഹങ്ങൾ നമ്മൾ എത്രയും വേഗം കരസ്ഥമാക്കുന്നവരായിത്തീരുന്നതിനുവേണ്ടി!**

**മുസ്ലിം ടെലിവിഷൻ അഹ്മദിയ്യാ ഇന്റർനാഷണൽ മുഖേന സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസിന്റെ വിജ്ഞാനനിർഭരമായ സമാപന പ്രഭാഷണം.**

**☆ ഞാൻ ഈ നാട്ടിൽ അതായത് ഖാദിയാനിൽ അല്ലാഹുവിനെ കണ്ടു. ഇസ്ലാമിന്റെ എല്ലാ പ്രവചനങ്ങളും നബി(സ)തിരുമേനിയുടെ സേവകന്റെ കൈയിൽ പൂർത്തിയായിരിക്കുന്നതും കണ്ടു. ലോകത്ത് ധാരാളം മഹ്ദി വാദക്കാർ വന്നു. അവർ തങ്ങളുടെ പ്രബോധനം ലോകത്ത് പരക്കുമെന്ന് പ്രവചനങ്ങൾ ചെയ്തു. പക്ഷേ, ഒരാളുടെ പ്രവചനങ്ങളല്ലാതെ മറ്റാരുടേതും പുലർന്നില്ല. ഈ വ്യക്തിയാണ് ബിഹിശ്തി മഖ്ബറയിൽ അന്ത്യവിശ്രമം കൊള്ളുന്നത്. ഇദ്ദേഹത്തിന്റെ സ്മാരകശിലയിൽ ഉല്ലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. 'മസാരെ മുബാറക് ഹദ്റത്ത് അഖ്ദസ് മിർസാ ഗുലാം അഹ്മദ് ഖാദിയാനി മസീഹ് മൗഊദ് വ ഇമാം മഹ്ദി.'**

**☆ ഞാൻ അഹ്മദിയ്യാ സാഹിത്യങ്ങൾ വായിക്കുകയും അഹ്മദീ മുസ്ലിംകളുമായി കൂടിക്കാണുകയും ചെയ്തതിന്റെ ഫലമായി അഹ്മദിയ്യത്ത് തന്നെയാണ് യഥാർഥ ഇസ്ലാമെന്നും മറ്റു മുസ്ലിംകളെ അപേക്ഷിച്ച് അഹ്മദികൾ കൂടുതൽ സത്യസന്ധരും നല്ല മുസ്ലിംകളുമാണെന്ന് മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു. എത്ര നൂറ്റാണ്ടുകൾ ഇനി കടന്നുപോകുമെന്ന് എനിക്കറിയില്ല. പക്ഷേ, ലോകത്ത് ഉയരുന്ന ഏറ്റവും ഉന്നതമായ മുദ്രാവാക്യം ഖാദിയാനിലെ പരിശുദ്ധമണ്ണിൽനിന്നായിരിക്കുമെന്ന് എനിക്കറിയാം. ഇൻശാഅല്ലാഹ്.**

## ഖാദിയാൻ ജൽസസാലാനയിൽ പങ്കെടുത്ത നവഅഹ്മദികളുടെ ഈമാൻ ദൃഢീകരിക്കുന്ന അഭിപ്രായപ്രകടനങ്ങൾ

**☆ ജമാഅത്ത് ലോകം മുഴുവൻ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന സ്നേഹം സ്തുത്യർഹമാണ്. ലോകം മുഴുവൻ സ്നേഹസന്ദേശം പ്രചരിപ്പിക്കുന്നതിന് ഞാൻ ഹുദൂർ അൻവറിന് നന്ദി പറയുന്നു. നിങ്ങളുടെ ജമാഅത്തിന്റെ ഖലീഫ ലോകം മുഴുവൻ സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും അധ്യാപനം നല്കിക്കൊണ്ടിരിക്കുന്നു. മുഴുവൻ ലോകത്തേയും നാശത്തിൽനിന്ന് രക്ഷപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.**

**☆ മുസ്ലിം സമാജം എപ്പോഴും സിക്കുമതവിശ്വാസികളോടു സഹതാപത്തോടെ വർത്തിച്ചിട്ടുണ്ട്. മുസ്ലിം സമാജം എല്ലാ ദുർഘടസന്ധിയിലും ഞങ്ങളോടൊപ്പം നിന്നു. ഈ രണ്ടു മതത്തിന്റേയും പ്രത്യേകത ഏകനായ അല്ലാഹുവിനെ ആരാധിക്കുന്നുവെന്നതാണ്.**

**☆മനുഷ്യത്വത്തിന്റെ മുദ്രാവാക്യം മുഴക്കപ്പെടുന്ന സമ്മേളനങ്ങൾ വളരെ വിരളമാണ്. മനുഷ്യകുലത്തിനു സേവനം ചെയ്യുക എന്നത് മഹത്തായ പ്രവൃത്തിയാണ്; അതാണ് നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്.**

## മനോഹരമായ നിലയിൽ ഇന്ന് ജമാഅത്ത് നല്കിക്കൊണ്ടിരിക്കുന്ന സ്നേഹത്തിന്റേയും ശാന്തിയുടേയും സന്ദേശം സ്തുത്യർഹമാണ്.

**•48 രാജ്യങ്ങളിൽനിന്ന് പ്രാതിനിധ്യം, 18,864 അഹ്മദികൾ ജൽസയിൽ പങ്കെടുത്തു. •ഹുദൂറിന്റെ സമാപാന പ്രഭാഷണാവസരത്തിൽ ലണ്ടനിൽ 5345 പേർ പങ്കെടുത്തു •തഹജ്ജുദ് നമസ്കാരം •ദർസുൽഖുർആനും ദൈവസ്മരണകളുംകൊണ്ട് നിറഞ്ഞ അന്തരീക്ഷം •ആദരണീയ ആലിംകളുടെ വിജ്ഞാനഭരിതമായ പ്രഭാഷണങ്ങൾ •സർമത സമ്മേളനം •അതിഥികളുടെ ഈമാൻ ദൃഢീകരിക്കുന്ന അഭിപ്രായ പ്രകടനങ്ങൾ •ദേശീയവും അന്തർദേശീയവുമായ ഭാഷകളിൽ പരിപാടികളുടെ തൽസമയ തർജമ •ജമാഅത്തംഗങ്ങളുടെ ജ്ഞാനങ്ങൾ വർധിപ്പിക്കുന്നതിന് ശിക്ഷണപരമായ കാര്യങ്ങൾ തുടങ്ങിയ ഡോക്യുമെന്ററികളും പ്രദർശനങ്ങളും •34 നിക്കാഹിന്റെ വിളംബരം •പ്രിന്റ് ആന്റ് ഇലക്ട്രോണിക് മാധ്യമങ്ങളിൽ ജൽസയുടെ കവറേജ് •സമാധാനപരവും മനോഹരവുമായ അന്തരീക്ഷത്തിൽ ജൽസയുടെ എല്ലാ പരിപാടികളും സമാപിച്ചു •ഡിസംബർ 19 മുതൽ 21 വരെ അറബി പരിപാടിയായ ഇസ്മഊ സ്വൗത്തസ്സമാ ജാഅൽ മസീഹ് ജാഅൽ മസീഹ് എന്നതിന്റെ ഖാദിയാനിൽനിന്നുള്ള എം.ടി.എ. ഇന്റർനാഷണലിന്റെ തൽസമയ സംപ്രേഷണം •ജനുവരി 3 മുതൽ 5 വരെ ദി മസീഹ് ഓഫ് ദി എയ്ജ് എന്ന ശീർഷകത്തിൽ ആഫ്രിക്കക്കാർക്കുവേണ്ടി തൽസമയ സംപ്രേഷണങ്ങൾ.**

**റിപ്പോർട്ട്: മൻസ്വൂർ അഹ്മദ് മസ്റൂർ (മുൻതളിം റിപ്പോർട്ടിംഗ്)**

ജൽസാ റിപ്പോർട്ട് അവസാന ഭാഗം

## വനിതാസമ്മേളനം:

2018 ഖാദിയാൻ ജൽസാസാലാനയുടെ അവസരത്തിൽ രണ്ടാം ദിവസത്തെ രണ്ടാമത്തെ യോഗത്തിൽ ലജ്ന ഇമാഇല്ലാഹ് ഭാരത് വനിതാ ജൽസാഗാഹിൽ തങ്ങളുടെ പരിപാടി സംഘടിപ്പിച്ചു. റബ്വയിലെ മുൻ നാളിർ അഅ്ലാ ആയിരുന്ന പരേതനായ സാഹിബ സാദ മിർസാ ഗുലാം അഹ്മദ് സാഹിബിന്റെ സഹധർമിണി സാഹിബ്സാദി അമത്തുൽ ഖുദ്ദൂസ് ബീഗം സാഹിബ് റബ്വ അധ്യക്ഷയായി. നയ്യിറ തൻവീർ ഫാരിഅ സാഹിബായുടെ തിലാവത്തോടെ കാര്യപരിപാടി ആരംഭിച്ചു. അതിന്റെ ഉർദു തർജമ തഹ്മീദ ഉമർ സാഹിബ കേൾപ്പിച്ചു. റാശിദ തൻവീർ സാഹിബ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പദ്യം

*മെരെ മൗലാ മെരി യെ ഇക് ദുആ ഹെ*
*തേരീ ദർഗാഹ് മെ ഇജ്സൊബുകാ ഹെ*

മനോഹരമായി ആലപിച്ചു. തുടർന്ന് സ്വദ് ർ ലജ്ന ഇമാഇല്ലാഹ് ഹൈദ്രാബാദ് ത്വയ്യിബ റസ്സാഖ് സാഹിബ 'സീറത്ത് ഹദ്റത്ത് സ്വാഹിബ്സാദി അമത്തുൽ ഹഫീള് ബീഗം സാഹിബ' എന്ന ശീർഷകത്തിൽ പ്രസംഗിച്ചു. അതിനുശേഷം ഖുർറത്തുൽ അയ്ൻ സാഹിബ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പദ്യം.

*ഹമേ ഉസ് യാർ സെ തഖ്വാ അത്വാ ഹെ*
*നഃ യെ ഹം സെ കെഃ ഇഹ്സാനെ ഖുദാ ഹെ*

ഈണത്തിൽ സ്വരമാധുര്യത്തോടെ ആലപിച്ചു. അതിനുശേഷം സ്വദ്ർ ലജ്ന ഇമാഇല്ലാഹ് ഭാരത് ബുശ്റാ പാശാ സാഹിബ **'ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹു തആലായുടെ നിർദേശങ്ങളുടെ വെളിച്ചത്തിൽ ലജ്ന ഇമാഇല്ലായുടെ ഉത്തരവാദിത്വങ്ങൾ'** എന്ന വിഷയത്തിൽ പ്രസംഗിച്ചു. ലജ്ന ഇമാഇല്ലാഹ് കേരളായുടെ അംഗങ്ങളും നാസിറാത്തുൽ അഹ്മദിയ്യാ ഖാദിയാനിലെ അംഗങ്ങളും ചേർന്ന് സംഘഗാനം അവതരിപ്പിച്ചു.

( ശേഷം പേജ് 11ൽ)

## ഖുത്ബ ജുമുഅ

### "യഥാർഥത്തിൽ അദ്ദേഹത്തിന്റെ പ്രത്യേകതകൾ അദ്ദേഹത്തെ കുറിച്ച് എഴുതിയിരിക്കുന്നതിനെക്കാൾ അധികമാണ്."

### യമാമ യുദ്ധത്തിൽ ശഹാദത്തിന്റെ മഹത്തായ പദവി പ്രാപിച്ച ബദ്‌രി സ്വഹാബി ഹദ്‌റത്ത് അബൂഹുദയ്ഫഃ ബിൻ ഉത്ബഃയുടെ പരിശുദ്ധ ജീവചരിത്രത്തിന്റെ ഈമാൻ ദൃഢീകരിക്കുന്നതും ഹൃദയാവർജകവുമായ ചർച്ച.

അഹ്‌മദിയ്യാ ഖിലാഫത്തിനോട് അങ്ങേയറ്റത്തെ സ്നേഹവും അനുസരണബന്ധവും അങ്ങേയറ്റം വിനയനും ജമാഅത്തിന്റെ ദീർഘകാല സേവകനും ഘാന അഹ്‌മദിയ്യാ സെക്കന്ററി സ്കൂളിന്റെ ആദ്യത്തെ വൈസ് പ്രിൻസിപ്പളും തഅ്‌ലീമുൽ ഇസ്‌ലാം കോളേജിലേയും ജാമിഅ അഹ്‌മദിയ്യായിലേയും ദർസിന്റെ ചുമതല വഹിച്ചിരുന്ന ആളും ജമാഅത്തിന്റെ പ്രമുഖപണ്ഡിതനുമായ പ്രൊഫസർ സഊദ് അഹ്‌മദ് ഖാൻ സാഹിബിന്റെ ദേഹവിയോഗവും അദ്ദേഹത്തെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

ഖുത്‌ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ്‌മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്

ഖുത്‌ബ 2018 ഫെബ്രുവരി 01/1398 തബ്‌ലീഗ് 01
മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- اَلرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഇന്ന് വിവരിക്കുന്ന സഹാബിയുടെ പേര് ഹദ്‌റത്ത് അബൂ ഹുദയ്ഫ ബിൻ ഉത്ബ എന്നാണ്. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂഹുദയ്ഫ എന്നായിരുന്നു. അദ്ദേഹത്തിന്റെ പേര് ഹുശയിം, ഹാശിം, ഖയ്സ്, ഹിസ്‌ൽ, ഇസ്‌ൽ, മിഖ്‌സം എന്നാണെന്നും പറയപ്പെടുന്നു. അദ്ദേഹത്തിന്റെ മാതാവ് ഉമ്മുസ്വഫ്‌വാൻ ആയിരുന്നു. അവരുടെ പേര് ഫാത്വിമ ബിൻത് സ്വഫ്‌വാൻ എന്നായിരുന്നു. അദ്ദേഹത്തിന് നല്ല ഉയരമുണ്ടായിരുന്നു. അദ്ദേഹം നല്ല മുഖസൗന്ദര്യത്തിന്റെ ഉടമസ്ഥനായിരുന്നു. നബി(സ)തിരുമേനി ദാറുൽ അർഖമിൽഎത്തുന്നതിന് മുമ്പേതന്നെ അദ്ദേഹം ഇസ്‌ലാംസ്വീകരിച്ചുകഴിഞ്ഞിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 61-62, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (മുസ്തദർക്ക് അല സ്സ്വഹീഹയ്ൻ, വാല്യം 3, പേജ് 248, ഹദീഥ് 4993, കിതാബു മഅ്‌രിഫത്തുസ്വഹാബ പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002).(ഇംതാഉൽ അസ്മാഅ്, വാല്യം 14, പേജ് 335, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1999). അദ്ദേഹം പ്രാരംഭ കാലവിശ്വാസികളിൽപ്പെട്ടയാളായിരുന്നു. അതു പ്രതിപാദിച്ചുകൊണ്ട് ഹദ്‌റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ് എഴുതുന്നു: അബൂ ഹുദയ്ഫ ബിൻ ഉത്ബ, ബനീ ഉമയ്യാഗോത്രക്കാരനായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ഉത്ബ ബിൻ റബീഅ ഖുറയ്ശികളുടെ നേതാക്കന്മാരിൽ പെട്ടയാളാണ്. ഹദ്‌റത്ത് അബു ഹുദയ്ഫ ഹദ്‌റത്ത് അബൂബക്കറിന്റെ ഖിലാഫത്ത് കാലത്ത് മുസയ്‌ലിമത്തുൽ കദ്ദാബുമായുള്ള യമാമ യുദ്ധത്തിൽ ശഹീദായി. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദറത്ത് മിർസാ ബശീർ അഹ്‌മദ് എം.എ.(റ)പേജ് 124)

ഹദ്‌റത്ത് അബൂഹുദയ്ഫ ഹബ്ശയിലേയ്ക്കുള്ള രണ്ട് ഹിജ്‌റത്തിലും പങ്കെടുത്തിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ ഹദ്‌റത്ത് സഹ്‌ല ബിൻത് സുഹയ്‌ലും അദ്ദേഹത്തോടൊപ്പം ഹിജ്‌റത്ത് ചെയ്യുകയുണ്ടായി.(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 62, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹബ്ശയിലേക്കുള്ള ഹിജ്‌റത്തിനെ സംബന്ധിച്ച് മുമ്പേയും എങ്ങനെയുണ്ടായി? എന്തിനുണ്ടായി? തുടങ്ങിയ കാര്യങ്ങൾ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. ഇവടേയും ചുരുങ്ങിയ നിലയിൽ വിവരിക്കുകയാണ്. വിവിധ ചരിത്രഗ്രന്ഥങ്ങളിൽ നിന്നും ഹദീഥുകളിൽനിന്നും ഹദ്‌റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ് ഹ്രസ്വമാക്കിവിവരിച്ചിട്ടുള്ളതിൽനിന്ന് കൂടുതൽ ഹ്രസ്വമാക്കി അല്ലെങ്കിൽ അതിൽനിന്ന് കുറച്ചു കാര്യങ്ങളെടുത്ത് വിവരിക്കുന്നതാണ്. അവിടന്ന് എഴുതുന്നു: മുസ്‌ലിംങ്ങൾക്കുമേലുണ്ടായ പീഢനം അതിന്റെ പാരമ്യതയിൽ എത്തുകയും ഖുറയ്ശികൾ അക്രമത്തിൽ അതിരുകടക്കുകയും ചെയ്തപ്പോൾ നബി(സ)തിരുമേനി മുസ്‌ലിംങ്ങളോട്പറഞ്ഞു, ഹബ്ശയിലേയ്ക്ക് ഹിജ്‌റത്ത് ചെയ്യുക. ഹബ്ശയിലെ രാജാവ് നീതിമാനും ന്യായപാലകനുമാണ്. അദ്ദേഹത്തിന്റെ ഭരണത്തിൻകീഴിൽ ആരുടെമേലും അക്രമം ഉണ്ടാകുകയില്ല. അക്കാലഘട്ടത്തിൽ ഹബ്ശ ഒരു ശക്തമായ ഭരണകൂടമായിരുന്നു. അവിടെത്തെ രാജാവ് നജ്ജാശി എന്നു പറയപ്പെട്ടിരുന്നു. ഹബ്ശയുമായി അറേബ്യയ്ക്ക് വാണിജ്യബന്ധങ്ങൾ ഉണ്ടായിരുന്നു. ഇവർ ഹിജ്‌റത്ത് ചെയ്തു പോയപ്പോൾ അക്കാലത്തെ നജ്ജാശി രാജാവ് –അദ്ദേഹത്തിന്റെ പേര് അള്ഹമ എന്നായിരുന്നു, നീതിമാനും ബുദ്ധിമാനും ശക്തനുമായിരുന്നു. എന്തായാലും മുസ്‌ലിംകളുടെമേലുള്ള പീഢനം ശക്തമായപ്പോൾ നബി(സ)തിരുമേനി അവരോടു പറഞ്ഞു: സാധിക്കുന്നവരെല്ലാം ഹബ്ശയിലേക്കു പോകുക.

അങ്ങനെ നബി(സ)തിരുമേനിയുടെ നിർദേശപ്രകാരം നബവി 5-ൽ റജബ് മാസത്തിൽ പതിനൊന്ന് പുരുഷന്മാരും നാലുസ്ത്രീകളും ഹബ്ശയിലേയ്ക്ക് ഹിജ്‌റത്ത് ചെയ്തു. അവരിൽ ഏറെ പ്രശസ്തരായവരുടെ പേരുകൾ ഇപ്രകാരമാണ്. ഹദ്‌റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ, അദ്ദേഹത്തിന്റെ ഭാര്യ റുഖ്‌യാ ബിൻത് റസൂലുല്ലാഹി(സ), അബ്ദുർറഹ്‌മാൻ ബിൻ ഔഫ്, സുബയ്ർ ഇബ്നുൽ അവാം, അബൂഹുദയ്ഫ ബിൻ ഉത്ബ– ഇദ്ദേഹത്തെ കുറിച്ചാണ് ഇപ്പോൾ വിവരിച്ചുകൊണ്ടിരിക്കുന്നത്– ഇദ്ദേഹവും ആ ആദ്യത്തെ സംഘത്തിലുണ്ടിയിരുന്നു. ഉഥ്മാൻ ബിൻ മള്ഊൻ, മുസ്അബ് ബിൻ ഉമയ്ർ, അബൂസലമ ബിൻ അബ്ദുൽഅസ്ദ്, അദ്ദേഹത്തിന്റെ ഭാര്യ ഉമ്മുസലമ.

ഹദ്‌റത്ത് മിയാ ബശീർ അഹ്‌മദ് സാഹിബ്(റ) എഴുതിയിരിക്കുന്നു: ഈ ആരംഭകാല മുഹാജിറുകളിൽ അധികവും ഖുറയ്ശിലെ ശക്തരായ ഗോത്രങ്ങളുമായി ബന്ധം വെക്കുന്നവരായിരുന്നു എന്നത് ഒരു അത്ഭുതകരമായ കാര്യമാണ്. ദുർബലരെ വളരെ കുറച്ചേ കണ്ടിരുന്നുള്ളൂ. ഇതിൽനിന്ന് രണ്ടുകാര്യം വ്യക്തമാകുന്നുണ്ട്. ഒന്നാമത്തേത് ശക്തരായ ഗോത്രങ്ങളുമായി ബന്ധം വെക്കുന്നവരും ഖുറയ്ശികളുടെ അക്രമങ്ങളിൽനിന്ന് സുരക്ഷിതരായിരുന്നില്ല. രണ്ടാമത്തേത് ദുർബലരായ ആളുകൾ ഉദാഹരണത്തിന് അടിമ തുടങ്ങിയവർ എത്രമാത്രം ദുർബലതയിലും നിരാലംബതയിലും ആയിരുന്നുവെന്നാൽ ഹിജ്‌റത്ത് ചെയ്യാനുള്ള ശക്തിയും അവരിലുണ്ടായിരുന്നില്ല.

അങ്ങനെ ഈ മുഹാജിറുകൾ ദക്ഷിണ ദിക്കിലേയ്ക്ക് യാത്ര ചെയ്ത് 'ശുഅയ്ബ' എന്ന അറേബ്യൻ തുറമുഖത്തിലെത്തി. അവിടെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർക്ക് ഹബ്ശയിലേയ്ക്ക് പുറപ്പെടാൻ പൂർണമായും സജ്ജമായി നില്ക്കുന്ന ഒരു കച്ചവട കപ്പൽ ലഭിച്ചു. അതിൽ കയറി ഹബ്ശയിലെത്തിയ ശേഷം മുസ്‌ലിംങ്ങൾക്ക് അങ്ങേയറ്റം സാമാധനപൂർണമായ ജീവിതം കരസ്ഥമായി. ഒടുവിൽ ഖുറയ്ശികളുടെ അക്രമത്തിൽനിന്ന് അവർക്ക് മോചനം ലഭിച്ചു. എന്നാൽ, ചില ചരിത്രകാരന്മാർ വിവരിക്കുന്നു, ഹബ്ശയിൽ എത്തി അധികനാൾ കഴിയുന്നതിന് മുമ്പേ ഖുറയ്ശികൾ എല്ലാവരും മുസ്‌ലിംങ്ങളായെന്നും മക്കയിൽ പൂർണ സമാധാനാന്തരീക്ഷമാണുള്ളതെന്നുമുള്ള ഒരു കിംവദന്തി അവിടെ പരന്നു. അതുകേട്ടതും മിക്ക മുഹാജിറുകളും ഒന്നും ചിന്തിക്കാതെ മക്കയിലേയ്ക്ക് തിരിച്ചു.

ഈ കിംവദന്തിയെ കുറിച്ച് ഹദ്‌റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ്(റ) കുറച്ചു വെളിച്ചം വീശിയിട്ടുണ്ട്. അതെങ്ങനെ പരന്നു? എന്തിനു പരന്നു? ഈ കിംവദന്തിയ്ക്കുള്ള കാരണം എന്തായിരുന്നു? തുടങ്ങിയവ വിവിധ ചരിത്രങ്ങളിൽനിന്ന് എടുത്ത് അദ്ദേഹം എഴുതുന്നു. യഥാർഥത്തിൽ ഈ കിംവദന്തി വ്യാജവും അടിസ്ഥാനരഹിതവും ആയിരുന്നു; അത് ഹബ്ശയിലേക്ക് ഹിജ്‌റ പോയവരെ തിരിച്ചുകൊണ്ടുവരുന്നതിനും അവരെ പ്രയാസത്തിൽ അകപ്പെടുത്തുന്നതിനും ഖുറയ്ശികൾ പരസ്യപ്പെടുത്തിയ ഒരു തന്ത്രമായിരുന്നിരിക്കാം. എന്നാൽ, കൂടുതൽ ചിന്തിച്ചുനോക്കുമ്പോൾ ഈ കിംവദന്തിയും മുഹാജിരീൻ തിരിച്ചുവന്ന കഥയും അടിസ്ഥാനരഹിതമായാണ് കാണുന്നത്. പക്ഷേ, (അദ്ദേഹം എഴുതിയിരിക്കുന്നു). ഇത് ശരിയാണെന്ന് മനസ്സിലാക്കുകയാണെങ്കിൽ അതിന്റെ പിന്നിൽ ചില ഹദീഥുകളിൽ വിവരിക്കപ്പെട്ട സംഭവമാണെന്നു കാണാം. ബുഖാരിയിലും ഈ സംഭവം വരുന്നുണ്ട്. ഒരിക്കൽ

നബി(സ)തിരുമേനി കഅ്ബയുടെ മുറ്റത്ത് സൂറഃ നജ്മിലെ വചനങ്ങൾ തിലാവത്ത് ചെയ്യുകയായിരുന്നു. ആ നേരത്ത് അവിടെ അവിശ്വാസികളുടെ ധാരാളം നേതാക്കന്മാരും ചില മുസ്‌ലിംകളുമുണ്ടായിരുന്നു. നബി(സ) തിരുമേനി സൂറഃനജ്മ് ഓതിയതിനുശേഷം സജ്ദ ചെയ്തു. നബി(സ) തിരുമേനിയുടെ ഒപ്പമുണ്ടായിരുന്ന എല്ലാ മുസ്‌ലിംകളും അവിശ്വാസികളും സുജൂദിൽ വീണു. അവിശ്വാസികൾ സജ്ദ ചെയ്തതിന്റെ കാരണം ഹദീഥിൽ വിവരിക്കപ്പെട്ടിട്ടില്ല. പക്ഷേ, മനസ്സിലാകുന്നത് നബി(സ)തിരുമേനി ആകർഷണീയമായ സ്വരത്തിൽ ദൈവവചനം ഓതുകയും, ആ ആയത്തും എങ്ങനെയുള്ളതായിരുന്നുവെന്നാൽ അവയിൽ പ്രത്യേകതയോടുകൂടി അല്ലാഹുവിന്റെ ഏകത്വത്തിന്റേയും അവന്റെ ശക്തിപ്രഭാവത്തിന്റേയും അധികാരത്തിന്റേയും വളരെ സാഹിത്യസമ്പുഷ്ടമായനിലയിൽ ചിത്രം കോറിയിട്ടിരിക്കുന്നു. അവന്റെ ഔദാര്യങ്ങൾ ഓർമിക്കപ്പെട്ടിരുന്നു. പിന്നീട് അങ്ങേയറ്റം ആദരയുക്തമായ ഭയം നിറഞ്ഞതും പ്രതാപപരവുമായ വചനം ഖുറയ്ശികളെ പേടിപ്പിച്ചിരുന്നു; അവർ തങ്ങളുടെ ദ്രോഹപ്രവർത്തനങ്ങളിൽനിന്ന് പിന്മാറുന്നില്ലെങ്കിൽ അവർക്കു മുമ്പേയുള്ള ജനതയ്ക്കുണ്ടായ അതേ അനുഭവം തന്നെയായിരിക്കും ഇവർക്കുമുണ്ടാകുക; അവർ അല്ലാഹുവിന്റെ പ്രവാചകന്മാരെ നിഷേധിച്ചു. പിന്നീട് അവസാനം 'വരൂ! അല്ലാഹുവിന്റെ മുമ്പിൽ സജ്ദയിൽ വീഴുക' എന്ന് ആ ആയത്തിൽത്തന്നെ കല്പിക്കപ്പെട്ടിരിക്കുന്നു. ഈ വചനങ്ങളുടെ പാരായണത്തിനുശേഷം നബി(സ) തിരുമേനിയും എല്ലാ മുസ്‌ലിംകളും ഒരൊറ്റ നിമിഷംകൊണ്ട് സുജൂദിൽവീണു. ആ വാക്യത്തിന്റെയും ആ ദൃശ്യത്തിന്റേയും മാസ്മരികമായ സ്വാധീനം ഖുറയ്ശികളുടെമേലുണ്ടായി. അവരിലും നല്ലതും അത്ഭുതകരവും ശക്തവുമായ സ്വാധീനം ഉണ്ടായതുകൊണ്ട് അടുത്തനിമിഷം തന്നെ അനിയന്ത്രിതമായി അവരും മുസ്‌ലിംകളോടൊപ്പം സുജൂദിൽ വീണു.'

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: 'ഇതൊരു അത്ഭുതകരമായ കാര്യമൊന്നുമല്ല. കാരണം അത്തരം അവസങ്ങളിൽ, അത്തരം അവസ്ഥകൾക്കനുസരിച്ച്, മനുഷ്യന്റെ മനസ്സ് പരിഭ്രമിച്ചുപോകാറുണ്ട്. അവൻ അനിയന്ത്രിതനായി അത്തരം കാര്യം ചെയ്തുപോകുന്നു. അത് വാസ്തവത്തിൽ അവന്റെ തത്ത്വത്തിനും മതത്തിനും വിരുദ്ധമായിരിക്കും. ഞാൻ കണ്ടിട്ടുണ്ട്; ചില ഘട്ടങ്ങളിൽ കഠിനവും അപ്രതീക്ഷിതവുമായ ദുരന്തമുണ്ടാകുന്ന നേരത്ത്, ഒരു നിരീശ്വരവാദിപോലും അല്ലാഹു, അല്ലാഹു എന്നോ റാം റാം എന്നോ വിളിച്ചുപോകും. ഖുറയ്ശികൾ നിരീശ്വരവാദികളായിരുന്നില്ല. മറിച്ച് അവർ ദൈവാസ്തികൃത്തിൽ വിശ്വസിക്കുന്നവരായിരുന്നു; അതിനോടൊപ്പം ബിംബങ്ങളേയും കൂട്ടിചേർത്തിരുന്നുവെങ്കിലും! ഇപ്പോഴും നമുക്കിതു കാണാൻ കഴിയും. പല നിരീശ്വരവാദികളുമായി സംസാരിക്കാറുണ്ട്. അവരോടു നിങ്ങൾക്കെന്തെങ്കിലും പ്രശ്നമുണ്ടായാൽ, ക്ഷണത്തിൽ നിങ്ങളുടെ മനസ്സിൽ അല്ലെങ്കിൽ വായിൽ ദൈവത്തിന്റെ നാമം വരുന്നതെന്താണെന്നു ചോദിച്ചാൽ അങ്ങനെ വരുമെന്ന് അവർ സമ്മതിക്കുന്നു. എന്തായാലും ഇത് ആ സൂറത്തിന്റെ പാരായണത്തിന്റേയും അതിലെ വാക്കുകളുടേയും മുസ്‌ലിംകളുടെ കർമങ്ങളുടേയും ഒരു സ്വാധീനമായിരുന്നു; അതുകൊണ്ട് അവിശ്വാസികളുടെ നേതാക്കന്മാരും മുസ്‌ലിംകളോടൊപ്പം സജ്ദയിൽ വീണുപോയി.'

എന്തായാലും മുസ്‌ലിംകളുടെ ജമാഅത്ത് ക്ഷണത്തിൽ സജ്ദയിൽ വീണു. അതിന്റെ മാസ്മരിക സ്വാധീനശക്തികൊണ്ട് ഖുറയ്ശികളും അനിയന്ത്രിതമായി സജ്ദയിൽ വീണു. പക്ഷേ, അത്തരം സ്വാധീനം പൊതുവെ താൽക്കാലികമായിരിക്കും. മനുഷ്യൻ അതുകഴിഞ്ഞാൽ ഉടനെ പഴയ അവസ്ഥയിലേക്ക് തിരിച്ചുപോകുന്നു. അവിശ്വാസികളും അതുപോലെ മടങ്ങിപ്പോയി. അവരുടെ അവസ്ഥയും അങ്ങനെയായി. ഇത് ശരിയായ ഹദീഥിൽ വന്നിട്ടുള്ള ഒരു സംഭവമാണ്. ബുഖാരിയിലും രേഖപ്പെടുത്തിയിട്ടുണ്ട്. ഹബ്ശയിലേക്ക് പോയ മുഹാജിറുകളുടെ തിരിച്ചുവരവ് ശരിയാണെങ്കിൽ, സത്യമാണെങ്കിൽ, ആ സംഭവത്തിനുശേഷം ഖുറയ്ശികൾ മുഹാജിരീംകളെ തിരിച്ചുകൊണ്ടുവരുന്നതിന് വേവലാതിപ്പെട്ടിരുന്നുവെന്ന് മനസ്സിലാകുന്നു. എന്തിനാണ് ഇവർ ഹിജ്റത്ത് ചെയ്തത്! തങ്ങളുടെ കൈയിൽനിന്ന് പുറത്തുപോയത്! ഈ പ്രവൃത്തിയെ മറയാക്കിക്കൊണ്ട് സ്വയം മക്കയിലെ ഖുറയ്ശികൾ മുസ്‌ലിമായെന്ന് കിംവദന്തി പരത്തിവിട്ടു; മക്കയിൽ ഇപ്പോൾ മുസ്‌ലിംകൾക്ക് തികച്ചും സമാധാനമാണെന്ന് പറഞ്ഞു. ഈ കിംവദന്തി ഹബ്ശയിലെ മുഹാജിറുകൾക്കെത്തിച്ചപ്പോൾ, അതുകേട്ട് അവർ സന്തോഷിച്ചു. കേട്ടുടനെ ഒന്നും ചിന്തിക്കാതെയും ആലോചിക്കാതെയും അവിടെനിന്ന് തിരിച്ചു.

എന്നാൽ, അവർ മക്കയുടെ അടുത്തെത്തിയപ്പോൾ അവർക്ക് യാഥാർഥ്യം മനസ്സിലായി. എന്താണ് വസ്തുതയെന്ന് തിരിച്ചറിഞ്ഞു. അവരിൽ ചിലർ രഹസ്യമായും മറ്റുചിലർ ഖുറയ്ശി നേതാക്കളിൽ പ്രബലരുടെയും സ്വാധീനമുള്ളവരുടെയും സംരക്ഷണത്തിലും മക്കയിൽ വന്നു. ചിലർ തിരിച്ചുപോയി. ഖുറയ്ശികൾ മുസ്‌ലിമായി എന്ന കിംവദന്തിയിൽ എന്തെങ്കിലും യാഥാർഥ്യമുണ്ടെങ്കിൽ അതെത്രമാത്രം ആയിരുന്നുവെന്നാൽ സൂറത്തു നജ്മ ഓതിയപ്പോൾ സജ്ദ ചെയ്തുവെന്ന പറയപ്പെടുന്ന സംഭത്തിൽ വിവരിക്കപ്പെട്ടിട്ടുള്ള അത്രമാത്രമാണ്. എന്തായാലും അല്ലാഹുവാണ് നന്നായി അറിയുന്നവൻ.

ഹബ്ശയിൽ നിന്ന് തിരിച്ച് വന്ന മുഹാജിറുകളിൽ അധികപേരും വീണ്ടും ഹബ്ശയിലേയ്ക്ക് തന്നെ മടങ്ങുകയാണുണ്ടായത്. ദിവസം കഴിയുന്തോറും ഖുറയ്ശികൾ അവരുടെ പീഢനമുറകൾക്ക് ആക്കം കൂട്ടിക്കൊണ്ടിരുന്നു. അവരുടെ അക്രമം അനുദിനം വർധിച്ച് കൊണ്ടുപോയി. ആയതിനാൽ നബി(സ)തിരുമേനിയുടെ കല്പനപ്രകാരം മറ്റ് മുസ്‌ലിംങ്ങളും രഹസ്യമായി ഹിജ്റത്തിന് വേണ്ടിയുള്ള തയ്യാറെടുപ്പ് നടത്തി. അവസരം നോക്കി മെല്ലെ മെല്ലെ അവർ മക്കവിട്ടു കൊണ്ടിരുന്നു. ഈ ഹിജ്റത്തിന്റെ പരമ്പര തുടരുകയും ഹബ്ശയിലെ മുഹാജിറുകളുടെ എണ്ണം അവസാനം നൂറ്റിയൊന്നുവരെ എത്തുകയും ചെയ്തു. അവരിൽ പതിനെട്ട് സ്ത്രീകളായിരുന്നു. മക്കയിൽ നബി(സ)തിരുമേനിയുടെ അടുത്ത് വളരെ കുറച്ച് മുസ്‌ലിംങ്ങൾ മാത്രം ബാക്കിയായി. ഈ ഹിജ്റത്തിനെ ചില ചരിത്രകാരന്മാർ രണ്ടാം ഹബ്ശ ഹിജറത്ത് എന്നും വിളിച്ചിട്ടുണ്ട്. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ.(റ)പേജ് 146–149).

ഇത് ആദ്യത്തെ ഹിജ്റത്തായിരുന്നു. പിന്നീടാണ് മറ്റുള്ളവർ പോയത്. പീന്നീട് മദീനയിലേയ്ക്ക് ഹിജ്റത്ത് ചെയ്യുവാൻ അനുവാദം ലഭിച്ചപ്പോൾ അബൂഹുദയ്ഫ അദ്ദേഹം മോചിപ്പിച്ച അടിമ ഹദ്റത്ത് സാലിമിനോടൊപ്പം മദീനയിലേയ്ക്ക് ഹിജ്റത്ത് ചെയ്തു. ആദ്യ ഹിജ്റത്ത് അവർ ഹബ്ശയിലേക്കാണ് ചെയ്തത്. അക്കാലത്ത് അവർ തിരിച്ചും വന്നിരുന്നു. മദീനയിൽ അവർ രണ്ടുപേരും ഹദ്റത്ത് അബ്ബാദ് ബിൻ ബിശറിന്റെ അടുക്കൽ താമസമാക്കി. നബി(സ) തിരുമേനി ഹദ്റത്ത് അബൂ ഹുദയ്ഫയുടെയും ഹദ്റത്ത് അബ്ബാദ് ബിൻ ബിശറിന്റെയും ഇടയിൽ സാഹോദര്യബന്ധം സ്ഥാപിച്ചു. പരസ്പരം സഹോദരന്മാരാക്കി.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 62, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദ്റത്ത് അബൂ ഹുദയ്ഫ(റ) ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശിന്റെ സൈനികനീക്കത്തിലും പങ്കെടുത്തിരുന്നു. (സീറത്ത് ഇബ്നു ഹിശാം, പേജ് 286, ബാബ് സരിയ്യത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശ്, പ്രസാധകർ ദാറു ഇബ്നുഹസം ബേറൂത്ത് 2009)

അബ്ദുല്ലാഹ് ബിൻ ജഹ്ശിന്റെ സൈന്യത്തിന്റെ രൂപീകരണ പശ്ചാത്തലം സീറത്തു ഖാത്തമുന്നബിയ്യീനിൽ പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ്, മക്കയിലെ ഒരു നേതാവ് കുസസ് ബിൻ ജാബിർ ഫുഹ്രി ഖുറയ്ശികളുടെ ഒരു സംഘവുമായി വളരെ സാമർഥ്യത്തോടെ മദീനയിലേക്ക് പുറപ്പെട്ടു. തന്ത്രപൂർവം പട്ടണത്തിൽ നിന്ന് മൂന്ന് മൈൽ അകലെയുള്ള മദീനയുടെ ഒരു മേച്ചിൽ സ്ഥലത്ത് കടന്നാക്രമണം നടത്തി. മുസ്‌ലിംങ്ങളുടെ ഒട്ടകങ്ങളെയും മറ്റും കൊള്ളയടിച്ചു. ഈ വിവരം ലഭിച്ചതും നബി(സ)തിരുമേനി ദ്രുതഗതിയിൽ സയ്ദ് ബിൻ ഹാരിഥിനെ അദ്ദേഹത്തിന് പകരം അമീറായി നിയോഗിച്ചുകൊണ്ട് മുഹാജിറുകളുടെ ഒരു സംഘത്തോടൊപ്പം അക്രമികളെ പിടികൂടാനായി പുറപ്പെട്ടു. ബദ്റിന് സമീപത്തുള്ള സ്വഫ്വാൻ വരെ അവരെ പിന്തുടർന്നെങ്കിലും അവർ രക്ഷപ്പെട്ട് കളഞ്ഞു. ഈ സൈനീകനീക്കത്തെ ഒന്നാം ബദ്ർ പോരാട്ടമെന്നും വിളിക്കുന്നു. കുസസ് ബിൻ ജാബിറിന്റെ ഈ ആക്രമണം, ഒരു സാധാരണ കാട്ടറബിയുടെ കൊള്ളയായിരുന്നില്ല. മറിച്ച് അത് മുസ്‌ലീംങ്ങൾക്കെതിരെയുള്ള ഖുറയ്ശികളുടെ ഒരു ദുരുദ്ദേശ്യപരമായ നീക്കമായിരുന്നു. ഒരുപക്ഷേ അവർ നബി(സ)തിരുമേനിയെ അപായപ്പെടുത്താനായി വന്നതായിരിക്കും. എന്നാൽ, മുസ്‌ലിംങ്ങൾ ജാഗരൂകരാണെന്ന് മനസ്സിലാക്കിയപ്പോൾ, അവർ കൈയിൽ കിട്ടിയ ഒട്ടകങ്ങളെയുംകൊണ്ട് കടന്ന് കളഞ്ഞതാകും. ഇതിൽനിന്ന് മദീനയുടെമേൽ തുടരെത്തുടരെ ഒളിപ്പോര് നടത്തി മുസ്‌ലിംങ്ങളെ നശിപ്പിച്ചു കളയുക എന്നതാണ് മക്കയിലെ ഖുറയ്ശികളുടെ ഉദ്ദേശ്യമെന്ന് മനസ്സിലാകുന്നു.

കുസസ് ബിൻ ജാബിറിന്റെ ഈ പെട്ടെന്നുണ്ടായ ആക്രമണം സ്വാഭാവികമായും മുസ്‌ലിംങ്ങളിൽ വളരെയധികം ഭീതി പടർത്തി. കാരണം മുമ്പേതന്നെ മദീനയെ ആക്രമിക്കുകയും മുസ്‌ലിംകളെ നശിപ്പിക്കുകയും ചെയ്യുമെന്ന് ഖുറയ്ശി നേതാക്കൾ ഭീഷണി ഉയർത്തിയിരുന്നു. അതുകൊണ്ടുതന്നെ മുസ്‌ലിംങ്ങൾ അതീവ ഉൽകണ്ഠയിലായിരുന്നു. ഈ ആപൽക്കരമായ അവസ്ഥ കാരണം നബി(സ)തിരുമേനി ഖുറൈശികളുടെ അനക്കമടക്കങ്ങൾ അടുത്തുനിന്ന് മനസ്സിലാക്കാൻ തീരുമാനിച്ചു. അതിനായി നബി(സ)തിരുമേനി എട്ട് മുഹാജിർ അടങ്ങുന്ന ഒരു സംഘത്തെ തയ്യാറാക്കി. ഖുറയ്ശികളുടെ രഹസ്യ നീക്കങ്ങൾ അറിയാനുള്ള എളുപ്പത്തിനുവേണ്ടി ഖുറയ്ശികളുടെ വിവിധ ഗോത്രങ്ങളുമായി ബന്ധമുള്ളവരെയാണ് ഈ സംഘത്തിൽ നിയമിച്ചിരുന്നത്. അദ്ദേഹം പിതൃസഹോദരിപുത്രൻ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശിനെ ഈ സൈന്യത്തിന്റെ അമീറായി നിശ്ചയിച്ചു. അതിൽ ഹുദയ്ഫ ബിൻ ഉത്ബയും ഉണ്ടായിരുന്നു. ആ പാർട്ടിയുടെ ഉദ്ദേശ്യവും ലക്ഷ്യവും സാധാരണ മുസ്‌ലിംകളിൽനിന്നും മറഞ്ഞിരിക്കണമെന്ന വിചാരത്തോടെ, ആരും അറിയാതിരിക്കാൻ വേണ്ടി അവിടന്ന് ഈ സൈന്യത്തെ യാത്രയാക്കിക്കൊണ്ട് ആ സൈനിക നടപടിയുടെ അമീറിനോടും ഇതു പറഞ്ഞില്ല; എവിടെ എന്തിനുവേണ്ടി അയക്കുന്നുവെന്ന്. മറിച്ച് പോകുമ്പോൾ അവരുടെ കൈയിൽ ഒട്ടിച്ച ഒരു കവർ നല്കി. മുദ്രവച്ച് ഒരു കത്തു നല്കി, എന്നിട്ട് ഈ കത്തിൽ നിങ്ങൾക്കുള്ള നിർദ്ദേശങ്ങളുണ്ടെന്നും രണ്ടു ദിവസത്തെ യാത്രയ്ക്കുശേഷം ആ കത്തു പൊട്ടിച്ചുനോക്കി അതിലെ നിർദേശമനുസരിച്ച് നടപടി കൈക്കൊള്ളണമെന്നും പറഞ്ഞു. അങ്ങനെ

അബ്ദുല്ലായും അദ്ദേഹത്തിന്റെ സ്നേഹിതരും തങ്ങളുടെ യജമാനന്റെ കല്പനപ്രകാരം പുറപ്പെട്ടു. രണ്ടുദിവസത്തെ യാത്ര കഴിഞ്ഞപ്പോൾ അബ്ദുല്ലാഹ് നബി(സ) തിരുമേനി പറഞ്ഞതനുസരിച്ച് കത്തു പൊട്ടിച്ചുനോക്കി. അതിൽ ഇങ്ങനെ എഴുതിയിരുന്നു. മക്കയുടേയും ത്വാഇഫിന്റേയും ഇടയിൽ നഖ്‌ല താഴ്‌വരയിൽ പോകുക. അവിടെ പോയി ഖുറയ്ശികളുടെ അവസ്ഥകൾ മനസ്സിലാക്കുക. അതു ഞങ്ങളെ അറിയിക്കുക. മക്കയുടെ ഇത്ര അടുത്തുചെന്ന് വിവരങ്ങൾ ചോർത്തുക എന്ന ജോലി വലിയ പ്രയാസമുള്ളതായിരുന്നു. അവിടന്ന് കത്തിന്റെ താഴെ ഇങ്ങനേയും നിർദ്ദേശിച്ചിരുന്നു. ഈ ദൗത്യം അറിഞ്ഞതിനുശേഷം താങ്കളുടെ ഏതെങ്കിലും കൂട്ടുകാരന് ഈ പാർട്ടിയിൽ ഇരിക്കുന്നതിന് പ്രയാസമുണ്ടെങ്കിൽ, എന്തെങ്കിലും വിഷമമുണ്ടെങ്കിൽ തടസ്സമുണ്ടെങ്കിൽ തിരിച്ചുവരാൻ ആഗ്രഹിച്ചാൽ അതിന് അനുവാദമുണ്ടായിരിക്കും. നബി(സ)യുടെ നിർദ്ദേശം അബ്ദുല്ലാഹ് തന്റെ കൂട്ടുകാരെ കേൾപ്പിച്ചു. അവരെല്ലാവരും ഒറ്റശബ്ദത്തോടെ, സന്തോഷത്തോടുകൂടി ആ സേവനത്തിന് തങ്ങളെ സമർപ്പിച്ചു; തങ്ങൾ ഹാജരാണെന്ന് പറഞ്ഞു.

ഇതിനുശേഷം ഈ സംഘം നഖ്‌ലയിലേക്കു പോയി. വഴിമധ്യേ സഅ്ദ് ബിൻ അബിവഖാസിന്റേയും ഉത്ബ ബിൻ ഗസ്‌വാന്റേയും ഒട്ടകങ്ങളെ കാണാതായി. ഒട്ടകങ്ങളെ തിരഞ്ഞ് പോയ അവർക്ക് കൂട്ടംതെറ്റി. ബാക്കിയുള്ളവർ ഒരുപാട് നേരം അന്വേഷിച്ചെങ്കിലും അവരെ കണ്ടുകിട്ടിയില്ല. അങ്ങനെ സംഘത്തിൽ വെറും ആറുപേർ അവശേഷിച്ചു. മുസ്‌ലിംങ്ങളുടെ ഈ ചെറുസംഘം നഖ്‌ല താഴ്‌വരയിൽ എത്തി. അവർ തങ്ങളുടെ ജോലിയിൽ വ്യാപൃതരായി. മക്ക അവിശ്വാസികളുടെ തീരുമാനം എന്താണ്? മദീനയിൽ ആക്രമണം നടത്താൻ അവർ ആഗ്രഹിക്കുന്നുണ്ടോ?ഇപ്പോൾ എന്തു പദ്ധതിയാണ് അവർ ആസൂത്രണം ചെയ്യുന്നത്? അവരിൽ ചിലർ രഹസ്യം വെളിപ്പെടാതിരിക്കാനായി തങ്ങളുടെ തല മുണ്ഢനം ചെയ്തു. വഴിയാത്രക്കാരോ മറ്റോ അതുവഴി പോകുമ്പോൾ അവരെ കണ്ടാൽ ഉംറ ചെയ്യാൻ പോകുന്നവരാണെന്ന് ധരിക്കാൻ വേണ്ടിയാണ് അപ്രകാരംചെയ്തത്.

പറയുന്നു: എന്നാൽ, അവിടെ എത്തി താമസിയാതെ താഇഫിൽ നിന്ന് മക്കയിലേക്ക് പോകുന്ന ഖുറയ്ശികളുടെ ഒരു ചെറുസംഘം അവരെ കണ്ടു. ഇവർ മുസ്‌ലിംകളാണെന്ന് വന്നവർക്ക് മനസ്സിലായി. അവർ മുസ്‌ലിംങ്ങളോട് യുദ്ധം ചെയ്യാൻ തീരുമാനിച്ചുറച്ചു. ഇനിയെന്തു ചെയ്യണമെന്ന് അവർ പരസ്പരം കൂടിയാലോചിച്ചു. കാരണം നബി(സ)തിരുമേനി അവരെ രഹസ്യമായി കാര്യങ്ങൾ മനസിലാക്കാനാണ് അയച്ചത്. മറുവശത്ത് ഖുറയ്ശികളുമായി യുദ്ധം തുടങ്ങുകയും ചെയ്തു കഴിഞ്ഞിരിക്കുന്നു. ഇരുകൂട്ടരും അഭിമുഖമായി നില്ക്കുകയാണ്. ഖുറയ്ശികളുടെ സംഘം മുസ്‌ലിംങ്ങളെ കണ്ടതിനാൽ രഹസ്യവിവരങ്ങൾ അറിയാൻ വന്ന കാര്യം ഇവർ മുഖേന പരസ്യമാകുമെന്ന വലിയ അപകടവും ഉണ്ടായിരുന്നു. ഒരുനേരം ഇങ്ങനെയും വന്നുപെട്ടു. ചില മുസ്‌ലിംകൾക്ക്, ഈ ദിവസം റജബാണ്. അതായത് യുദ്ധം നിഷിദ്ധമാക്കിയിട്ടുള്ള മാസത്തിന്റെ അവസാനമാണ്. ഇതിൽ അറേബ്യയുടെ പൗരാണിക സമ്പ്രദായമനുസരിച്ച് യുദ്ധം ഉണ്ടാകാൻ പാടില്ല. ചിലർ മനസ്സിലാക്കിയത് റജബ് കഴിഞ്ഞിരിക്കുന്നുവെന്നാണ്. ശഅ്ബാൻ ആരംഭിച്ചിരിക്കുന്നുവെന്നും. ചില നിവേദനങ്ങളിൽ ഇങ്ങനെയുമുണ്ട്. ഈ സൈന്യത്തെ ജമാദുൽ അവ്വലിന്റെ അവസാനമാണ് അയക്കപ്പെട്ടത്. ഈ ദിവസം ജമാദിന്റേതാണോ റജബിന്റേതാണോ എന്നതായിരുന്നു സംശയം. മറുഭാഗത്ത് നഖ്‌ല താഴ്‌വരയും കൃത്യം ഹറമിന്റെ പ്രദേശത്തിന്റെ അതിർത്തിയിലായിരുന്നു. ഇന്നുതന്നെ ഒരു തീരുമാനമുണ്ടായില്ലെങ്കിൽ നാളെ ഈ സംഘം ഹറമിന്റെ പ്രദേശത്ത് കടക്കുന്നതായിരിക്കും. അപ്പോൾ പവിത്രത കാത്തുസൂക്ഷിക്കണം.

ഈ എല്ലാ കാര്യങ്ങളും ആലോചിച്ച് ആ 6 മുസ്‌ലിംകൾ ആ കച്ചവട സംഘത്തിനുമേൽ ആക്രമണം നടത്താമെന്നും അല്ലെങ്കിൽ സംഘക്കാരെ തടവിലാക്കുകയോ കൊല്ലുകയോ ചെയ്യാമെന്നും തീരുമാനിച്ചു. അങ്ങനെ അവർ അല്ലാഹുവിന്റെ പേരെടുത്തു ആക്രമണം നടത്തി. അതിന്റെ ഫലമായി ശത്രുക്കളിൽ നിന്ന് അംറ് ബിൻ അൽഹള്‌റമി എന്ന് പേരുള്ള ഒരു വ്യക്തി വധിക്കപ്പെട്ടു. രണ്ടുപേരെ ബന്ധനസ്ഥരാക്കി. എന്നാൽ, നാലാമത്തെയാൾ ഓടി രക്ഷപ്പെട്ടു. മുസ്‌ലിംങ്ങൾക്ക് അയാളെ പിടികൂടാൻ സാധിച്ചില്ല. അപ്രകാരം മുസ്‌ലിംങ്ങളുടെ ആ പദ്ധതി പരിപൂർണമായും വിജയത്തിലെത്തിയില്ല. അതിനുശേഷം മുസ്‌ലിംങ്ങൾ ആ സംഘത്തിന്റെ ചരക്കുകൾ കൈക്കലാക്കി. ഒരു ഖുറയ്ശി ഓടി രക്ഷപ്പെട്ടതിനാൽ ഈ യുദ്ധത്തെ കുറിച്ചുള്ള വിവരം വേഗത്തിൽ മക്കയിലെത്തുമെന്ന് മനസ്സിലാക്കിയ അബ്ദുല്ലാഹ് ബിൻ ജഹ്ശും കൂട്ടാളികളും യുദ്ധമുതലുമായി പെട്ടെന്ന് തന്നെ മദീനയിലേയ്ക്ക് തിരിച്ചു.

ഓറിയന്റലിസ്റ്റുകളും ഇത് മനഃപപൂർവം അയച്ചതാണെന്ന് പറഞ്ഞ് ആക്ഷേപം ഉന്നയിക്കുന്നുണ്ട്. ഈ ധാരണ ശരിയല്ല. സ്വഹാബാക്കൾ യാത്രാസംഘത്തെ ആക്രമിച്ച വിവരം നബി(സ) തിരുമേനിക്ക് ലഭിച്ചപ്പോൾ അദ്ദേഹം വളരെയധികം വെറുപ്പ് പ്രകടിപ്പിച്ചു. നിവേദനത്തിൽ വന്നിരിക്കുന്നു. ഈ സംഘം നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരാകുകയും എല്ലാ കാര്യങ്ങളും പറയുകയും ചെയ്തപ്പോൾ അവിടന്ന് ദേഷ്യപ്പെട്ടു. അവിടന്ന് പറഞ്ഞു: 'ഞാൻ നിങ്ങൾക്ക് ഹറം മാസത്തിൽ യുദ്ധം ചെയ്യാൻ അനുവാദം നല്കിയിരുന്നില്ല.' പിന്നീട് അവിടന്ന് യുദ്ധമുതൽ സ്വീകരിക്കുന്നതും വിസമ്മതിച്ചു. അതിൽ അബ്ദുല്ലായും അദ്ദേഹത്തിന്റെ കൂട്ടാളികളും വളരെയധികം ലജ്ജിതരായി. അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും നീരസം കാരണം തങ്ങൾ നശിച്ച് പോയതുതന്നെ എന്ന് അവർ കരുതി. അവരിൽ വലിയ ഭയമുണ്ടായി. സ്വഹാബാക്കളും അതിനെ ശക്തമായി അപലപിച്ചു. നിങ്ങളോടു കല്പിച്ചിട്ടില്ലാത്ത കാര്യമാണ് നിങ്ങൾ ചെയ്തതെന്ന് മദീനയിലെ സ്വഹാബാക്കളും പറഞ്ഞു. നിങ്ങൾ വിരോധിക്കപ്പെട്ട മാസത്തിൽ യുദ്ധം ചെയ്തിരിക്കുന്നു. നിങ്ങൾക്കാണെങ്കിൽ ഈ മാസങ്ങളിൽ യുദ്ധം ചെയ്യാൻ ഒരിക്കലും അനുവാദമില്ല.

മറുഭാഗത്ത് മുസ്‌ലിംങ്ങൾ ആദരണീയമാസത്തിന്റെ പവിത്രത നശിപ്പിച്ചിരിക്കുന്നുവെന്ന് പറഞ്ഞ് ഖുറയ്ശികളും ബഹളംവെക്കാൻ തുടങ്ങി. കാരണം വധിക്കപ്പെട്ട വ്യക്തി അതായത് അംറ് ബിൻ അൽഹള്‌റമി ഒരു നേതാവായിരുന്നു. പിന്നെ അവർ മക്കയിലെ നേതാവായ ഉത്ബബിൻ റബീആയുടെ സഖ്യകക്ഷിയുമായിരുന്നു. അതുകൊണ്ടും ആ നേരത്ത് ഈ സംഭവം ഖുറയ്ശികളുടെ കോപാഗ്നിയെ വളരെ ജ്വലിപ്പിച്ചു. അവർ പൂർണ ശക്തിയോടുകൂടി മദീനയെ ആക്രമിക്കാനുള്ള നടപടി തുടങ്ങി. എന്തായാലും ഈ സംഭവം മുസ്‌ലീംകളിലും അവിശ്വാസികളിലും വളരെയധികം അസ്വസ്ഥത പരത്തി. നിഷിദ്ധ മാസങ്ങളിൽ അവർ യുദ്ധം ചെയ്തു എന്നു പറഞ്ഞുള്ള പ്രചാരണം നാലുഭാഗത്തും നടന്നു. ഹദ്‌റത്ത് മിർസാ ബശീർ അഹ് മദ് സാഹിബ് സീറത്തു ഖാത്തുന്നബിയ്യീനിൽ എഴുതുന്നു: അവസാനം താഴെ കാണുന്ന വിശുദ്ധ ഖുർആൻ വചനമിറങ്ങി മുസ്‌ലീംകൾക്ക് ആശ്വാസം പകർന്നു:

*യസ്അലൂനക്ക അനിശ്ശഹ്‌രിൽ ഹറാമി ഖിത്താലിൻ ഫീഹി. ഖുൽ ഖിത്താലിൻ ഫീഹി കബീർ. വ സദ്ദുൻ അൻ സബീലില്ലാഹി വ കുഫ്‌റുൻ ബിഹി വൽമസ്ജദിൽഹറാമി വ ഇഖ്‌റാജു അഹ്‌ലിഹീ മിൻഹു അക്ബറു ഇൻദല്ലാഹി വൽഫിത്നത്തു അക്ബറു മിനൽ ഖത്‌ലി. വലാ യസാലൂന യുഖാത്തിലൂനക്കും ഹത്താ യറുദ്ദൂക്കും അൻ ദീനിക്കും ഇനിസ്തത്വാഊ.*

ആദരണീയമാസത്തെ – അതിൽ യുദ്ധം ചെയ്യുന്നതിനെ – സംബന്ധിച്ച് അവർ നിന്നോടു ചോദിക്കുന്നു. പറയുക, അതിൽ യുദ്ധം ചെയ്യുന്നത് വലിയ അപരാധമാണ്. എന്നാൽ, അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് ജനങ്ങളെ തടയുന്നതും അവനെ നിഷേധിക്കുന്നതും മസ്ജിദുൽ ഹറാമിൽനിന്ന് ജനങ്ങളെ വിലക്കുന്നതും അവിടെത്തെ നിവാസികളെ അതിൽനിന്നും ബഹിഷ്കരിക്കുന്നതും അല്ലാഹുവിന്റെ പക്കൽ (അതിനേക്കാൾ) വലിയ അപരാധമാകുന്നു. ഫിത്ന കൊലയേക്കാൾ വലിയ കുറ്റമത്രെ. അവർക്ക് സാധിക്കുമെങ്കിൽ നിങ്ങളുടെ മതത്തിൽനിന്ന് നിങ്ങളെ പിന്തിരിപ്പിക്കുവോളം അവർ നിങ്ങളോടു യുദ്ധം ചെയ്തുകൊണ്ടേയിരിക്കും. നിങ്ങളിൽപെട്ട ആരെങ്കിലും തന്റെ മതത്തിൽനിന്നു പിന്തിരിഞ്ഞുപോവുകയും അങ്ങനെ അയാൾ അവിശ്വാസിയായുംകൊണ്ട് മരിക്കുകയും ചെയ്യുന്നതായാൽ, അത്തരക്കാരുടെ കർമങ്ങൾ ഇഹത്തിലും പരത്തിലും നിഷ്ഫലമായിപ്പോകുന്നതാണ്. അവർ നരകാവകാശികളാകുന്നു; അവരതിൽ ദീർഘകാലം വസിക്കുന്നവരാകുന്നു.

ചരിത്രത്തിൽ നിന്ന് സ്ഥാപിതമാകുന്നത്, ഇസ്‌ലാമിനെതിരിൽ ഖുറയ്ശി നേതാക്കൾ യുദ്ധ നടപടികൾ ആദരണീയമാസങ്ങളിലും തുടർന്ന് കൊണ്ടിരുന്നുവെന്നാണ്. യുദ്ധം നിഷിദ്ധമാക്കപ്പെട്ട മാസങ്ങളിൽ അവർ പോരാട്ടം തുടർന്നു കൊണ്ടിരുന്നു. എന്നല്ല ആദരണീയമാസത്തിലെ സമ്മേളനങ്ങളിൽനിന്നും യാത്രകളിൽനിന്നും ഫലമെടുത്തുകൊണ്ട് അവർ ഈ മാസങ്ങളിൽ തങ്ങളുടെ അക്രമപരമായ കാര്യങ്ങളിൽ കൂടുതൽ കടുപ്പമുള്ളവരാകും. പിന്നീട് ഒരു ലജ്ജയുമില്ലാതെ തങ്ങളുടെ മനസ്സിനെ വ്യാജമായ സന്തോഷം നല്കുന്നതിന് അവർ ആദരണീയമാസങ്ങളെ അതിന്റെ സ്ഥാനത്തുനിന്ന് അങ്ങോട്ടും ഇങ്ങോട്ടും മാറ്റുന്നു. അതിനെ അവർ 'നസീഅ' എന്നാണ് പറയുന്നത്. മുസ്‌ലിംകളോടു അവർ മക്കവിജയംവരെ ഇങ്ങനെതന്നെയാണ് പെരുമാറിയത്. എന്നല്ല അതിനെ അതിന്റെ സീമയിലെത്തിച്ചു. ഹദ്‌റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ് വാക്കുകൾ ഉപയോഗിച്ചു: ഹുദയ്ബിയ സന്ധിയുടെ കാലത്ത് ശക്തമായ ഉടമ്പടി ചെയ്തിട്ടും മക്കയിലെ നിഷേധികളും അവരുടെ കൂട്ടുകാരും ഹറം പ്രദേശത്ത് മുസ്‌ലിംകളുടെ സഖ്യകക്ഷിയായ ഒരു ഗോത്രത്തിനെതിരിൽ വാൾ വീശി. പിന്നീട് മുസ്‌ലിംകൾ ആ ഗോത്രത്തെ സഹായിക്കുവാൻ പുറപ്പെട്ടപ്പോൾ, അവർക്കെതിരിലും കൃത്യം ഹറമിൽതന്നെ വാൾ പ്രയോഗിച്ചു. അല്ലാഹു വിശുദ്ധ ഖുർആനിൽ ഈ മറുപടി നല്കിയതോടെ മുസ്‌ലിംങ്ങൾക്ക് ആശ്വാസം ലഭിക്കേണ്ടതുതന്നെയായിരുന്നു. ഖുറയ്ശികളും എന്തായാലും അല്പം ഒന്നടങ്ങി.

ഇതിനിടയിൽ മുസ്‌ലീംകൾ പിടിച്ചുകൊണ്ടുവന്നിരുന്ന രണ്ടു തടവുകാരെ മോചിപ്പിക്കുന്നതിനുവേണ്ടി അവരുടെ ആളുകൾ മദീനയിലെത്തി. പക്ഷേ, അതുവരെ സഅ്ദ് ബിൻ അബു വഖാസും ഉത്ബയും തിരിച്ചുവന്നിരുന്നില്ല. അവരെ കാണാനും കഴിഞ്ഞില്ല. നബി(സ)തിരുമേനിക്ക് അവരെ സംബന്ധിച്ച് അവർ ഖുറയ്ശികളുടെ കൈയിൽ അകപ്പെട്ടാൽ അവർ അവരെ ജീവനോടെ വിടുമോ എന്നകാര്യത്തിൽ ശക്തമായ ആശങ്കയുണ്ടായിരുന്നു. അതുകൊണ്ട് അവർ തിരിച്ചുവരുന്നതുവരെ തടവുകാരെ വിടാൻ പറ്റില്ലെന്ന് നബി(സ)തിരുമേനി പറഞ്ഞു. അവിശ്വാസികൾ തടവുകാരെ വാങ്ങാൻ വന്നപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: അവർ രണ്ടുപേരും തിരിച്ചുവരുന്നതുവരെ നിങ്ങളുടെ തടവുകാരെ വിടുകയില്ല. എന്റെ ആളുകൾ സുഖമായി മദീനയിൽ

തിരിച്ചെത്തിയാൽ നിങ്ങളുടെ തടവുകാരെ ഞാൻ വിട്ടയക്കുന്നതാണ്. അങ്ങനെ അവർ രണ്ടുപേരും തിരിച്ചെത്തിയപ്പോൾ നബി(സ)തിരുമേനി മോചനദ്രവ്യം വാങ്ങി ആ രണ്ടു തടവുകാരേയും മോചിപ്പിച്ചു. എന്നാൽ, തടവുകാരിൽ ഒരാൾ മദീനയിൽ താമസിച്ച കാലയളവിൽ നബി(സ) തിരുമേനിയുടെ സ്വഭാവമഹിമ ദർശിക്കുകയും ഇസ്‌ലാമിക അധ്യാപനങ്ങളുടെ സത്യസാക്ഷ്യം അഗാധതലത്തിൽ അദ്ദേഹത്തിൽ പ്രഭാവം ചെലുത്തുകയും ചെയ്തതുകൊണ്ട് മോചിതനായിട്ടും തിരിച്ച് പോകുന്നതിന് കൂട്ടാക്കാതെ നബി(സ)തിരുമേനിയുടെ കരങ്ങളിൽ ബയ്അത്ത് ചെയ്ത് അദ്ദേഹത്തിന്റെ ആത്മാർഥസഖ്യത്തിലുൾപ്പെടുകയും ചെയ്തു. അവസാനം ബിഅ്റെ മഊനയിൽ ശഹീദാക്കപ്പെട്ടു. അദ്ദേഹത്തിന്റെ പേര് ഹകം ബിൻ കയ്സാൻ എന്നായിരുന്നു.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ.(റ)പേജ് 330-334). അക്രമവും ബലാൽക്കാരവുംകൊണ്ട് ഇസ്‌ലാമിൽ ചേർക്കുകയായിരുന്നെങ്കിൽ അയാൾ ഇങ്ങനെ ഇസ്‌ലാം സ്വീകരിക്കുമായിരുന്നില്ല.

ഹദ്റത്ത് അബൂ ഹുദയ്ഫയെ കുറിച്ച് ഇങ്ങനേയും വരുന്നുണ്ട്: ബദ്ർ യുദ്ധദിവസം അദ്ദേഹം തന്റെ പിതാവിനെ നേരിടാനായി മുന്നോട്ട് വന്നു. കാരണം അദ്ദേഹത്തിന്റെ പിതാവ് മുസ്‌ലിം ആയിരുന്നില്ല. അവിശ്വാസികളോടൊപ്പമാണ് അവിടെ എത്തിയത്. എന്നാൽ, നബി(സ)തിരുമേനി അദ്ദേഹത്തെ തടഞ്ഞുകൊണ്ട് പറഞ്ഞു, അയാളെ വിട്ടേക്കൂ മറ്റാരെങ്കിലും അയാളെ വധിക്കുന്നതായിരിക്കും. അങ്ങനെ അദ്ദേഹത്തിന്റെ പിതാവ്, പിതൃവ്യൻ, സഹോദരൻ, സഹോദരപുത്രൻ എല്ലാവരും വധിക്കപ്പെട്ടു. ഹദ്റത്ത് അബൂ ഹുദയ്ഫ വളരെയധികം സഹനം പ്രകടിപ്പിച്ചു. അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തനായി കൊണ്ട് നബി(സ) തിരുമേനിയുടെ സത്യതയ്ക്ക് വേണ്ടി വെളിപ്പെട്ട അല്ലാഹുവിന്റെ സഹായത്തിൽ അതായത് യുദ്ധവിജയത്തിൽ അദ്ദേഹം അല്ലാഹുവിനോട് നന്ദി പ്രകടിപ്പിച്ചു. (തഫ്ബീത്ത് ദലാഇലുന്നുബുവ്വത്തി, അബ്ദുൽ ജബ്ബാർ, വാള്യം 2 പേജ് 585, ദാറുൽഅറബിയ ബേറൂത്ത്)

ഈ സംഭവത്തെ കുറിച്ച് മറ്റൊരു നിവേദനം ലഭിക്കുന്നത് ഇപ്രകാരമാണ്: ഇബ്നു അബ്ബാസ് വിവരിക്കുന്നു, ബദ്ർ യുദ്ധദിവസം നബി(സ) തിരുമേനി പറഞ്ഞു, നിങ്ങളിൽ ആരുടെ മുന്നിൽ അബ്ബാസ് വന്നുപെട്ടാലും അദ്ദേഹത്തെ വധിക്കരുത്. കാരണം അദ്ദേഹം നിർബന്ധ സാഹചര്യത്തിലാണ് പുറപ്പെട്ടത്. വധിക്കുന്നതിനു പകരം തടവിലാക്കുക. ഹദ്റത്ത് അബൂഹുദയ്ഫ ആരോ പറഞ്ഞ് ഇതറിഞ്ഞപ്പോൾ തന്റെ ഒരു സുഹൃത്തിനോട് പറഞ്ഞു, നമ്മൾ സ്വന്തം പിതാവിനെയും സഹോദരനെയും ബന്ധുക്കളെയും വധിക്കുകയും അബ്ബാസിനെ വെറുതെവിടുകയും ചെയ്യണമെന്നാണോ? ഇത് എന്താണ്? അല്ലാഹുവാണ! എന്റെ മുമ്പിൽ വന്നാൽ ഞാൻ തീർച്ചയായും വാൾ പ്രയോഗിക്കുക തന്നെ ചെയ്യും. നബി(സ) തിരുമേനിയോടു നേരിട്ട് അദ്ദേഹം ഇത് പറഞ്ഞില്ല. നബി(സ)തിരുമേനി ഇക്കാര്യം അറിഞ്ഞപ്പോൾ ഹദ്റത്ത് ഉമറിനോട് പറഞ്ഞു, അല്ലയോ അബൂ ഹഫ്സേ! ദൈവദൂതന്റെ പിതൃവ്യന്റെ മുഖത്ത് വാൾ പ്രയോഗിക്കപ്പെടുമെന്നോ? ഹദ്റത്ത് ഉമർ പറയുന്നു: നബി(സ)തിരുമേനി എനിക്ക് 'അബൂഹഫ്സ്' എന്ന സംജ്ഞാനാമം നല്കിയ ആദ്യ അവസരമായിരുന്നു അത്. ഹദ്റത്ത് ഉമർ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! വാൾകൊണ്ട് അയാളുടെ തലകൊയ്യാനുള്ള അനുവാദം എനിക്ക് നല്കിയാലും. അല്ലാഹുവിനെ കൊണ്ട് സത്യം! ഞാൻ ഇതു പറഞ്ഞവനിൽ കപടത കാണുന്നു.' നബി(സ) അദ്ദേഹത്തെ തടഞ്ഞു. ഹദ്റത്ത് അബൂ ഹുദയ്ഫ പറയാറുണ്ടായിരുന്നു, നബി(സ) തടഞ്ഞുകൊണ്ട് അങ്ങനെ ഉണ്ടാകുകയില്ലെന്ന് പറഞ്ഞു. പക്ഷേ, ഹദ്റത്ത് അബൂ ഹുദയ്ഫാ പറയുന്നു, ഞാൻ അന്നു പറഞ്ഞ കാര്യത്തിന്റെ ഉപദ്രവംകൊണ്ട്(താൻ വലിയ കുറ്റകരമായ കാര്യമാണ് പറഞ്ഞതെന്ന് അദ്ദേഹത്തിന് മനസ്സിലായി). അന്ന് പറഞ്ഞ കാര്യത്തിന്റെ ദോഷത്തിൽനിന്ന് ശഹാദത്തിന്റെ മരണം എന്നെ മോചിപ്പിക്കുന്നതുവരെ ഞാൻ രക്ഷപ്പെടുകയില്ല. നിവേദകൻ പറയുന്നു: അങ്ങനെ അദ്ദേഹം യമാമ യുദ്ധദിവസം ശഹാദത്ത് കരസ്ഥമാക്കി.(മുസ്തദർക്ക് അല സ്സ്വഹീഹയ്ൻ, വാള്യം 3, പേജ് 247 –248, ഹദീഥ് 4988, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002).

ഹദ്റത്ത് ആഇശ(റ) വിവരിക്കുന്നു: വധിക്കപ്പെട്ട മുശ്രിക്കുകളെ ഒരു പൊട്ടക്കിണറിലേയ്ക്ക് വലിച്ചെറിയാൻ നബി(സ)തിരുമേനി കല്പന നല്കി. അങ്ങനെ അവർ അതിലേയ്ക്ക് വലിച്ചെറിയപ്പെട്ടു. അപ്പോൾ ഹദ്റത്ത് അബൂ ഹുദയ്ഫയുടെ മുഖത്ത് അനിഷ്ടത്തിന്റെ അടയാളങ്ങൾ പ്രകടമായി. കാരണം അദ്ദേഹത്തിന്റെ പിതാവിനെയും ആ കിണറിലേയ്ക്ക് എറിഞ്ഞിരുന്നു. നബി(സ)തിരുമേനി അദ്ദേഹത്തോട് പറഞ്ഞു: 'അല്ലാഹുവാണ! നിന്റെ പിതാവിനോടുള്ള പെരുമാറ്റത്തിൽ നിനക്ക് വിഷമം ഉണ്ടായതായിതോന്നുന്നു.' ഹദ്റത്ത് അബൂ ഹുദയ്ഫ പറഞ്ഞു, അല്ലയോ അല്ലാഹുവിന്റെ ദൂതരേ! അല്ലാഹുവാണ! എനിക്ക് അല്ലാഹുവിന്റെയും അവന്റെ പ്രവാചകന്റെയും കാര്യത്തിൽ ഒരു സംശയവുമില്ല. എന്നാൽ, എന്റെ പിതാവ് സൗമ്യനും സത്യവാനും വിവേകിയുമായിരുന്നു. ഒരു ദുരുദ്ദേശവും അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. മരിക്കുന്നതിന് മുമ്പേ അദ്ദേഹം ഇസ്‌ലാമിലേക്കു പ്രവേശിക്കണമെന്നായിരുന്നു ഞാൻ ആഗ്രഹിച്ചത്. എന്നാൽ, അത് ഇനി സാധ്യമല്ലെന്ന് ഞാൻ മനസ്സിലാക്കുകയും അദ്ദേഹത്തിന്റെ പര്യവസാനം ഇപ്രകാരം സംഭവിക്കുകയും ചെയ്തതിൽ ഞാൻ ദുഃഖിക്കുന്നു.' അപ്പോൾ നബി(സ)തിരുമേനി, അബൂഹുദയ്ഫയുടെ നന്മക്കായി ദുആ ചെയ്തു. (മുസ്തദർക്ക് അല സ്സ്വഹീഹയ്ൻ, വാള്യം 3, പേജ് 249, ഹദീഥ് 4995, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002).

ഹദ്റത്ത് അബൂ ഹുദയ്ഫ എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. ഹദ്റത്ത് അബൂബക്കർ സിദ്ദീഖിന്റെ ഖിലാഫത്ത് കാലത്തുണ്ടായ യമാമ യുദ്ധത്തിൽ അമ്പത്തിമൂന്നോ, അമ്പത്തിനാലോ വയസ്സിൽ അദ്ദേഹം ശഹീദാക്കപ്പെട്ടു.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 62, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഇനി ഞാൻ ജമാഅത്തിന്റെ ഒരു ദീർഘകാല സേവകൻ പ്രൊഫസർ സുഊദ് അഹ്മദ് ഖാൻ സാഹിബ് ദഹ്‌ലവിയെ അനുസ്മരിക്കുന്നതാണ്. കഴിഞ്ഞ ദിവസം അദ്ദേഹം വഫാത്തായി. ജനുവരി 21നാണ് അദ്ദേഹത്തിന്റെ ദേഹവിയോഗമുണ്ടായത്. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന്റെ പിതാവ് ഹദ്റത്ത് മുഹമ്മദ് ഹസൻ ആസാൻ ദഹ്‌ലവി സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബാക്കളിൽപ്പെട്ടയാളായിരുന്നു. ഇപ്രകാരംതന്നെ അദ്ദേഹത്തിന്റെ പിതാമഹൻ ഹദ്റത്ത് മഹ്മൂദ് ഹസൻ ഖാൻ സാഹിബ്(റ) മുദർരിസ് പട്യാലയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ 313 സ്വഹാബാക്കളിൽ 301-ാമത്തെ നമ്പറായി അദ്ദേഹത്തിന്റെ നാമം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. 'മൗലവി മഹ്മൂദ് ഹസൻ ഖാൻ സാഹിബ് പട്യാല.' (സിറാജെ മുനീർ, റൂഹാനീ ഖസാഇൻ, വാള്യം 12, പേജ് 85-86)

പ്രൊഫസർ സുഊദ് ഖാൻ സാഹിബിന്റെ പിതാവ് ഹദ്റത്ത് മുഹമ്മദ് ഹസൻ സാഹിബ് ആസാൻ ദഹ്‌ലവി(റ)യ്ക്ക് 10, 12 വയസ്സുള്ളപ്പോൾ ഖുത്ബ ഇൽഹാമിയ്യ നടക്കുന്ന അവസരത്തിൽ ഖാദിയാനിൽപോയി ആ മഹത്തായ അടയാളം നേരിട്ട് കാണാനുള്ള തൗഫീക്ക് കിട്ടി. (നയി സിന്ദഗി, മസ്ഊദ് ഹസൻ ഖാൻ ദഹ്‌ലവി, പേജ് 107 പ്രസാധകർ ലജ്ന ഇമാഇല്ലാഹ്, ലാഹോർ 2007)

പ്രൊഫസർ സുഊദ്ഖാൻ സാഹിബ് 1945 ഏപ്രിൽ മാസത്തിൽ വഖ്ഫ് ചെയ്തു. അദ്ദേഹം ഫാർസിയിൽ അലിഗഡിൽനിന്നുള്ള ബി.എ. ഓണേഴ്സായിരുന്നു. അദ്ദേഹത്തോടൊപ്പം അദ്ദേഹത്തിന്റെ സഹോദരങ്ങളുടെ വഖ്ഫിനെ പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) 1955ൽ ഒരു ജുമുഅ ഖുത്ബയിൽ പറഞ്ഞു: 'മാസ്റ്റർ മുഹമ്മദ് ഹസൻ സാഹിബ് ആസാനിയും സ്തുത്യർഹമായ മാതൃകയാണ് കാണിച്ചിട്ടുള്ളതെന്ന് ഞാൻ മനസ്സിലാക്കുന്നു. അദ്ദേഹം ഒരു സാധാരണ മുദർരിസായിരുന്നു. സാധുമനുഷ്യനായിരുന്നു. അദ്ദേഹം പട്ടിണി കിടന്ന് തന്റെ മക്കളെ പഠിപ്പിച്ചു. അവരെ ഗ്രാജ്വേറ്റാക്കി. പിന്നീട് ഏഴുമക്കളിൽ നാലുപേരെ ജമാഅത്തിന് നല്കി. ഇപ്പോൾ അവർ നാലുപേരും ദീനിന് സേവനം ചെയ്യുന്നു. എല്ലാവരും വഖ്ഫിനോടുള്ള കടമ നിറവേറ്റിക്കൊണ്ട് ആത്മാർഥതയോടെ സേവനം ചെയ്തുകൊണ്ടിരിക്കുന്നു.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഈ കുട്ടികൾ വഖ്ഫ് അല്ലായിരുന്നെങ്കിൽ അവരേഴുപേരും ചേർന്ന് ഒരുപക്ഷേ പത്തിരുപതു വർഷംവരെ തങ്ങളുടെ പിതാവിന്റെ പേര് തെളിമയാർന്നതാക്കും; തങ്ങളുടെ അബ്ബാജാൻ വളരെ നല്ല മനുഷ്യനായിരുന്നുവെന്ന് പറയുമായിരുന്നു. എന്നാൽ, എന്റെ ഖുത്ബ പ്രസിദ്ധീകരിക്കുമ്പോൾ ലക്ഷക്കണക്കിന് അഹ്മദി മുഹമ്മദ് ഹസൻ ആസാന്റെ പേരെടുത്തുകൊണ്ട് അദ്ദേഹത്തെ പ്രശംസിക്കുന്നതായിരിക്കും; നോക്കൂ! ഇദ്ദേഹം എത്ര മനക്കരുത്തുള്ള അഹ്മദിയായിരുന്നു. അദ്ദേഹം ദരിദ്രനായിരുന്നിട്ടും തന്റെ ഏഴുമക്കൾക്ക് ഉന്നത വിദ്യാഭ്യാസം നല്കി. പിന്നീട് അവരിൽ നാലുപേരെ ജമാഅത്തിന് ഏല്പിച്ചുതന്നു. അതായത് വഖ്ഫ് ചെയ്തു. പിന്നീട് ആ കുട്ടികളും എത്ര സാത്വികരായി സ്ഥാപിതമായെന്നാൽ അവർ സന്തോഷത്തോടെ, തങ്ങളുടെ പിതാവിന്റെ ത്യാഗത്തെ സ്വീകരിച്ചു. തങ്ങളുടെ ഭാഗത്തുനിന്നും അദ്ദേഹത്തിന്റെ തീരുമാനം ശരിയാക്കി കാണിച്ചു. (നയീ സിന്ദഗീ, മസ്ഊദ് ഹസൻ ഖാൻ ദഹ്‌ലവി, പേജ് 208, പ്രസാധകർ ലജ്ന ഇമായില്ലാഹ്, ലാഹോർ 2007)

1946 ജൂൺ മുതൽ 1949 ഒക്ടോബർ വരെ സുഊദുഖാൻ സാഹിബ് തഅലീമുൽ ഇസ്‌ലാം ഹൈസ്കൂൾ ഖാദിയാനിൽ പഠിപ്പിച്ചുകൊണ്ടിരുന്നു. 1949-ൽ കുറച്ച് മാസത്തിന് ജാമിഅ അഹ്ദിയ്യായിൽ ഇംഗ്ലീഷ് പ്രൊഫസർ എന്ന നിലയിൽ പഠിപ്പിച്ചുകൊണ്ടിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) അദ്ദേഹത്തെ 1950ൽ പശ്ചിമാഫ്രിക്കയിലെ ഘാനയിൽ ദീനീസേവനം ചെയ്യാൻ അയച്ചു. (താരീഖെ അഹ്മദിയ്യത്ത്, വാള്യം 4, പേജ് 282)

അദ്ദേഹം ഘാന അഹ്മദിയ്യാ സെക്കന്ററി സ്കൂളിന്റെ ആദ്യത്തെ വൈസ്പ്രിൻസിപ്പാളായിരുന്നു. അതിനുവേണ്ടി 1950 ഏപ്രിൽ 30ന് അദ്ദേഹം കറാച്ചിയിൽനിന്ന് യാത്ര പുറപ്പെട്ടു. ജൂൺ 30ന് കമാസിയിലെത്തി. അതായത് മെയ് ജൂൺ രണ്ടുമാസം അദ്ദേഹം യാത്ര ചെയ്ത് അവിടെ എത്തി. (ഇന്ന് നമ്മൾ 5 മണിക്കൂർ കൊണ്ടാണ് അവിടെ എത്തുന്നത്) ജൂലായ് ഒന്നുമുതൽ അഹ്മദിയ്യാ സെക്കന്ററി സ്കൂൾ കമാസിയിൽ അദ്ദേഹം പഠിപ്പിക്കാൻ തുടങ്ങി. (നയി സിന്ദഗി, മസ്ഊദ് ഹസൻഖാൻ ദഹ്‌ലവി, പേജ് 276-277, പ്രസാധകർ ലജ്ന ഇമാഇല്ലാഹ് ലാഹോർ 2007)

അദ്ദേഹത്തിന്റെ യാത്ര ഇത്ര താമസിക്കാൻ കാരണമെന്താണ്? ഇതിനെ സംബന്ധിച്ച് അദ്ദേഹത്തിന്റെ സഹോദരപുത്രൻ ഇർഫാർ ഖാൻ എഴുതുന്നു. അദ്ദേഹം തന്റെ ആദ്യ നിയമനത്തിൽ റബ്വയിൽനിന്ന് ഘാനയിലേക്ക് പുറപ്പെട്ടു.

മൂന്നുമാസത്തെ വിഷമകരമായ യാത്രയ്ക്കൊടുവിൽ (ഇത് രണ്ടുമാസമാണ്) കമാസിയിലെത്തി. അക്കാലഘട്ടത്തിൽ കപ്പൽ മാറിമാറിയാണ് പോകേണ്ടിയിരുന്നത്; വിമാനത്തിലല്ല. മറിച്ച് കപ്പലിലൂടെ സമുദ്രയാത്രയായിരുന്നു. അങ്ങനെ അദ്ദേഹവും കറാച്ചിയിൽനിന്ന് ഘാന വരെ കപ്പലിനു പുറമെ ബസ്സുകളിലും ട്രക്കുകളിലും വിമാനത്തിലും യാത്രചെയ്ത് നൈജീരിയവരെ യാത്ര എത്തിച്ചേർന്നു. നൈജീരിയായിൽ 55 രൂപയുടെ വിമാന ടിക്കറ്റെടുക്കുന്നതിനുവേണ്ടി തന്റെ ട്രങ്കും മറ്റു സാധനങ്ങളും വിറ്റു. തന്റെ വ്യക്തിപരമായ സാധനങ്ങൾ ഒരു പുതപ്പിൽ കെട്ടി. പിന്നീട് നൈജീരിയ മിഷൻഹൗസ് അദ്ദേഹത്തിന് ഘാനവരെ എത്താനുള്ള ബസ് ടിക്കറ്റെടുത്തുകൊടുത്തു. 1950ൽ നൈജീരിയവരെ എത്തുന്നതിനുവേണ്ടി കുറച്ചുവഴി വിമാനമാർഗം താണ്ടി, അത് തന്റെ സാധനങ്ങൾ വിറ്റിട്ടായിരുന്നു. പിന്നീട് നൈജീരിയ മുതൽ ഘാനവരെ ബസ്സിൽ യാത്ര ചെയ്തു. 1950ൽ പശ്ചിമാഫ്രിക്കയിലേക്കും പൂർവ്വാഫ്രിക്കയിലേക്കും ഹോളണ്ടിലേക്കും അയച്ച എട്ടു മുബല്ലിഗുമാരുടെ യാത്രയെ സംബന്ധിച്ച് താരീഖെ അഹ്മദിയ്യത്തിൽ ഇദ്ദേഹത്തിന്റെ പേരാണ് ഒന്നാമത്തേത്. അവിടെ ഒന്നാമതായി എഴുതിയിരിക്കുന്നു: 'സുഊദ് അഹ്മദ് ഖാൻ സാഹിബ് (പുറപ്പെട്ടത് ലാഹോറിൽനിന്ന് ഹിജ്റ 1329 അമാൻ 24) ഘാനയിലേക്ക്.' (താരീഖെ അഹ്മദിയ്യത്ത്, വാള്യം 14, പേജ് 286)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ നിർദേശമനുസരിച്ച് 1958-ൽ അദ്ദേഹം പാക്കിസ്താനിലേക്ക് മടങ്ങിവന്നു. പഞ്ചാബ് യൂണിവേഴ്സിറ്റിയിൽനിന്ന് ചരിത്രത്തിൽ എം.എ ചെയ്തു. ഹിസ്റ്ററിയിൽ എം.എ. ആയിരുന്നു. അതദ്ദേഹം പിന്നീട് ചെയ്തതാണ്. ഇതിനിടയിൽ അദ്ദേഹത്തിന്റെ പിതാവ് ബഹുമാനപ്പെട്ട മുഹമ്മദ് ഹസൻ ആസാൻ ദഹ്‌ലവി സാഹിബ് ആഗസ്ത് 1955ൽ വഫാത്തായി. അപ്പോൾ അദ്ദേഹം ഘാനയിലായിരുന്നു. 1961-ൽ തിരിച്ച് ഘാനയിൽ അദ്ദേഹം നിയമിതനായി. അവിടെ അദ്ദേഹത്തിന് പൂർണമായ രീതിയിൽ 1968 വരെ ദീനീ സേവനം ചെയ്യാൻ തൗഫീഖ് കിട്ടിക്കൊണ്ടിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ (റഹ്) അനുമതിയോടെ ഹുദൂറിന്റെ യൂറോപ് പര്യടനത്തിന്നിടയിൽ മസ്ജിദ് മുബാറക്ക് റബ്‌വയിൽ മഗ്‌രിബ് നമസ്കാരത്തിനുശേഷം ഒരു ഉപദേശക സമിതി നിലവിൽവന്നു. ഇതിന്റെ കീഴിൽ നിത്യവും 15 മിനിറ്റ് തർബിയ്യത്ത് പ്രസംഗം ഉണ്ടാകുമായിരുന്നു. ഈ പരിപാടി ഉദ്ഘാടനം ചെയ്യപ്പെട്ടത് ജൂലായ് 7-ാം തിയതിയായിരുന്നു. ഇത് വളരെ താൽപര്യത്തോടെ ആളുകൾ കേട്ടിരുന്നു. അത് വൈജ്ഞാനികയോഗമായിരുന്നു. ഈ മജ്‌ലിസിൽ ഏതേതെല്ലാം ആലിംകൾ പ്രസംഗിച്ചിരുന്നുവോ അവരിൽ ഇദ്ദേഹവും പെടുന്നു.' (താരീഖെ അഹ്മദിയ്യത്ത്, വാള്യം 24, പേജ് 392-393)

ജൽസസാലാനയുടെ അവസരത്തിൽ പ്രസംഗങ്ങളുടെ തർജമയ്ക്കുള്ള ഏർപാട് തുടങ്ങിയപ്പോൾ ഇദ്ദേഹത്തിന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്)യുടെ പ്രസംഗം ഇംഗ്ലീഷിൽ തർജമ ചെയ്യാനുള്ള സൗഭാഗ്യം ലഭിച്ചു. റബ്‌വയിലെ അവസാനത്തെ ജൽസവരെ ഇദ്ദേഹമായിരുന്നു ഈ ഡ്യൂട്ടി നിർവഹിച്ചിരുന്നത്.

പ്രൊഫസർ സുഊദ് ഖാൻ സാഹിബ് ദഹ്‌ലവിയുടെ ശിഷ്യന്മാരിൽ ബഹുമാനപ്പെട്ട അബ്ദുൽ വഹാബ് ആദം സാഹിബ് ഘാനയും ബി.കെ. ആഡോ സാഹിബും -ഇദ്ദേഹം ഇവിടെ താമസിച്ചിരുന്നു-പെടുന്നു. 1968-ൽ പാക്കിസ്താനിൽ തിരിച്ചെത്തിയതിനുശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) പ്രൊഫസർ സുഊദ് അഹ്മദ് ഖാൻ സാഹിബ് ദഹ്‌ലവിയെ തഅ്‌ലീമുൽ ഇസ്‌ലാം കോളേജിൽ 1969-ൽ പഠിപ്പിക്കുന്ന ചുമതല ഏല്പിച്ചു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഹ്(റഹ്) പ്രൊഫസർ സുഊദ് ഖാൻ സാഹിബിനെ ജാമിഅ അഹ്മദിയ്യായിൽ ഒരു വർഷം ഇംഗ്ലീഷ് അധ്യാപകനായി നിയമിച്ചു. അദ്ദേഹത്തിന്റെ നിയമനം ജാമിഅ അഹ്മദിയ്യായിൽ ഉണ്ടായപ്പോഴും അദ്ദേഹത്തിന് തഅ്‌ലീമുൽ ഇസ്‌ലാം കോളേജിൽ പ്രൊഫസർ എന്ന നിലയിൽ സേവനം ചെയ്യാൻ ഭാഗ്യം കരസ്ഥമായിരുന്നു.

1987 മാർച്ച് 2ന് അദ്ദേഹം ജാമിഅ അഹ്മദിയ്യായിൽ ജോലി ചെയ്തു തുടങ്ങി. ഒരു വർഷം വരെ ഈ സേവനം ചെയ്തുകൊണ്ടിരുന്നു.

പ്രൊഫസർ സുഊദ്ഖാൻ സാഹിബിനെ കുറിച്ച് അദ്ദേഹത്തിന്റെ മൂത്ത സഹോദരൻ മസ് ഊദ് ഖാൻ ദഹ്‌ലവി സാഹിബ് -ഇദ്ദേഹം അൽഫള്‌ലിന്റെ എഡിറ്ററുമായിരുന്നു, വഫാത്തായിട്ട് കുറച്ചു കാലമേ ആയിട്ടുള്ളൂ) പറയുമായിരുന്നു: 'ഞങ്ങളുടെ സഹോദരൻ സുഊദ് അഹ്മദ് മൊബൈൽ ലൈബ്രറിയാണ്. അദ്ദേഹത്തിന് ധാരാളം അറിവുകളുണ്ടായിരുന്നു. ജ്ഞാനിയായിരുന്നു.' അദ്ദേഹത്തിന്റെ മകൾ റാശിദ സാഹിബ എഴുതുന്നു: 'എന്റെ പിതാവ് അങ്ങേയറ്റം വിനയനും നല്ല മത പണ്ഡിതനുമായിരുന്നു. അല്ലാഹുവിനെ അങ്ങേയറ്റം ആരാധിക്കുന്ന വ്യക്തിയായിരുന്നു. തഹജ്ജുദ് സ്ഥിരമായി നമസ്കരിക്കുമായിരുന്നു.

അദ്ദേഹത്തിന്റെ സഹോദരപുത്രൻ മുബല്ലിഗ് നഫീസ് അഹ്മദ് അതീഖ് പറയുന്നു: 'അങ്ങേയറ്റം വിനയനായിരുന്നു. മുത്തഖിയായിരുന്നു. അല്ലാഹുവിൽ സർവവും ഭരമേല്പിക്കുന്ന വ്യക്തിയായിരുന്നു. സൽസ്വഭാവിയും സാധാരണപ്രകൃതനുമായിരുന്നു. അദ്ദേഹത്തിന്റെ കൂറിന്റേയും ദീനീസേവനത്തിന്റേയും ആവേശം എല്ലാ വാഖ്ഫീനെ സിന്ദഗിയ്ക്കും മാതൃകയാണ്.'

ഈ മുറബ്ബി സാഹിബെഴുതുന്നു: ഒരിക്കൽ എന്നോടു പറഞ്ഞു, വസ്ത്രവും മറ്റു സൗകര്യങ്ങളും ആവശ്യത്തിനനുസരിച്ചാണ് ഉപയോഗിക്കേണ്ടത്. ഫാഷനും ജാഡയും ഭൗതികപൂജ യും വാഖ്ഫെ സിന്ദഗിക്ക് ഭൂഷണമല്ല. അദ്ദേഹത്തിന്റെ ജീവിതത്തിൽ ലജ്ജാശീലം വളരെ പ്രകടമായിരുന്നു. സുഊദ് ഖാൻ സാഹിബിന്റെ ശി ഷ്യൻ ഐ.കെ. ഗിയാസി(Gyasi) സാഹിബ് ഇദ്ദേഹം ഘാനക്കാരനാണ്. എഴുതുന്നു: സുഊദു സാഹിബ് 1950 മുതൽ 55 വരെ കമാസി തഅ്‌ലീമുൽ ഇസ്‌ലാം കോളേജ് പ്രിൻസിപ്പാൾ ആയിരുന്നു. ഡോക്ടർ എസ്.ബി. അഹ്മദ് സാഹിബായിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ. സുഊദ് സാഹിബ് ഇംഗ്ലീഷ് ഭാഷയുടേയും ഇംഗ്ലീഷ് ചരിത്രത്തിന്റേയും യൂറോപ്യൻ ചരിത്രത്തിന്റേയും വലിയ പണ്ഡിതനായിരുന്നു. ഇത് അദ്ദേഹത്തെ വൃദ്ധനാക്കിയിരുന്നു. ഈ ഘാനക്കാരായ സുഹൃത്ത് എഴുതുന്നു: അദ്ദേഹത്തിന്റെ ഇംഗ്ലീഷ് ഗ്രാമറിലുള്ള പാണ്ഡിത്യം മറ്റാരിലും ഞാൻ കണ്ടിട്ടില്ല. എന്റെ ഭാഷ സുതാര്യമാക്കുന്നതിൽ അദ്ദേഹത്തിന് വലിയ പങ്കാണുള്ളത്. റബ്‌വയിലെ ജാമിഅ അഹ്മദിയ്യാ സീനിയർ സെക്ഷന്റെ പ്രിൻസിപ്പാൾ മുബശ്ശിർ അയാസ് സാഹിബ് എഴുതുന്നു: പ്രൊഫസർ സുഊദു ഖാൻ സാഹിബ് വളരെ വിനയനും വലിയ മതപണ്ഡിതനുമായിരുന്നു. അദ്ദേഹം ജാമിഅ അഹ്മദിയ്യായിൽ അധ്യാപകനായിരുന്ന കാലം ഞങ്ങളും വിദ്യാർഥികളായിരുന്നു. ജാമിഅയിലെ അവസാനവർഷംവരെ എപ്പോഴും കൃത്യസമയത്ത് ക്ലാസിൽ വരുമായിരുന്നു. പിരീയഡ് തീരുന്നതുവരെ അവസാന മിനിറ്റുവരെ പഠിപ്പിക്കുമായിരുന്നു. അവിടത്തേയും ഇവിടത്തേയും കാര്യങ്ങൾ പറയാൻ വിദ്യാർഥികൾ ശ്രമിക്കുമായിരുന്നു. പക്ഷേ, അദ്ദേഹം ഒരു കാർക്കശ്യവും കാണിക്കാതെ വഴക്കു പറയാതെ വളരെ നല്ലനിലയിൽ അവരുടെ കാര്യങ്ങൾ ഗൗനിക്കാതെ പഠിപ്പിക്കുമായിരുന്നു. എഴുതുന്നു: ഞാൻ ഒരു കാര്യം നോട്ടു ചെയ്തു. അദ്ദേഹത്തിന്റെ മനസിൽ വാഖ്ഫെ സിന്ദഗി വിദ്യാർഥികളോടു വളരെ ബഹുമാനമുണ്ടായിരുന്നു. ക്ലാസിൽ ആരെയെങ്കിലും കർശനമായി വഴക്കു പറയുകയാണെങ്കിൽതന്നെയും ഈ ബഹുമാനവും അന്തസ്സും ശ്രദ്ധിക്കുമായിരുന്നു. വീണ്ടും എഴുതുന്നു: എം.ടി.എയുടെ ആരംഭകാലത്ത് വിവിധ പരിപാടികൾ റെക്കോർഡ് ചെയ്തപ്പോൾ സുഊദ്ഖാൻ സാഹിബ് സീറത്തുനബി(സ)എന്ന പരിപാടിയാണ് റെക്കോർഡ് ചെയ്യിച്ചത്. അദ്ദേഹം വാർദ്ധക്യത്തിലായിരുന്നു. പക്ഷേ, മുഴുവൻ പ്രോഗ്രാമും കഠിനാധ്വാനത്തോടും സ്വയം തയ്യാറാക്കിയും ഞങ്ങളിൽ ചോദ്യങ്ങൾ വിതരണം ചെയ്യുമായിരുന്നു. മുഴുവൻ ചോദ്യവും സ്വന്തം കൈകൊണ്ട് എഴുതിയായിരുന്നു തന്നിരുന്നത്. പറയുന്നു: ഇടയ്ക്കിടെ അന്തരീക്ഷം ചൂടും തണുപ്പുമാകുമായിരുന്നു. പ്രോഗ്രാം തയ്യാറാക്കുമ്പോൾ വിവാദവും ഉണ്ടാകുമായിരുന്നു; അതിങ്ങനെ ചെയ്യണം, ഇത് അങ്ങനെ ചെയ്യണം എന്നൊക്കെ പറഞ്ഞു! പക്ഷേ, അദ്ദേഹം എത്രമാത്രം വിനയനും സാധുവും ആയിരുന്നുവെന്നാൽ ഒരിക്കലും നെറ്റിയിൽ ചുളിവുണ്ടാകുമായിരുന്നില്ല; അദ്ദേഹത്തിന്റെ ചെവിയിൽ കയ്ക്കുന്ന സാധനമൊന്നും പതിഞ്ഞിട്ടില്ലെന്നപോലെ! ഇനി മറ്റാരെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ ചെറുപുഞ്ചിരിയോടെ, വളരെ സൗമ്യത്തോടെ എവിടെനിന്നാണോ പ്രോഗ്രാം തുടങ്ങേണ്ടിയിരുന്നത് അവിടെനിന്ന് റെക്കോർഡിംഗ് വീണ്ടും തുടരുമായിരുന്നു.

പ്രൊഫസർ സുഊദ്ഖാൻ സാഹിബിന്റെ വഫാത്തിനുശേഷം അദ്ദേഹത്തിന്റെ അയൽവാസി ഫള്ൽ ഇലാഹി മലിക് സാഹിബ് ഏങ്ങലടിച്ചു കരഞ്ഞുകൊണ്ട് പറഞ്ഞത്, അത്തരം അയൽവാസിയെ എല്ലാവർക്കും കിട്ടുകയില്ലെന്നാണ്. വളരെ സാധുപ്രകൃതനും വലിയ ആലിമുമായിരുന്നു.

അദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങളിൽ ഒരു മകളും രണ്ട് ആൺമക്കളുമുണ്ട്. അദ്ദേഹത്തിന്റെ ഒരു മകൻ സഅ്ദ് സുഊദ് സാഹിബ് യുകെയിൽ ഒരു ജമാഅത്തിന്റെ സ്വദ്റാണ്. അല്ലാഹു അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. യഥാർഥത്തിൽ അദ്ദേഹത്തെ കുറിച്ച് എഴുതീട്ടുള്ളതെല്ലാം ഞാൻ മുമ്പേയും പറഞ്ഞതുപോലെ അദ്ദേഹത്തിന്റെ വിശേഷഗുണങ്ങൾ വളരെയധികമാണ്. ഖിലാഫത്തിനോടു അങ്ങേയറ്റത്തെ സ്നേഹത്തിന്റേയും അനുസരണത്തിന്റേയും ബന്ധമായിരുന്നു. അസാധാരണമായ നിലവാരമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ മക്കൾക്കും തലമുറകൾക്കും ഖിലാഫത്തിനോടും ജമാഅത്തിനോടും എപ്പോഴും ബന്ധപ്പെട്ടിരിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. നമസ്കാരത്തിനു ശേഷം ഞാൻ അദ്ദേഹത്തിന്റെ ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്.

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ
രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം
അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ
വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

## സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസിന്റെ ഡന്മാർക്ക്-സ്വീഡൻ പര്യടനം 2016 മെയ്

**(റിപ്പോർട്ട് കഴിഞ്ഞ ലക്കം തുടർച്ച.....)**

### 2016 മെയ് 11 (ബുധനാഴ്ച)

ഡെന്മാർക്കിലെ തദ്ദേശ പത്രം ഹവിഡോവർ ഏവിസ് (Hvidover Avis)2016 മെയ് 10ന് ഹുദൂറിന്റെ പര്യടനത്തെക്കുറിച്ച് ഫോട്ടോസഹിതം നൽകിയ വാർത്തയിൽനിന്ന്.

നുസ്റത്ത് ജഹാൻ മസ്ജിദ് അമ്പത് വർഷം മുമ്പേയാണ് പണികഴിക്കപ്പെട്ടത്. ആഗോള അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ഈ മസ്ജിദ് സന്ദർശിച്ചപ്പോൾ ഉയർത്തിയ മുദ്രാവാക്യം 'എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ്' ശ്രദ്ധാകേന്ദ്രമായി.

മധ്യയൂറോപ്പിൽനിന്ന് പരസ്പര സ്പർധയുടെ വാർത്തകൾ വരുന്നുണ്ടായിട്ടും നുസ്റത്ത് ജഹാൻ മസ്ജിദിൽ ആനന്ദവേളകളായിരുന്നു. ഡെന്മാർക്കിലെ ആദ്യത്തെ മസ്ജിദെന്നു മാത്രമല്ല എരിക്സ്മിന്റേ അല്ലേ(Eriksminde Alle) കിർകേഗേഡ്(Kirkegade)എന്നീ സമാധാനാന്തരീക്ഷമുള്ള പ്രദേശങ്ങളുടെ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന നുസ്റത്ത് ജഹാൻ മസ്ജിദ് വടക്കൻ രാജ്യങ്ങളിൽതന്നെ ആദ്യത്തെ ഖുബ്ബ രൂപത്തിലുള്ള മസ്ജിദുകൂടിയാണ്. ഇതിന്റെ സുവർണജൂബിലി കൊണ്ടാടിയിരുന്നു.

ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഖലീഫ ആദരണീയരായ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹ് അതിൽ സന്നിഹിതനായിരുന്നു. ഇസ്‌ലാംമതത്തിലുള്ള ഒരു സാംസ്കാരിക പ്രബുദ്ധതയുള്ള ജമാഅത്താണിത്. 207 രാഷ്ട്രങ്ങളിൽ ലക്ഷോപലക്ഷം അനുയായികൾ ഇതിനുണ്ട്. മുസ്‌ലിംകളിലെ എതിർപ്പുകൾ നേരിടുന്ന ന്യൂനപക്ഷമാണെന്ന വസ്തുത നിലനിൽക്കെതന്നെ ഒരു ആഗോള ആത്മീയ നേതാവായ ഖലീഫയുടെ കീഴിലുള്ള ഏറ്റവും വലിയ മുസ്‌ലിം പ്രസ്ഥാനമാണിത്.

ഹവിഡോവർ (Hvidover) കൗൺസലിന്റെ മേയറും ചില മെമ്പർമാരും ഖലീഫയെ കാണുകയുണ്ടായി. അദ്ദേഹം നൽകിയ സന്ദേശം സമാധാനം നിലനിറുത്താനായി നാമെല്ലാവരും ഒരുമിച്ച് പ്രവൃത്തിക്കണമെന്നും ശാന്തി സമാധാനമാണ് ഇക്കാലത്തിന്റെ അനിവാര്യതയെന്നും മതത്തേക്കാൾ പ്രധാനം മാനവിക ഐക്യമാണെന്നുമായിരുന്നു. നമ്മൾ പരസ്പരം കൂട്ടക്കൊല നടത്തിയാൽ മതത്തെ പിന്തുടരാൻ ആരാണ് അവശേഷിക്കുകയെന്നു ചോദിച്ചുകൊണ്ട് മതത്തേക്കാൾ മുന്നിൽ മനുഷ്യർ തമ്മിലുള്ള സമഭാവനയാണെന്ന് അദ്ദേഹം ആവർത്തിച്ചു.

1966 മുതൽ ഹവിഡോവർ (Hvidover) എന്ന ശാന്തിപൂർണമായ പ്രദേശത്തുള്ള ഒരു കമനീയ സൗധമാണ് ഈ മസ്ജിദ്. ഈ സെന്റർ കഴിഞ്ഞ ദശാബ്ദങ്ങളായി ഡെന്മാർക്കിൽ പ്രസാദാത്മക മതകേന്ദ്രവും സാംസ്കാരിക സ്ഥാപനവുമെന്ന നിലയിൽ ഹൃദയവിശാലത, സൃഷ്ടിസേവനം, പരസ്പര മൈത്രി തുടങ്ങിയ സൽഗുണങ്ങളോടുകൂടി കർമനിരതമാണ്. ഈ പ്രത്യേകതകൾ കാരണമായി സാധാരണക്കാർ, വിവിധ മതാദർശങ്ങൾ വച്ചുപുലർത്തുന്നവർ, മന്ത്രിമാർ, അഡ്മിനിസ്റ്റർമാർ, പാർലമെന്റംഗങ്ങൾ തുടങ്ങി വിവിധ തുറകളിലുള്ളവർ ഈ മസ്ജിദ് സന്ദർശിക്കുന്നു. ഈ രാജ്യത്തെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഇമാമും സ്വദ്റും പറയുന്നത് അടുത്ത അമ്പത് വർഷവും ഇത്തരത്തിലുള്ള സാമൂഹികസേവനങ്ങൾ പൂർവാധികം നല്ലനിലയിൽ നടത്തണമെന്നാണ് തങ്ങൾ ആഗ്രഹിക്കുന്നത് എന്നാണ്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ലോക മുസ്‌ലിംകളിൽ സമാധാനസംസ്ഥാപനത്തിന് നിലകൊള്ളുന്ന സജീവപ്രസ്ഥാനമാണ്.

1889ൽ ഇന്ത്യയിലെ മിർസാ ഗുലാം അഹ്മദ്(1835–1908) ആണ് ഈ ജമാഅത്തിന് തുടക്കം കുറിച്ചത്. മതപരിഷ്കർത്താവാണെന്ന് അദ്ദേഹം വാദിച്ചു. എല്ലാവർക്കും അല്ലാഹുവുമായി വ്യക്തിഗത ബന്ധമുണ്ടാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. കാലപ്രവാഹത്തിൽ ഇസ്‌ലാമിന്റെ ഭാഗമായി മാറിയ തെറ്റായ വിശ്വാസങ്ങൾ അദ്ദേഹം തിരുത്തുകയുണ്ടായി. ഉദാഹരണത്തിന് വാളുകൊണ്ടുള്ള ജിഹാദിനുപകരം തൂലിക കൊണ്ടുള്ള ജിഹാദാണ് വേണ്ടതെന്നു സ്ഥാപിച്ചു. എൺപതിലധികം ഗ്രന്ഥങ്ങൾ, അദ്ദേഹം രചിക്കുകയുണ്ടായി.

1967–ൽ ആദ്യമായി പരിശുദ്ധഖുർആനിന്റെ ഡാനിഷ് തർജമ അഹ്മദിയ്യ ജമാഅത്താണ് പ്രസിദ്ധീകരിച്ചത്. നോർത്തിലുള്ള ആദ്യത്തെ ഖുബ്ബരൂപത്തിലുള്ള മസ്ജിദ് ജമാഅത്തിന്റെ മഹിളാ സംഘടനയാണ് ഹവിഡോവ(Hvidover)റിൽ നിർമിച്ചത്. ഇവർ മുസ്‌ലിം ഫോർ പീസ് (സമാധാനകാംക്ഷികളായ മുസ്‌ലിംകൾ) എന്നും അറിയപ്പെടുന്നു. അതുകൂടാതെ സംവാദങ്ങൾ, മീറ്റിംഗുകൾ, എക്സിബിഷനുകൾ, ചാരിറ്റി ഫണ്ട് ശേഖരണം, രക്തദാനം, നിർധനർക്ക് വീടു വച്ചുകൊടുക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. ഇമാം സാഹിബ് പറയുന്നു: 'എല്ലാ മേഖലകളിലും സമാധാനം സ്ഥാപിക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം. 207 രാഷ്ട്രങ്ങളിലായി ദശലക്ഷക്കണക്കിനുള്ള ജമാഅത്തംഗങ്ങൾ വളരെ സജീവമായി സമൂഹത്തിന് ഉപകാരപ്രദമായ സേവനങ്ങൾ ചെയ്തുവരികയാണ്. ഞങ്ങളുടെ മുദ്രാവാക്യമായ 'എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ്' എന്നതിന്റെ അടിസ്ഥാനത്തിൽ ജാതിമതദേശവ്യത്യാസം നോക്കാതെ എല്ലാവരോടും സമാധാനപരവും സൗഹാർദപൂർണവുമായ ബന്ധം സ്ഥാപിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.' (ഈ പത്രത്തിന് അമ്പതിനായിരം വായനക്കാരുണ്ട്)

ദേശീയ പത്രമായ ക്രിസ്റ്റലൈറ്റ് ഡഗ്ബ്ലാഡ് (Kristelight Dagblad) 2016 മെയ് 11ന് നല്കിയ വാർത്ത. (ഒരു ലക്ഷത്തി പതിനഞ്ചായിരം വായനക്കാരുള്ള ഈ പത്രം രാജ്യത്തെ ഏറ്റവും വലിയ മതപത്രമാണ്)

**മുസ്‌ലിംകളുടെ നേതാവുമായി ചർച്ച് മിനിസ്റ്ററുമായുള്ള സമാധാനത്തെ സംബന്ധിച്ചുള്ള സംവാദം:**

അഹ്മദിയ്യാ മുസ്‌ലിംകളുടെ ആഗോളനേതാവ് കഴിഞ്ഞ ദിവസങ്ങളിൽ ഡെന്മാർക്ക് പര്യടനത്തിലായിരുന്നു. അദ്ദേഹം ചർച്ച് മിനിസ്റ്റർ ബെർടൽ ഹാർഡറു(Bertal Haarder)മായി സമാധാനത്തെ കുറിച്ച് സംവദിക്കുകയും മൂന്നാം ലോകമഹായുദ്ധത്തെ സംബന്ധിച്ച് ആശങ്ക പ്രകടിപ്പിക്കുകയും ചെയ്തു.

ഹിൽട്ടൺ ഹോട്ടലിലെ കോൺഫ്രൻസ് ഹാളായ എല്ലേഹാമർ ബൽറൂം (Ellehammer Ballroom)ൽ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദിനെ കാത്തിരിക്കുമ്പോൾ അവിടെയുള്ളവർ തങ്ങൾ ഖലീഫ അകത്തേക്ക് വരുമ്പോൾ എഴുന്നേറ്റു നില്ക്കണോ അദ്ദേഹത്തിന്റെ മുമ്പിൽ പിന്തിരിഞ്ഞിരിക്കാവുന്നതാണോ എന്നൊക്കെ ചർച്ച ചെയ്തുകൊണ്ടിരിക്കുകയായിരുന്നു.

അഹ്മദിയ്യാ മുസ്‌ലിംകളുടെ ആത്മീയ പരമോന്നത നേതാവ് മുസ്‌ലിം രാഷ്ട്രങ്ങളിൽനിന്നുമുള്ള എതിർപ്പ് കാരണമായി ലണ്ടനിൽ താമസിച്ചുകൊണ്ടാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. പതിനൊന്ന് വർഷങ്ങൾക്കുമുമ്പേ ഡാനിഷ് ജമാഅത്തംഗങ്ങളെ സന്ദർശിക്കാനായി അദ്ദേഹം കോപ്പൻഹേഗനിൽ വന്നിരുന്നു. അതിനുശേഷം അദ്ദേഹത്തിന്റെ വരവിനെ വളരെ ആകാംക്ഷയോടെയാണ് എല്ലാവരും കാത്തിരുന്നത്.

ക്യാമറകൾ വീണ്ടും സജ്ജമായി ജനങ്ങൾ ആദരസമേതം എഴുന്നേറ്റുനിന്നു. ബ്രൗൺ നിറത്തിലുള്ള ശേർവാണിയും തൂവെള്ളനിറത്തിലുള്ള തലപ്പാവും ധരിച്ചുകൊണ്ട് ഹാളിലേക്ക് പ്രവേശിച്ചപ്പോൾ ക്യാമറകൾ തുടരെത്തുടരെ മിന്നാൻ തുടങ്ങി. ചെമന്നപരവതാനിയിലൂടെ തികഞ്ഞ നിശബ്ദതയിൽ അദ്ദേഹം സ്റ്റേജിലേക്ക് കയറി. അവിടെ ചർച്ച് മിനിസ്റ്ററും കൾച്ചറൽ മിനിസ്റ്ററുമായ ബെർടൽ ഹാർഡറി(Bertal Haarder)ന്റേയും നുസ്റത്ത് ജഹാൻ മസ്ജിദ് ഹവിഡോവറിന്റെ(Hvidover) ഇമാമായ മുഹമ്മദ് സക്രിയ ഖാനിന്റെയും ഇടയ്ക്കുള്ള ഇരിപ്പിടത്തിൽ അദ്ദേഹം ആസനസ്ഥനായി. ഏകദേശം 150 അതിഥികൾ ക്ഷണിക്കപ്പെട്ടിരുന്നു. ഭക്ഷണസൽക്കാരത്തിനു മുമ്പേ നടന്ന പരിപാടിയുടെ തുടക്കം പരിശുദ്ധഖുർആനിന്റെ തിലാവത്തോടുകൂടിയാണ് ആരംഭിച്ചത്. അതിൽ ശത്രുക്കളോടുള്ള ഇടപാടുകളിൽപോലും നീതിയുറപ്പുവരുത്താനായി ഉണർത്തുകയുണ്ടായി. അതിനുശേഷം ബെർട്ടൽ ഹാർദർ(Bertal Haarder) പ്രസംഗിച്ചു. അതിന്റെ തുടക്കത്തിൽ, ചർച്ച് മിനിസ്റ്ററെന്ന നിലയിൽ ഡന്മാർക്കിലുള്ള എല്ലാ മതവിഭാഗങ്ങളുടെ ഇടയിലും സഹവർത്തിത്വത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കുകയെന്നത് തന്റെ ഉത്തരവാദിത്വമാണെന്ന് അദ്ദേഹം പറഞ്ഞു. തുടർന്നു പറഞ്ഞു: ഡന്മാർക്കിൽ സർക്കാരിന്റെ അടിസ്ഥാനത്തിൽ 160 മതസംഘടനയുണ്ട്. അവയിൽ ഓരോന്നിനും തങ്ങളുടെ മതത്തിൽ നിലകൊള്ളാനും പ്രവൃത്തിക്കാനും സൗകര്യമുണ്ട്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സവിശേഷതകളുള്ളതാണ്. അതിന്റെ അംഗങ്ങൾ ഈ സമൂഹത്തോട് ഇഴകിചേർന്നാണ് നില്ക്കുന്നത്. കഴിഞ്ഞ അമ്പതു വർഷമായി നിങ്ങൾ ഇവിടെയുണ്ട്. നിങ്ങളുടെ ശാന്തിപൂർണതയും പരസ്പര സഹവർത്തിത്വവും കണ്ട് ഞങ്ങൾ സന്തോഷവാന്മാരാണ്. നിങ്ങൾ തുറന്ന കൈകളോടെ ഈ മതത്തെ അവതരിപ്പിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. നിങ്ങളുടെ മോട്ടോ 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്നതാണ്. ബെർട്ടൽ ഹാർദർ (Bertal Haarder)പറഞ്ഞു: ഇത് സാധാരണ സന്ദേശമായി തോന്നാം. എന്നാൽ, അങ്ങനെയല്ല. അദ്ദേഹം വളരെ ഊന്നൽ നല്കികൊണ്ട് പറഞ്ഞു: 'തീവ്രവാദത്തിന്റെ ഭീതിതാവസ്ഥ നിലനില്ക്കുന്ന ഈ സമയത്ത് ഇതിന്റെ ആവശ്യകത വളരെയേറെയാണ്; പ്രത്യേകിച്ച് ഇസ്‌ലാമിന്റെ പേരിൽ ഒരുപാട് ആക്രമണങ്ങൾ ഉണ്ടാകുന്ന ഈ ഘട്ടത്തിൽ! അതുകൊണ്ടുതന്നെ ഇക്കാര്യം വളരെ പ്രധാനപ്പെട്ടതാണ്. ഇത് ഇസ്‌ലാമിന്റെ ഒരു ശാഖയാണ്. ഇത് തീർത്തും വ്യത്യസ്തമായ നിലയിൽ ഇസ്‌ലാമിനെ പ്രതിനിധാനം ചെയ്യുന്നു.' ചർച്ച് മിനിസ്റ്ററിന്റെ പ്രഭാഷണാനന്തരം മുഖ്യപ്രഭാഷണത്തിൽ

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് ഇസ്‌ലാമിനെക്കുറിച്ചുള്ള തെറ്റു ധാരണകളെക്കുറിച്ച് പ്രതിപാദിച്ചുകൊണ്ട് പറഞ്ഞു: ഇസ്‌ലാം എല്ലാ മനുഷ്യരേയും നാനാതരത്തിലുള്ള വെറുപ്പ്, ശത്രുത, തിന്മ എന്നിവയെ ദൂരീകരിക്കാനായി ഉപദേശിക്കുന്നു. അദ്ദേഹം പരസ്പര ബഹുമാനത്തിന്റേയും സ്നേഹത്തിന്റേയും കൊടിക്കീഴിൽ ഒരുമിച്ചു കൂടാൻ ഉദ്ബോധനം നല്കി. മൂന്നാംലോക മഹായുദ്ധത്തെക്കുറിച്ച് ഇപ്രകാരം അഭിപ്രായപ്പെട്ടു. ലോകം മുഴുവൻ അഗ്നിക്കിരയാക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ പരസ്പര ഭിന്നതകൾ കാരണമായി നടന്നു വരുന്നുണ്ട്. നാം സംശയങ്ങൾക്ക് അടിപ്പെടാൻ പാടില്ല. ഒരു ഭയാനകമായ യുദ്ധത്തിന്റെ നിഴൽ നമ്മുടെ മുമ്പാകെ വലയംവെച്ചുകൊണ്ടിരിക്കുന്നു. വിവിധ സംഘടനകളും ബ്ലോക്കുകളും നമ്മുടെ മുമ്പാകെ സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. നമ്മൾ യഥാർഥ സ്ഥിതിവിശേഷത്തെ വ്യക്തമാക്കാതെ മൂന്നാംലോക മഹായുദ്ധത്തിലേക്കാണ് നീങ്ങുന്നതെന്ന് ഞാൻ ഭയക്കുന്നു. ഈ യുദ്ധത്തിന്റെ അനന്തരഫലങ്ങൾ ഇപ്പോഴെ കാണാൻ തുടങ്ങിയിരിക്കുന്നുവെന്നു പറഞ്ഞാൽ തെറ്റാകില്ല. അദ്ദേഹം ഊന്നൽ നല്കിക്കൊണ്ട് പറഞ്ഞു. മതം, വർണം, വംശീയ ഭേദങ്ങൾ വകവെക്കാതെ നമ്മൾ പരസ്പരം ബഹുമാനിച്ചാൽ മാത്രമെ നമ്മുടെ വരുംതലമുറകൾ സുരക്ഷിതരാകുകയുള്ളു.

പലായനം ചെയ്യുന്നവരുടെ ഇപ്പോഴത്തെ അവസ്ഥയും യൂറോപ്പിലെ കുടിയേറ്റക്കാരുടെ ഒഴുക്കിനെക്കുറിച്ചും ചർച്ച ചെയ്യപ്പെട്ടു. ഖലീഫ ഉറപ്പിച്ചു പറഞ്ഞു, 'ദശലക്ഷക്കണക്കിന് കുടിയേറ്റക്കാരെ പാർപിക്കാൻ ആർക്കും നിഷ്പ്രയാസം സാധിക്കില്ല. അതുകൊണ്ട് ഇതിന്റെ യഥാർഥ പരിഹാരമെന്നാണോ കുടിയേറ്റക്കാരുടെ സ്വദേശത്ത് സമാധാനാവസ്ഥ സംജാതമാക്കാനുള്ള മാർഗം അവലംബിക്കേണ്ടതുണ്ട്. അവരുടെ രാഷ്ട്രങ്ങളിലുള്ള ആക്രമണങ്ങളേയും പീഡനങ്ങളേയും തടയാനുള്ള ശ്രമങ്ങൾ വേണ്ടതുണ്ട്. അദ്ദേഹം പൊളിറ്റിക്കൽ ലീഡർമാരോടും രാഷ്ട്രീയനിരീക്ഷകരോടും സമാധാനാവസ്ഥ സ്ഥാപിക്കാനുള്ള ഒരവസരവും പാഴാക്കരുതെന്ന് ഉണർത്തി. രാത്രിഭക്ഷണ സൽക്കാരത്തിനു മുമ്പേ ഖലീഫ ദുആക്ക് നേതൃത്വം നല്കി. അദ്ദേഹം വരുമ്പോഴുണ്ടായതുപോലെ ബഹുമാനാദരങ്ങളോടെ വിടവാങ്ങി.

## 2016 മെയ് 12 (വ്യാഴാഴ്ച)

പുലർച്ചെ 4.10ന് ഹുദൂർ (അയ്യദഹുല്ലഹ്) മസ്ജിദ് മഹ്മൂദിൽ ആഗതനായി സുബ്ഹി നമസ്കരിപ്പിച്ചു. നമസ്കാരാനന്തരം അദ്ദേഹം താമസസ്ഥലത്തേക്ക് പോയി.

രാവിലെ ഹദൂർ ഓഫീസ് കത്തുകളും റിപ്പോർട്ടുകളും കത്തുകളും പരിശോധിച്ചു. ആ കത്തുകളിലും റിപ്പോർട്ടുകളിലും നിർദേശങ്ങൾ എഴുതി. ഹുദൂർ ഓഫീസ് സംബന്ധമായി കാര്യങ്ങളിൽ വ്യാപൃതനായി.

രണ്ടുമണിക്ക് ഹുദൂർ മസ്ജിദ് മഹ്മൂദിൽ വന്ന് ളുഹർ, അസ്ർ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു. ശേഷം ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.

വൈകുന്നേരവും ഹുദൂർ ഓഫീസ് കാര്യങ്ങളിൽ മുഴുകി.

പ്രോഗ്രാമനുസരിച്ച് ഹുദൂർ ഏഴുമണിക്ക് ഓഫീസിൽ വന്ന് കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച ആരംഭിച്ചു. ഈ സെഷനിൽ 23 കുടുംബങ്ങളിലെ 76 അംഗങ്ങൾക്ക് തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി കൂടിക്കാഴ്ച നടത്താനുള്ള തൗഫീഖ് ലഭിച്ചു. ഹുദൂർ വിദ്യാർഥിവിദ്യാർഥിനികൾക്ക് പേനകളും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റുകളും സമ്മാനിച്ചു. എല്ലാവർക്കും ഹുദൂറിനൊപ്പം ഫോട്ടോ എടുക്കുവാനുള്ള സൗഭാഗ്യമുണ്ടായി. മാൽമോ, ഗോട്ടൻ ബർഗ്, ലോലിയോ എന്നീ പ്രദേശങ്ങളിൽ നിന്നുള്ള കുടുംബങ്ങൾക്കാണ് ഹുദൂർ സന്ദർശനം അനുവദിച്ചത്. ഗോട്ടൻബർഗ് 285 കിലോമീറ്ററും ലോലിയോ 1510 കിലോമീറ്ററും ദൂരെയാണ് സ്ഥിതി ചെയ്യുന്നത്. 8.50വരെ കൂടിക്കാഴ്ച നീണ്ടു. തുടർന്ന് 9.15ന് ഹുദൂർ അൻവർ (അയ്യദഹുല്ലാഹ്) മസ്ജിദ് മഹ്മൂദിലെത്തി മഗ്രിബ് ഇശാ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരശേഷം ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങുകയുണ്ടായി.

മാൽമോ പട്ടണത്തിൽ എഴുപതുകളിൽ ചില അഹ്മദികൾ താമസത്തിനായി വരികയും അങ്ങനെ ജമാഅത്ത് രൂപീകരിക്കപ്പെടുകയുമാണുണ്ടായത്. 1984ൽ ജമാഅത്ത് ഇവിടെയുള്ള ക്ലോജെറുപ്സി(Klogerups)ൽ ജമാഅത്തിന്റെ കേന്ദ്ര പ്രവർത്തനങ്ങൾക്കുവേണ്ടി ആയിരത്തി ഒരുനൂറ് സ്കയർ മീറ്ററുള്ള ഇരുനില കെട്ടിടം വാങ്ങുകയും ബയ്ത്തുൽ മഹ്മൂദ് എന്ന് നാമകരണം ചെയ്യുകയും ചെയ്തു. ഇതിന്റെ ഒരു ഹാൾ പുരുഷന്മാർക്കും മറ്റൊരു ഹാൾ സ്ത്രീകൾക്കുമായി മസ്ജിദിന്റെ രൂപത്തിൽ മാറ്റിയെടുത്തു. അതുകൂടാതെ ഇതിൽ ഓഫീസുകളും താമസിക്കാനുള്ള അപ്പാർട്ട്മെന്റുകളുമുണ്ട്. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹാതിരേകത്താൽ സ്വീഡൻ ജമാഅത്തിന് മാൽമോയിൽ ഒരു വിശാലമായ ഇരുനില കെട്ടിടവും മസ്ജിദ് മഹ്മൂദും ഉൾപെടെ ഒരു വലിയ കോംപ്ലക്സും നിർമിക്കാനുള്ള തൗഫീഖ് നല്കുകയുണ്ടായി. മാൽമോ ജമാഅത്തിലെ ഒരു മെമ്പർ ഇഹ്സാനുല്ലാഹ് സാഹിബ് അയ്യായിരം സ്കയർ മീറ്റർ ഭൂമി വാങ്ങി ജമാഅത്തിന് സമർപിക്കുകയുണ്ടായി. ഹുദൂർ അൻവർ (അയ്യദഹുല്ലാഹ്) 2005 സെപ്തംബർ 12ന് സ്വീഡൻ പര്യടനവേളയിൽ മാൽമോയിൽനിന്ന് ഗോട്ടൻബർഗിലേക്ക് പോകുന്നതിന് മുമ്പേ ഈ ഭൂമി കാണുകയുണ്ടായി. ഈ മസ്ജിദിന്റെ നിർമാണം 2013 ജൂണിലാണ് തുടങ്ങിയത്. മസ്ജിദിന്റെ സ്ഥലം ഒരു കുന്നിൻപ്രദേശത്ത് പ്രധാന ദേശീയപാതയുടെ സമീപത്തായി പ്രകടമായി കാണുന്നവിധത്തിലാണ് സ്ഥിതിചെയ്യുന്നത്. ഈ ഹൈവേ E22, E6 നോർവെയേയും സ്വീഡനേയും മുഴുവൻ യൂറോപ്പുമായും ബന്ധിപ്പിക്കുന്നു. അതുപോലെ സ്വീഡന്റെയും നോർവെയുടെയും എല്ലാ വലിയ നഗരങ്ങളുമായും ബന്ധിപ്പിക്കുന്നു. ഈ ഹൈവേയിലൂടെ സഞ്ചരിക്കുമ്പോൾ വിദൂരത്തു നിന്നുതന്നെ മസ്ജിദിന്റെ ഗംഭീരകെട്ടിടം കാണുന്നതാണ്. ഇതിലൂടെ ദിവസവും ആയിരക്കണക്കിന് വാഹനങ്ങൾ കടന്നുപോകുന്നുണ്ട്. പോകുന്നവരെല്ലാം ഈ മസ്ജിദ് കാണുന്നുമുണ്ട്.

ഈ കോംപ്ലക്സിന് 2353 ചതുരശ്രഅടി വിസ്തീർണമുണ്ട്. അഞ്ചു കെട്ടിടങ്ങളാണുള്ളത്. മസ്ജിദ് മഹ്മൂദിന് 1494 ചതുരശ്രഅടി വിസ്തീർണമാണുള്ളത്. സ്പോർട്സ്, മൾട്ടിപര്പ്പസ് ഹാൾ എന്നിവ 750 ചതുരശ്രഅടിയുണ്ട്. മുറബ്ബിഹൗസ്110 ചതുരശ്രഅടിയുണ്ട്. എനർജിറൂം 70 ചതുരശ്രഅടിയാണ്. അതുകൂടാതെ ഒരു ഗസ്റ്റ് ഹൗസുണ്ട്. വിവിധ ഓഫീസുകളുമുണ്ട്. രണ്ട് ഓഫീസുകൾ എം.ടി.എയുടേതാണ്. മൂന്ന് ഓഫീസുകൾ ലജ്ന ഇമാഇല്ലായുടേതാണ്. മസ്ജിദിനോട് ചേർന്നുള്ള മൂന്ന് ഓഫീസുകൾ ജമാഅത്ത് ഭാരവാഹികളുടെ ഉപയോഗത്തിനാണ്. മെയിൻ ഗേറ്റിന് സമീപം ഒരു ഓഫീസുണ്ട്. എക്സിബിഷൻ ഹാൾ, ലൈബ്രറി എന്നിവയുമുണ്ട്.

മസ്ജിദിനകത്ത് താഴത്തെ നിലയിൽ സ്ത്രീകൾക്കും രണ്ടാം നിലയിൽ പുരുഷന്മാർക്കുമുള്ള ഹാളുകളാണ്. ഇരുഹാളുകളിലും അഞ്ഞൂറുപേർക്കുവീതം നമസ്കരിക്കാവുന്നതാണ്. സ്പോർട്സ്ഹാളിൽ 700 പേർക്ക് നമസ്കരിക്കാനാവും. അപ്രകാരം ആകെ 1700 പേർക്കുള്ള നമസ്കാരസ്ഥലമുണ്ട്. ഹുദൂർ തിരുമനസ്സാണ് മസ്ജിദിന്റെ പേര് മസ്ജിദ് മഹ്മൂദ് എന്നുവച്ചത്.

സ്വീഡനിലെ രണ്ടാമത്തെ അഹ്മദിയ്യാ മസ്ജിദാണിത്. ആദ്യത്തെ മസ്ജിദ് 1976–ൽ ഗോട്ടൻബർഗിലെ മസ്ജിദ് നാസിറാണ്. നാല്പത് വർഷത്തിനുശേഷം ഇവിടെ മാൽമോ പട്ടണത്തിലാണ് രണ്ടാമത്തെ മസ്ജിദ് നിർമിക്കുന്നത്.

അതുകൂടാതെ രാജ്യതലസ്ഥാനമായ സ്റ്റോക്ക്ഹോമിൽ ജമാഅത്തിന്റെ സെന്ററായ ബയ്ത്തുൽ ആഫിയ്യത്ത് ഉണ്ട്. ഈ വർഷം ലോലിയോ നഗരത്തിലും ജമാഅത്ത് സെന്റർ തുറന്നിട്ടുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ സ്വീഡൻ ജമാഅത്ത് പുരോഗതിയുടെ പുതിയ ഘട്ടത്തിൽ പ്രവേശിച്ചിരിക്കുകയാണ്.

### മസ്ജിദ് മഹ്മൂദിന്റെ ഉൽഘാടനവും മാധ്യമങ്ങളുടെ കവറേജും:

സ്വീഡനിലെ ഇലക്ട്രോണിക് മീഡിയകളിലും പ്രിന്റ് മീഡിയകളിലും മസ്ജിദ് മഹ്മൂദിന്റെ ഉദ്ഘാടനത്തെ സംബന്ധിച്ച് കവറേജ് നൽകുകയുണ്ടായി.

★ സ്വീഡിഷ് ടെലിവിഷൻ സ്ക്യാൻ ടി.വി ചാനൽ 'പുതിയ മസ്ജിദിന്റെ പാവനമായ സന്ദർശനം' എന്ന ശീർശകത്തിൽ വാർത്ത നല്കിക്കൊണ്ട് പറഞ്ഞു: മാൽമോയിൽ പുതിയ മസ്ജിദിന്റെ ഉദ്ഘാടനം നടക്കുകയാണ്. ഇതിന്റെ നിർമാണ ചെലവ് പൂർണമായും അഹ്മദിയ്യാ വിഭാഗമാണ് നിർവഹിച്ചിട്ടുള്ളത്. എല്ലാ വിധത്തിലുള്ള തീവ്രവാദ പ്രവർത്തനങ്ങളേയും ഇവർ അപലപിക്കുന്നു. മിർസാ മസ്റൂർ അഹ്മദ് സാഹിബ് പറയുന്നത് ഞങ്ങളുടെ മോട്ടോ 'ലൗ ഫോർ ഓൾ, ഹേട്രഡ് ഫോർ നൺ എന്നാണെന്നാണ്. ഇദ്ദേഹം ജമാഅത്ത് അഹ്മദിയ്യായുടെ പരമോന്നത നേതാവാണ്. മാൽമോയിൽ മസ്ജിദ് ഉദ്ഘാടനത്തിനായി വന്നതാണ്. റോഡിനരികിൽ മോട്ടോർവേയിലൂടെ കടന്നുപോകുന്നവർ ഈ മസ്ജിദിന്റെ ദൃശ്യം കണ്ടിരിക്കും. ഈ മസ്ജിദിന്റെ പേര് 'മസ്ജിദ് മഹ്മൂദ്' എന്നാണ്. ജമാഅത്തിന്റെ രണ്ടാം ഖലീഫയുടെ പേരിലാണിതുള്ളത്. ബുധനാഴ്ച ദിവസം മീഡിയക്കുവേണ്ടി മസ്ജിദിന്റെ വാതിലുകൾ തുറന്നിട്ടിരുന്നു. ലോലിയോയിൽനിന്ന് വന്ന വസീം അഹ്മദ് സാജിദ് പറയുന്നത്, 'ഇവിടെ വരാനായത് വലിയ കാര്യമായി കണക്കാക്കുന്നുവെന്നും തന്നെ സംബന്ധിച്ചിടത്തോളം ഇതൊരു ബഹുമതിയാണെന്നുമാണ്.' ഫാരിദ നിൽസൺ എന്ന പേരുള്ള ഒരു സ്വീഡിഷ് പെൺകുട്ടിയും തന്റെ ആത്മീയനേതാവിനെ കാണാനായി വന്നിട്ടുണ്ട്. അവർ പറഞ്ഞു, ഞാൻ ഇന്നിവിടെ വന്നിരിക്കുന്നത് ഹുദൂറുമായി കൂടിക്കാഴ്ച നടത്താനാണ്. എനിക്ക് ഇത് വളരെ സന്തോഷഭരിതമായ നിമിഷങ്ങളാണ്. ഞാൻ ലണ്ടനിൽവച്ച് ഒരുതവണ ഇദ്ദേഹത്തെ കണ്ടിട്ടുണ്ട്.'

മാൽമോ ജമാഅത്തിൽ ആകെ 300 അംഗങ്ങളാണുള്ളത്. സ്വീഡനിൽ ആയിരവും ലോകത്ത് ദശലക്ഷങ്ങളും അഹ്മദികളുണ്ട്. ജമാഅത്ത് അഹ്മദിയ്യാ ഒരു സുന്നി വിഭാഗമാണ്. ഇതിന്റെ

( ശേഷം പേജ് 12ൽ)

# മുസ്‌ലിം കുടിയേറ്റക്കാരും ഉൽഗ്രഥനവും

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹ്)**
**വിവർത്തനം:കെ. വി. ഹസ്സൻകോയ, കോഴിക്കോട്**

(ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പരമോന്നത നേതാവ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് അഞ്ചാമൻ 2018 സപ്തംബറിൽ ജർമനി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വാർഷിക സമ്മേളനത്തിൽ ആയിരത്തോളം വിശിഷ്ട വ്യക്തികളെ സംബോധന ചെയ്തുനടത്തിയ പ്രസംഗം)

തശഹ്ഹുദും, തഅവ്വുദും ബിസ്മിയും ചൊല്ലിയ ശേഷം ഹുദൂർ പറഞ്ഞു:വിശിഷ്ടാതിഥികളായ നിങ്ങൾക്കെല്ലാവർക്കും അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു. നിങ്ങളെല്ലാവരിലും അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവും ഉണ്ടാകുമാറാകട്ടെ.

ഈയ്യിടെയായി ജർമനിയിലും മറ്റു പല പാശ്ചാത്യ രാജ്യങ്ങളിലും വലതുപക്ഷ തീവ്രവാദികൾ ഔന്നത്യം നേടുകയും അവരുടെ അംഗസംഖ്യ വർധിച്ചുകൊണ്ടിരിക്കുകയുമാണ്. ഈ അപകടകരമായ പ്രവണതയുടെ മൂലകാരണം തദ്ദേശ പൗരന്മാരുടെ ഇഷ്ടക്കേടും മോഹഭംഗവുമാണ്. തങ്ങൾ അവഗണിക്കപ്പെടുകയാണെന്നും, തങ്ങളുടെ അവകാശങ്ങൾ തങ്ങളുടെ നേതാക്കന്മാരും ഗവർമ്മെന്റും സംരക്ഷിക്കുന്നില്ലെന്ന് അവർക്ക് തോന്നുന്നു. അവരുടെ ഉൽകണ്ഠയ്ക്ക് വേഗം കൂട്ടുന്ന പ്രധാന ഘടകം ഈയ്യിടെയായി നിരവധി പാശ്ചാത്യരാജ്യങ്ങളിലേക്കുള്ള കുടിയേറ്റക്കാരുടെ പെട്ടെന്നുള്ള പ്രവാഹമാണെന്നുള്ള വസ്തുത ചോദ്യം ചെയ്യപ്പെടാനാവാത്തതാണ്. ജർമനിയിലെ സ്ഥിതിയും ഇതുതന്നെയാണ്. മറ്റു യൂറോപ്യൻ രാജ്യങ്ങളെ അപേക്ഷിച്ച് കൂടുതലായി കുടിയേറ്റക്കാർ ഇവിടെ പ്രവഹിച്ചിട്ടുള്ളത് ജർമനിയിലേക്കാണ്. അതിന്റെ ഫലമായി തദ്ദേശീയരായ ആളുകൾ ഭയപ്പെടുന്നത് തങ്ങളുടെ സമൂഹത്തിൽ മനസ്സിലാക്കാൻ സാധിക്കാത്തവിധം മാറ്റങ്ങളുണ്ടാകുന്നുവെന്നാണ്. തങ്ങളുടെ രാജ്യത്തിന്റെ വിഭവങ്ങൾ ആനുപാതികമല്ലാത്തവിധം ഈ കുടിയേറ്റക്കാർക്കുവേണ്ടി ഉപയോഗിക്കപ്പെടുന്നതായി അവർ ഭയപ്പെടുന്നു. കുടിയേറ്റക്കാരൻ എന്ന പ്രയോഗംകൊണ്ട് മിക്ക ആളുകളുടെയും പ്രശ്നം ഇസ്‌ലാം ആണ്. യൂറോപ്പിലേക്കുള്ള കുടിയേറ്റക്കാരിൽ ഭൂരിപക്ഷവും യുദ്ധം മുഖേന ദുരിതമനുഭവിക്കുന്ന മധ്യപൗരസ്ത്യദേശത്തെ മുസ്‌ലിംകളാണ്. അപ്രകാരം വലതുപക്ഷ തീവ്രവാദികളും അവരുടെ അനുകൂലികളും കുടിയേറ്റത്തിന്നെതിരിൽ ആളുകളെ ഒരുമിച്ചുകൂട്ടാൻ ആഹ്വാനം ചെയ്യുന്നു. അവരുടെ ലക്ഷ്യം മുസ്‌ലിംകളാണ്. അവരുടെ ഉദ്ദേശ്യം തങ്ങളുടെ രാഷ്ട്രങ്ങളിൽ മുസ്‌ലിംകൾ പ്രവേശിക്കുന്നത് തടയുകയാണ്. അവരുടെ വീക്ഷണത്തിൽ ഇസ്‌ലാമിന് പാശ്ചാത്യമൂല്യങ്ങളുമായി പൊരുത്തപ്പെടാൻ സാധിക്കില്ല. മുസ്‌ലിംകൾക്ക് പാശ്ചാത്യരുമായി വിജയപൂർവ്വം ഉൽഗ്രഥിക്കാൻ സാധിക്കില്ലെന്നും അവർ മറ്റു പൗരന്മാർക്ക് ഒരു ഭീഷണിയായിരിക്കുമെന്നുമുള്ള തങ്ങളുടെ വിശ്വാസം പ്രചരിപ്പിക്കുവാൻ അവർ കഠിനാധ്വാനം ചെയ്യുന്നു.

അതിലുപരി, നിരവധി അമുസ്‌ലിംകൾ വിശ്വസിക്കുന്നത് ഇസ്‌ലാം തീവ്രവാദത്തിന്റെ മതമാണെന്നാണ്. കുടിയേറ്റക്കാരായ മുസ്‌ലിംകൾ തീവ്രവാദികളോ മതഭ്രാന്തരോ ആണെന്ന് അവർ സങ്കല്പിക്കുന്നു. അവർ സമൂഹത്തെ വിഷലിപ്തമാക്കുമെന്നും തങ്ങളുടെ രാഷ്ട്രത്തിൽ സമാധാനത്തിനും ക്ഷേമത്തിനും ഭംഗമുണ്ടാക്കുമെന്നും അവർ കരുതുന്നു. തീർച്ചയായും ഈ ആപൽഭയം ഈ രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ പ്രത്യേകിച്ചും കിഴക്കൻ ജർമനിയിൽ പടർന്നുപിടിച്ചിരിക്കുന്നു. അപ്രകാരം മസ്ജിദുകൾ നിർമിക്കുന്നത് നിരോധിക്കാനുള്ള നീക്കങ്ങളും പ്രചാരണപ്രവർത്തനങ്ങളും ഉണ്ടായിട്ടുണ്ട്.

ഞങ്ങൾ, അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തും ഇത്തരം എതിർപ്പിൽനിന്ന് സുരക്ഷിതരല്ല. ജർമനിയിലെ ചില ഗ്രൂപ്പുകൾ ഞങ്ങൾക്കെതിരിൽ സജീവമായ പ്രചാരണപ്രവർത്തനങ്ങൾ നടത്തുകയും പുതിയ മസ്ജിദുകൾ നിർമിക്കുന്നത് തടയാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. ഞങ്ങളുടെ മുദ്രാവാക്യം 'എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ്' എന്നതായിട്ടുപോലും അവർ ഞങ്ങൾക്കെതിരിൽ പ്രചാരണപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഏകദേശം 130 വർഷമായി ഞങ്ങളുടെ ജമാഅത്ത് ലോകത്തെല്ലായിടങ്ങളിലും സമാധാനവും സാഹോദര്യവും സ്നേഹവും സഹാനുഭൂതിയും സ്ഥാപിക്കുന്നതിൽ മുന്നണിയിലുണ്ട് എന്നതാണ് യാഥാർഥ്യം. എവിടെയെല്ലാം ഞങ്ങൾ മസ്ജിദുകൾ നിർമിക്കുകയോ സ്ഥാപിക്കുകയോ ചെയ്തിട്ടുണ്ടോ അവിടെയുള്ള ജനങ്ങളുടെ ഭയാശങ്കകൾ വേഗത്തിൽ ബാഷ്പീകരിച്ചിട്ടുണ്ട് എന്നതിന് ഞങ്ങളുടെ ചരിത്രം സാക്ഷ്യം വഹിക്കുന്നു. തുടക്കത്തിൽ ഞങ്ങളെ സംശയദൃഷ്ടിയോടെ വീക്ഷിച്ചവർ പെട്ടെന്നുതന്നെ ഞങ്ങളുടെ കൂറുള്ള സ്നേഹിതന്മാരും ആത്മാർഥതയുള്ള അനുകൂലികളുമായിട്ടുണ്ട്. ലോകം മുഴുവനും ഞങ്ങളുടെ അയൽവാസികൾ അഹ്മദിമുസ്‌ലിംകൾ സമൂഹത്തിൽ സമാധാനം സ്ഥാപിക്കുന്നവരും സ്നേഹത്തിന്റേയും സഹാനുഭൂതിയുടേയും മാനുഷിക സഹതാപത്തിന്റേയും സന്ദേശം പരത്തുന്നവരുമാണെന്ന് സന്തോഷപൂർവ്വം സാക്ഷ്യം വഹിച്ചിട്ടുണ്ട്. എന്നിട്ടും മുസ്‌ലിം ലോകത്തിന്റെ ഭീഷണമായ അവസ്ഥ കാരണം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനും പ്രത്യാഘാതങ്ങൾ അനുഭവിക്കേണ്ടിവന്നിട്ടുണ്ട്.

വിപുലമായ കുടിയേറ്റത്തെ എതിർക്കുന്നവർ ഉന്നയിക്കുന്ന മറ്റൊരു ആരോപണം കുടിയേറ്റക്കാർ സ്ത്രീകളെ ലൈംഗികമായി ദുരുപയോഗപ്പെടുത്തുകയോ പീഢിപ്പിക്കുകയോ ചെയ്യുന്ന പ്രവണതയുള്ളവരാണെന്നാണ്. വ്യവസനകരമെന്നു പറയട്ടെ ഈയ്യിടെയുള്ള ഒരു റിപ്പോർട്ട് സൂചിപ്പിക്കുന്നത് ഒരു പാശ്ചാത്യരാജ്യത്ത് നടന്ന മാനഭംഗത്തിന്റേയും മാനഭംഗശ്രമത്തിന്റേയും പിന്നിൽ ആനുപാതികമായി കൂടുതൽ കുടിയേറ്റക്കാരായിരുന്നുവെന്നാണ്. ഈ കണക്ക് കൃത്യമാണോ എന്ന് ദൈവത്തിനേ അറിയൂ. എന്നാൽ, ഇത്തരത്തിലുള്ള റിപ്പോർട്ടുകൾ പരസ്യമാക്കുമ്പോൾ അത് മറ്റു രാഷ്ട്രങ്ങളേയും ബാധിക്കുന്നു. തദ്ദേശജനങ്ങളുടെ ഭയാശങ്കകൾ വർധിക്കുകയും ചെയ്യുന്നു.

നിരവധി പാർട്ടികളും രാഷ്ട്രീയക്കാരും ഉന്നയിക്കുന്ന മറ്റൊരു പ്രശ്നം കുടിയേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതുമൂലമുണ്ടാകുന്ന നികുതിഭാരമാണ്. ദൈനംദിന ചെലവുകൾക്ക് പുറമേ, വിപുലമായ തോതിലുള്ള കുടിയേറ്റം കാരണം ഉണ്ടാകുന്ന ആന്തരഘടനാ ചെലവുകളും എല്ലാം കൂടി വമ്പിച്ച സാമ്പത്തികഭാരമായിരിക്കും എന്നതാണ്. രാജ്യത്തിന്റെ ഈ ഭാരം അവസാനം ചെന്നെത്തുന്നത് നികുതിദായകരിലാണ്. രാജ്യത്ത് ജീവിക്കുകയും നികുതിയടക്കുകയും ചെയ്തവർ ചോദിക്കുന്നത്, തങ്ങൾ രാജ്യത്തിന് നല്കുന്ന പണം വിദേശികളായ കുടിയേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിന് ചെലവഴിച്ചുകൊണ്ട് നിലവിലുള്ള പൗരന്മാർക്ക് ഗുണപ്രദമായ പദ്ധതികൾക്കുവേണ്ടി ചെലവഴിക്കാതിരിക്കുന്നത് നീതിയാണോ എന്നാണ്.

ഇതെല്ലാം സംയുക്തികമായ പ്രശ്നങ്ങൾക്കും യഥാർഥമായ ആശങ്കയ്ക്കും കാരണമാണോ എന്ന കാര്യത്തിൽ ഞാൻ തർക്കിക്കുന്നില്ല. ഈ പ്രശ്നങ്ങൾ ബുദ്ധിപൂർവ്വകമായി കൈകാര്യം ചെയ്തില്ലെങ്കിൽ സമൂഹത്തിൽ പിരിമുറുക്കം വർധിക്കും. അതുകൂടാതെ, ഉയർന്നതോതിൽ കുടിയേറ്റമുണ്ടാകുമ്പോൾ അനിവാര്യമായും അത് സുരക്ഷാപ്രശ്നങ്ങളിലേക്ക് നയിക്കും. യഥാർഥത്തിൽ, തെളിയിക്കപ്പെട്ട കാര്യമെന്തെന്നാൽ ശരിയായ അഭയാർഥികളുടെ ഇടയിൽ വമ്പിച്ച ദോഷം വരുത്തുവാൻ കഴിവുള്ള കുടിയേറ്റക്കാർ ഒളിച്ചിരിപ്പുണ്ടാകും എന്നതാണ്. ഉദാഹരണമായി ചില ദിവസങ്ങൾക്ക് മുമ്പേ, ജർമനിയിൽ താമസിക്കുന്ന ഒരു വനിതാ അഭയാർഥി, മുമ്പൊരിക്കൽ തട്ടിക്കൊണ്ടുപോകപ്പെട്ട് ഇറാഖിൽ അടിമയാക്കിവെക്കപ്പെട്ടിട്ടുണ്ടായിരുന്നു. അവരുമായി ഒരു അഭിമുഖം നടന്നു. ഒരു ഭീകരസംഘത്തിലെ അംഗമായിരുന്നു തന്നെ തട്ടിക്കൊണ്ടുപോയത്. എന്നാൽ, അയാൾ മർദ്ദിതനാണെന്ന നാട്യേന അഭയാർഥിയായി ഇവിടെ ജർമനിയിൽ സ്വതന്ത്രമായി വിഹരിക്കുന്നുവെന്നറിഞ്ഞപ്പോൾ താനെത്രമാത്രം ഭയപ്പെട്ടുപോയി എന്നവർ പറഞ്ഞു. ഇക്കാര്യം ഞാൻ മുമ്പേയൊരിക്കൽ താക്കീതായി പറഞ്ഞതാണ്. ഓരോ കേസും അപഗ്രഥിക്കപ്പെടണം. തീവ്രവാദികൾ അഭയാർഥികളെന്ന ഭാവേന രാജ്യത്ത് പ്രവേശിക്കാൻ അനുവദിക്കപ്പെടരുത്. ഏതായാലും ഈ പ്രശ്നങ്ങൾ അർഥമാക്കുന്നത്, മുസ്‌ലിം രാജ്യങ്ങളിൽനിന്നുള്ള കൂട്ടായ കുടിയേറ്റം ഉളവാക്കുന്ന ആശങ്ക ഒരു പരിധിവരെ ന്യായീകരിക്കപ്പെടാവുന്നതാണ് എന്നാണ്.

എന്നിരിക്കിലും, മറുവശത്ത് നീതിബോധമുള്ള ബുദ്ധിമാനായ ഒരാൾ സംഗതിയുടെ രണ്ടു വശവും പരിഗണിക്കണം. മുസ്‌ലിംകളേയും ഇസ്‌ലാമിനേയും കുറിച്ചുള്ള തന്റെ ധാരണ വെറും കേട്ടുകേൾവിയുടെ അടിസ്ഥാനത്തിലാവരുത്. ഏതെങ്കിലും ഒരാൾ ഇസ്‌ലാമിനെ ഭീകരവാദത്തിന്റെ മതമായി മുദ്രകുത്തുന്നു, അല്ലെങ്കിൽ ഒരാൾ മുസ്‌ലിംകളെല്ലാം തീവ്രവാദികളാണെന്ന് അവകാശപ്പെടുന്നു എന്നതുകൊണ്ടുമാത്രം അത് സത്യമാവുന്നില്ല. ഒരു നിഗമനത്തിലെത്തുന്നതിന് മുമ്പേ കാര്യങ്ങൾ യുക്തിപൂർവ്വവും വസ്തുനിഷ്ഠമായും പരിശോധിക്കുകയെന്നത് വളരെ നിർണ്ണായകമാണ്. അതുകൊണ്ട് ഒരുറച്ച നിഗമനത്തിലെത്തുന്നതിനു മുമ്പേ ഇസ്‌ലാമികാധ്യാപനങ്ങൾ തീവ്രവാദ സ്വഭാവമുള്ളതാണോ എന്ന് അന്വേഷണം നടത്തുകയും സത്യമെന്താണെന്ന് കാണുകയും വേണം. ചില നാമധാരികളായ മുസ്‌ലിംകളുടെ ദുഷ്പ്രവൃത്തികൾ ഇസ്‌ലാമികാധ്യാപനങ്ങളാൽ പ്രേരിതമാണോ എന്ന് അപഗ്രഥിക്കണം.

യഥാർഥത്തിൽ തീവ്രവാദം ഇസ്‌ലാം അനുവദിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക. അല്ലെങ്കിൽ അക്രമവും വിദ്വേഷവും പ്രചരിപ്പിക്കുന്നവർക്ക് അത് വല്ല ശിക്ഷയും നിർദ്ദേശിക്കുന്നുണ്ടോ? വിശ്വാസത്തിന്റെ പേരിൽ രാജ്യത്ത് നിയമലംഘനം നടത്താൻ ഇസ്‌ലാം അനുവദിക്കുന്നുണ്ടോ? സമൂഹത്തിലുള്ള അവരുടെ സ്വഭാവത്തിന്റെ കാര്യത്തിൽ എന്തു പ്രതീക്ഷകളാണ് ഇസ്‌ലാം മുസ്‌ലിംകളുടെമേൽ വച്ചിട്ടുള്ളത്? രാജ്യത്തിനുമേൽ ഭാരം ചുമത്താൻ ഇസ്‌ലാം മുസ്‌ലിംകളെ പ്രേരിപ്പിക്കുന്നുണ്ടോ? അല്ലെങ്കിൽ തങ്ങൾ ജീവിക്കുന്ന സമൂഹത്തിൽ ക്രിയാത്മകമായ രീതിയിൽ സഹായിക്കുകയും കൂറുപുലർത്തുകയും കഠിനാധ്വാനം ചെയ്യുകയും ചെയ്യുന്നതിനെ പ്രോത്സാഹിപ്പിക്കുകയാണോ? തങ്ങളുടെ മതത്താൽ പ്രേരിതരായാണ് മുസ്‌ലിംകൾ തെറ്റ് ചെയ്യുന്നതെന്ന് തെളിയിക്കപ്പെട്ടാൽ വലതുപക്ഷ തീവ്രവാദികളുടെ ആശങ്ക നീതീകരിക്കത്തക്കതാണ്. എന്നാൽ, അവരുടെ പ്രവൃത്തികൾക്ക് ഇസ്‌ലാമുമായി ബന്ധമില്ലെങ്കിൽ പിന്നെന്ത്? ഇസ്‌ലാംവിരുദ്ധ ഗ്രൂപ്പുകൾ വിദ്വേഷജനകമായ കല്പിതകഥകൾ പ്രചരിപ്പിക്കുന്നത് കാല്പനികതയുടെ അടിസ്ഥാനത്തിലാണ്; യാഥാർഥ്യമതല്ലെങ്കിൽ പിന്നെന്ത്? വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ ഇത്തരം ചോദ്യങ്ങൾക്കുള്ള ചില മറുപടികൾ ഞാൻ നല്കാം. ഇസ്‌ലാമികാധ്യാപനങ്ങളുടെ കഴമ്പ് മനസ്സിലാക്കാൻ അവ നിങ്ങളെ സഹായിക്കും.

(തുടരും)

(പേജ് 2ൽനിന്ന്)

അവസാനം യോഗാധ്യക്ഷ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ 'മുബശ്ശിർ ഔലാദ് പഞ്ചത്തൻ 'നെ കുറിച്ച് അനുസ്മരിച്ചുകൊണ്ടു ശ്രോതാക്കൾക്ക് തന്നെ പരിചയപ്പെടുത്തി. ദുആയോടുകൂടി ജൽസ സമാപിച്ചു.

### താമസസൗകര്യം:

ജൽസാസാലാന ഖാദിയാന്റെ ഈ വർഷത്തെ ഒരുക്കങ്ങൾക്കും അതിഥികളുടെ താമസം, ഭക്ഷണം തുടങ്ങിയ മറ്റാവശ്യങ്ങൾക്കുമായി 31 കമ്മിറ്റികളും 25 താമസസ്ഥലങ്ങളും ഉണ്ടാക്കപ്പെട്ടിരുന്നു. നാലു ഭക്ഷണശാലയും പ്രവർത്തിച്ചു. ഖാദിയാനിലെ എല്ലാ ഹൽഖകളിലും, വീടുകളിലും താമസിക്കുന്ന അതിഥികൾക്ക് ഈ വർഷം തഅ്ലീമുൽ ഇസ്‌ലാം ഹൈസ്കൂളിന്റെ മുറ്റത്ത് മൂന്ന് വലിയ വലിയ വാട്ടർപ്രൂഫ് പന്തലുകളിട്ടിരുന്നു. അതിൽ ഏകദേശം 2000 അതിഥികളെ പാർപ്പിച്ചു. മൂന്ന് പന്തലുകളുടേയും ഫ്ളോറിംഗ്, മഴ പെയ്താൽ അതിഥികൾക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടാകാത്തവിധമായിരുന്നു ചെയ്തിരുന്നത്. ഈ അതിഥികളുടെ സൗകര്യത്തിനായി 50 ശൗച്യാലയങ്ങളും നിർമിച്ചിരുന്നു. ഇതിൽ 24 മണിക്കൂറും ചൂടുവെള്ളത്തിനുള്ള ഏർപ്പാട് ചെയ്തിരുന്നു. ഈ വർഷം താമസസ്ഥലങ്ങളിൽ വിരിക്കുന്നതിനുവേണ്ടി ഉന്നതനിലവാരത്തിലുള്ള 2000 കിടക്കകളും വാങ്ങിയിരുന്നു.

### ഖിദ്മത്തെ ഖൽഖ്:

ജൽസാസാലാനയുടെ വകുപ്പുകളിൽ സുപ്രധാനമായ ഒരു വകുപ്പാണ് ഖിദ്മത്തെ ഖൽഖ് വകുപ്പ്. ഇതിനുകീഴിലാണ് അച്ചടക്കപരമായ കാര്യങ്ങളുടേയും സംരക്ഷണത്തിന്റേയും ഡ്യൂട്ടികൾ നല്കപ്പെടുന്നത്.

ഈ വർഷം ഈ വകുപ്പിനുകീഴിൽ സന്നദ്ധസേവനത്തിൽ പങ്കെടുക്കാൻ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്ന് 688 ഖുദ്ദാമും സ്വഫ്ഫെ ദോമിൽപെട്ട 29 അൻസ്വാറും വന്നിരുന്നു. ഈ വകുപ്പിന്റെ കീഴിൽ എല്ലാ അതിഥിയ്ക്കും ജൽസാ രജിസ്ട്രേഷൻ കാർഡ് ഫോട്ടോയോടും പ്രത്യേക ബാരിക്കോടും കൂടി വിതരണം ചെയ്യപ്പെട്ടു. നമസ്കാരത്തിന്റെ നേരങ്ങളിൽ ദാറുൽ മസീഹിന്റെ വഴികളിലും മഹല്ലിന്റെ ഇടവഴികളിലും അച്ചടക്കം പാലിക്കുന്നതിനുവേണ്ടി ഖുദ്ദാം ഡ്യൂട്ടികൾ കൊടുത്തു. ദാറുൽ മസീഹ്, ബിഹിശ്തി മഖ്ബറ, ജൽസാഗാഹ്, ഖാദിയാനിലെ കേന്ദ്രമസ്ജിദുകൾ, താമസസ്ഥലങ്ങൾ എന്നിടങ്ങളിൽ ഖുദ്ദാമിന്റെ സ്ഥിരമായ ഡ്യൂട്ടികൾക്കുള്ള ഏർപാട് ചെയ്തു. ഇപ്രകാരംതന്നെ അൽഖുർആൻ എക്സിബിഷൻ, അന്നൂർ എക്സിബിഷൻ, ഇസ്‌ലാം അംനെ ആലം എക്സിബിഷൻ, ഫോട്ടോ പ്രദർശനം, ഹ്യൂമാനിറ്റി ഫസ്റ്റ് തുടങ്ങിയവയുടെ എക്സിബിഷനുകളിലും ഖുദ്ദാമിന്റെ സ്ഥിരമായ ഡ്യൂട്ടികൾ ഏർപ്പെടുത്തിയിരുന്നു. ഇപ്രകാരംതന്നെ ഈ വർഷം 'ദാറുൽബയ്അത്ത്' ലുധിയാനയിലും ഹോശിയാർപൂരിലെ തപോയജ്ഞം നടന്ന വീട്ടിലും ഖുദ്ദാം ഡ്യൂട്ടികൾ നല്കിയിരുന്നു. ഈ വകുപ്പിനു കീഴിൽ ഇന്ത്യാ–പാക്കിസ്താൻ ബോർഡർ, റയിൽവെ സ്റ്റേഷൻ, എയർപോർട്ട് തുടങ്ങിയ സ്ഥലങ്ങളിലും അതിഥികളുടെ സൗകര്യാർഥം ഖുദ്ദാമിന്റെ ഡ്യൂട്ടികൾ ഒരുക്കിയിരുന്നു. ലൈറ്റ് ആന്റ് സൗണ്ടിന്റേയും വിളംബരങ്ങളുടെയും ഓഫീസും സ്ഥാപിക്കപ്പെട്ടിരുന്നു. ഇതിനുകീഴിൽ അതിഥികളുടെ കളഞ്ഞുപോകുന്ന വസ്തുക്കളെ സംബന്ധിച്ച് അപ്പപ്പോൾ അനൗൺസ് ചെയ്യുകയും അവർക്ക് നഷ്ടപ്പെട്ട വസ്തുക്കൾ തിരിച്ചുകൊടുക്കുകയും ചെയ്തു. ഖിദ്മത്തെ ഖൽഖിന്റെ കീഴിൽത്തന്നെയായിരുന്നു ഫസ്റ്റ് എയ്ഡിന്റേയും എമർജൻസിയുടേയും ഓഫീസും സ്ഥാപിക്കപ്പെട്ടിരുന്നത്. ഇതിനുകീഴിൽ അതിഥികൾക്ക് സൗകര്യങ്ങളും സൗഖ്യങ്ങളും എത്തിക്കുന്നതിനുവേണ്ടി ഖുദ്ദാം ഉത്സാഹത്തോടെ ഡ്യൂട്ടി ചെയ്തിരുന്നു. പാർക്കിംഗിന്റെ ഏർപ്പാടും ഇതിന്റെ കീഴിൽത്തന്നെയായിരുന്നു.

### തർബിയ്യത്ത് വകുപ്പ്:

ഈ വകുപ്പിന്റെ കീഴിൽ ജൽസാലാനയുടെ ദിവസങ്ങളിൽ 2018 ഡിസംബർ 22 മുതൽ 2019 ജനുവരി 2 വരെ മസ്ജിദ് അഖ്സാ, മസ്ജിദ് മുബാറക്, ദാറുൽ അൻവാർ മഹല്ലിലെ മസ്ജിദ് ദാറുൽ അൻവാർ എന്നിവിടങ്ങളിൽ ജമാഅത്തായി തഹജ്ജുദ് നമസ്കരിക്കുന്നതിനുള്ള ഏർപാടുകൾ ചെയ്തിരുന്നു. ഇപ്രകാരംതന്നെ ഖാദിയാൻ മഹല്ലുകളിലെ മറ്റു 9 മസ്ജിദിലും ജൽസാസാലാനയുടെ മൂന്നു ദിവസങ്ങളിൽ തഹജ്ജുദ് നമസ്കാരം ജമാഅത്തോടുകൂടി നമസ്കരിക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിരുന്നു. ദൈവകൃപയാൽ നിശ്ചിത സമയത്തിനുമുമ്പേതന്നെ തഹജ്ജുദ് നമസ്കാരത്തിന് ആളുകൾ മസ്ജിദിൽ എത്തുകയും പ്രാർഥനയിൽ മുഴുകുകയും ചെയ്യുമായിരുന്നു. ഈ ദൃശ്യം കാണുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ പദ്യശകലമാണ് ഓർമവരുന്നത്.

*ചൽ രഹീഹെ നസീമ് റഹ്മത്ത് കി*
*ജോ ദുആ കീജിയേ ഖബൂൽ ഹെ ആജ്*

എല്ലാ മസ്ജിദുകളിലും സുബ്ഹി നമസ്കാരത്തിനുശേഷം തഫ്സീറെ കബീറിൽനിന്ന് ദർസും നല്കപ്പെട്ടിരുന്നു. തഹജ്ജുദ് നമസ്കാരത്തിന് ലൗഡ്സ്പീക്കറിലൂടെ ജമാഅത്തംഗങ്ങളെ ഉണർത്തുന്നതിനുള്ള സംവിധാനവും ചെയ്തിരുന്നു. ഈ വകുപ്പിന്റെ കീഴിൽ ഖാദിയാനിലെ വിവിധ ഇടവഴികളിലും റോഡുകളിലും അധ്യാപനപരവും ശിക്ഷണപരവുമായ മനോഹരമായ ബാനറുകൾ പതിച്ചിരുന്നു. ഇതിനുപുറമെ, ഉർദുവിലും ഇംഗ്ലീഷിലും ജൽസാസാലാനയുടെ കാര്യപരിപാടികൾ അടങ്ങിയ ലഘുലേഖ–ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഖലീഫത്തുൽ മസീഹ് അൽഖാമിസിന്റേയും ജൽസയെ സംബന്ധിച്ചുള്ള സുന്ദരമായ ഉപദേശങ്ങളും–പ്രസിദ്ധീകരിച്ചിരുന്നു.

### ബയ്ത്തുദ്ദുആയിലെ നഫ്ലുകളും പരിശുദ്ധസ്ഥലങ്ങളുടെ സന്ദർശനവും:

എല്ലാ വർഷവുമെന്നപോലെ ഈ വർഷവും ഇന്ത്യയിൽനിന്നും മറ്റു രാജ്യങ്ങളിൽനിന്നും വരുന്ന അതിഥികൾക്കുവേണ്ടി കൃത്യമായി ബയ്ത്തുദ്ദുആയിൽ നഫ്ലുകൾ അനുഷ്ഠിക്കുന്നതിനുള്ള ഏർപ്പാട് ചെയ്തിരുന്നു. അതിഥികൾ വലിയ താൽപര്യത്തോടും ഉത്സാഹത്തോടും കൂടി ബയ്ത്തുദ്ദുആയിൽ നഫ്ലുകൾ നമസ്കരിക്കാൻ ദീർഘമായ ലൈനുകളിൽ ദീർഘനേരം തങ്ങളുടെ ഊഴവും കാത്തിരുന്നു. ഈ അവസരത്തിൽ ദിക്റെ ഇലാഹിയിലും സ്വലാത്ത് ചൊല്ലുന്നതിലും അവർ മുഴുകി. ഇതുപോലെതന്നെയായിരുന്നു മസ്ജിദ് മുബാറക്, മസ്ജിദ് അഖ്സാ, മിനാരത്തുൽ മസീഹ്, അദ്ദാർ (ദാറുൽ മസീഹ്) ബിഹിശ്തി മഖ്ബറ, മസ്ജിദ് നൂർ തുടങ്ങിയ വിശുദ്ധസ്ഥലങ്ങളിലെ അവസ്ഥയും. അവിടെങ്ങളിലെല്ലാം അതിഥികളുടെ ആധിക്യം ഉണ്ടായിരുന്നു. അഭിനിവേശത്തോടുകൂടി അതിഥികൾ ഈ സ്ഥലങ്ങൾ സന്ദർശിച്ചു. പ്രത്യേകിച്ചും അദ്ദാറിലുള്ള സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ), ഹദ്റത്ത് അമ്മാജാൻ(റ) സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എന്നിവരുടെ 'തബർറുക്കാത്തുകൾ'(അനുഗ്രഹദായ വസ്തുക്കൾ) അതിഥികൾ വലിയ വിശ്വാസത്തോടെ നോക്കിക്കണ്ടു. ബയ്ത്തുദ്ദുആയിൽ നഫ്ലുകളും അദ്ദാറിൽ സൂക്ഷിച്ചിരിക്കുന്ന തബർറുക്കാത്തുകളും സന്ദർശിക്കാൻ സ്ത്രീകൾക്കും പുരുഷന്മാർക്കും വെവ്വേറെ സമയമായിരുന്നു നിശ്ചയിച്ചിരുന്നത്. സയ്യിദുനാ ഹുദൂർ അൻവറിന്റെ നിർദേശമനുസരിച്ച് തിരക്ക് കൂടിയ സ്ഥലങ്ങളായ ലങ്കർഖാനകളിലും താമസസ്ഥലങ്ങളിലും ഉദ്യോഗസ്ഥർക്കും പ്രവർത്തകർക്കും ജമാഅത്തായി നമസ്കരിക്കുന്നതിനും സംവിധാനം ഒരുക്കിയിരുന്നു.

ജൽസയുടെ ദിനങ്ങളിൽ ഹുദൂറിന്റെ ജുമുഅ ഖുത്ബ എല്ലാ മസ്ജിദുകളിലും കാണുന്നതിനും കേൾക്കുന്നതിനുമുള്ള സംവിധാനം ചെയ്തിരുന്നു. ഡിസംബർ 28ലെ ജുമുഅ ഖുത്ബ മസ്ജിദ് അൻവാറിൽ പ്രൊജക്ടറിലൂടെ പ്രദർശിപ്പിച്ചു. സ്ത്രീകൾക്ക് ഈ സംവിധാനം ചെയ്തിരുന്നത് സറായെ ത്വാഹിറിലായിരുന്നു.

### തർജമ:

ഈ വർഷത്തെ ജൽസാസാലാന ഖാദിയാന്റെ അവസരത്തിൽ താഴെപറയുന്ന 9 ഭാഷകളിൽ ജൽസാസാലാനയിലെ എല്ലാ പരിപാടികളും തൽസമയം തർജമയ്ക്കുള്ള സംവിധാനങ്ങളുണ്ടായിരുന്നു. അറബി, റഷ്യൻ, ഇന്തോനേഷ്യൻ, ഇംഗ്ലീഷ്, മലയാളം, തമിൾ, തെലുങ്കു, ബംഗ്ല, കന്നഡ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാ ഭാഷകളിലേയും തർജമക്കാർ ഭംഗിയായ നിലയിൽ തങ്ങളുടെ കർത്തവ്യം നിറവേറ്റി. ജൽസയിലെ എല്ലാ പരിപാടികളും പ്രത്യേകിച്ച് ഹുദൂറിന്റെ സമാപന പ്രഭാഷണം 9 ഭാഷകളിലും തർജമ ചെയ്യപ്പെട്ടു. അധികമായനിലയിൽ സ്ത്രീകളും പുരുഷന്മാരും ഈ സംവിധാനം പ്രയോജനപ്പെടുത്തി. സ്ത്രീകളും പ്രത്യേക സെഷനും 5 ഭാഷയിൽ (അറബി, ഇംഗ്ലീഷ്, ഇന്തോനേഷ്യൻ, മലയാളം, ബംഗ്ല) തർജമ ചെയ്യപ്പെട്ടു.

### നിക്കാഹ്:

ജൽസാസാലാന ഖാദിയാനിൽ പങ്കെടുക്കുമ്പോൾ ആ അവസരത്തിൽ തങ്ങളുടെ കുട്ടികളുടെ നിക്കാഹ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിശുദ്ധമായ നാട്ടിൽവച്ച് നടത്തണമെന്നത് ജമാഅത്തംഗങ്ങളുടെ ആഗ്രഹമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വർഷം ജൽസാസാലാനയുടെ അവസരത്തിൽ 2018 ഡിസംബർ 29ന് ശനിയാഴ്ച ദാറുൽ അൻവാർ മസ്ജിദിൽ മൗലാനാ മുസഫ്ഫർ അഹ്മദ് നാസിർ നാളിർ ഇസ്‌ലാഹ് വ ഇർശാദ് ഖാദിയാൻ മർക്കസിയ്യ മഗ്‌രിബ് നമസ്കാരത്തിനുശേഷം 22 നിക്കാഹിന്റെ വിളംബരം ചെയ്തു. ഈ അവസരത്തിൽ അദ്ദേഹം സുന്നത്താക്കപ്പെട്ട വചനങ്ങൾ ഓതിയതിനുശേഷം ഹുദൂർ അൻവറിന്റെ വിവാഹത്തെ സംബന്ധിച്ചുള്ള ഉപദേശങ്ങൾ വായിച്ചുകേൾപ്പിച്ചു. പിന്നീടുള്ള ദിവസങ്ങളിൽ 12 നിക്കാഹ് വേറയും നടന്നിരുന്നു.

### പ്രദർശനം:

### ഇസ്‌ലാം ആഗോള സമാധാനം.

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലായുടെ സമ്മതത്താൽ കോഠിദാറുസ്സലാമിലെ ഹദ്റത്ത് നവാസ് മുഹമ്മദലിഖാൻ സാഹിബ്(റ)ന്റെ ഭവനത്തിലാണ് ഈ എക്സിബിഷനുള്ള ഏർപ്പാട് ചെയ്തിരുന്നത്. ഈ പ്രദർശനം ഡിസംബർ 22ന് അഡീഷണൽ നാളിർ അഅ്ലാ ജനൂസിഹിദ് ദുആയോടുകൂടി ഉദ്ഘാടനം ചെയ്തു. ഈ പ്രദർശനത്തിൽ ഇസ്‌ലാമികാധ്യാപനങ്ങളുടെ വെളിച്ചത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സമാധാന സംസ്ഥാപനം എന്നതിനെ ഉദ്ധരിച്ചുള്ള നിർദ്ദേശങ്ങളും ഹുദൂറിന്റെ ആഗോളസമാധാന സംസ്ഥാപനത്തിനുള്ള ശ്രമങ്ങൾ ഉദ്ധരിച്ചുള്ള നിർദ്ദേശങ്ങളും മനോഹരമായ ഫ്ളക്സുകളിൽ ഉല്ലേഖനം ചെയ്തിരുന്നു. 2018 ഡിസംബർ 23 മുതൽ 2019 ജനുവരി 5 വരെ രാവിലെ 9 മുതൽ രാത്രി 9 വരെയായിരുന്നു ഈ പ്രദർശനം. ദൂരമായിരുന്നിട്ടും വൻതോതിൽ ജമാഅത്തംഗങ്ങൾ പ്രദർശനം കാണുന്നതിനെത്തി. 20 രാജ്യത്തെ ആളുകൾ പ്രദർശനം കണ്ടു. അവരുടെ എണ്ണം

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 07 March 2019 Issue-10

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

4142 ആണ്. 626 ആളുകൾ തങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തി. അനുവാചകരുടെ താൽപര്യം കണക്കിലെടുത്ത് ചിലരുടെ അഭിപ്രായങ്ങൾ താഴെ കുറിക്കുകയാണ്.

☆ ഡോക്ടർ നസീറ നസ്ഹത്ത് സാഹിബ പാക്കിസ്താൻ എഴുതുന്നു. വളരെ നല്ലൊരു പ്രദർശനമാണിത്. ജമാഅത്തിന്റെ മഹത്തായ അഭിവൃദ്ധികൾ ഇതു വിളിച്ചോതുന്നു.

☆ അസീസുല്ലാ സാഹിബ് റബ്വ, പാക്കിസ്താൻ. എല്ലാ സ്ഥലത്തും ഇത്തരം പ്രദർശനം ഉണ്ടാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. എല്ലാ അഹ്മദികൾക്കും ഈ പ്രദർശനം കാണാനുള്ള തഫീഖ് ലഭിക്കുമാറാകട്ടെ.

☆ തഫ്സീൻ ഇഖ്ബാൽ സാഹിബ് (പാക്കിസ്താൻ): മാശാഅല്ലാഹ്. അൽഹംദുലില്ലാഹ്. വളരെ മനോഹരമായിരുന്നു. ഒരു ചിത്രപരമായ മിന്നലാട്ടമായിരുന്നു; നദിയെ കുടത്തിൽ അടയ്ക്കുന്നതുപോലെ!

☆ ഖയ്സർ സലീം സാഹിബ് കാനഡ: മാശാഅല്ലാഹ്. ഉത്തമമായ രീതിയിൽ ഖിലാഫത്തിന്റെ അനുഗ്രഹങ്ങളും കൃപകളും സമാധാനശ്രമത്തോടെ വിവരിക്കപ്പെട്ടിരിക്കുന്നു.

ജൽസയുടെ ദിനങ്ങളിൽ ഹുദൂറിന്റെ ജുമുഅ ഖുത്ബ എല്ലാ മസ്ജിദുകളിലും കാണുന്നതിനും കേൾക്കുന്നതിനുമുള്ള സംവിധാനം ചെയ്തിരുന്നു. ഡിസംബർ 28ലെ ജുമുഅ ഖുത്ബ മസ്ജിദ് അൻവാറിൽ പ്രൊജക്ടറിലൂടെ പ്രദർശിപ്പിച്ചു. സ്ത്രീകൾക്ക് ഈ സംവിധാനം ചെയ്തിരുന്നത് സറായെ ത്വാഹിറിലായിരുന്നു.

### തത്സമയ സംപ്രേഷണം:

2019 ജനുവരി 3 മുതൽ 5 വരെ മൂന്നു ദിവസം ദൈവകൃപയാൽ എം.ടി.എ. ഇന്റർനാഷണലിന്റെ ഖാദിയാൻ സ്റ്റുഡിയോയിൽനിന്ന് ദി മസീഹ് ഓഫ് ദി എയ്ജ് എന്ന ശീർഷകത്തിൽ ആഫ്രിക്കൻ രാജ്യങ്ങൾക്കുവേണ്ടി പരിപാടി സംപ്രേഷണം ചെയ്യപ്പെട്ടു. ഒരു മണിക്കൂറായിരുന്നു പരിപാടി. അത് ഇംഗ്ലീഷിലാണ് അവതരിപ്പിക്കപ്പെട്ടത്. അതിൽ പങ്കെടുക്കുന്നതിന് ആഫ്രിക്കൻ രാജ്യങ്ങളിൽനിന്ന് അതിഥികൾ ഖാദിയാനിൽ വന്നിരുന്നു. ഈ ത്രിദിന തത്സമയ പരിപാടിയിൽ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുട്ടിക്കാലം ജീവിതത്തിന്റെ വിവിധ വശങ്ങളും അവിടത്തെ വാദങ്ങളും പ്രതിപാദിക്കപ്പെട്ടു. അതുപോലെതന്നെ ഖാദിയാൻ ജൽസാസാലാനയെ പരിചയപ്പെടുത്തുകയും അതിന്റെ ചരിത്രപശ്ചാത്തലം ഖാദിയാൻ ദാറുൽ അമാനിലെ വിശുദ്ധസ്ഥലങ്ങൾ, അതിൽ വെളിപ്പെട്ട ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങളും മൂന്നാം ദിവസം അഹ്മദിയ്യാ ഖിലാഫത്തിന്റെ അനുഗ്രഹങ്ങളും അഞ്ചാം ഖിലാഫത്തിന്റെ അനുഗൃഹീത കാലഘട്ടത്തിൽ ലോകം മുഴുവൻ സമാധാന സംസ്ഥാപനത്തിനുവേണ്ടി ചെയ്യപ്പെടുന്ന പ്രവർത്തനങ്ങളും ചർച്ച ചെയ്യപ്പെട്ടു. പരിപാടിയ്ക്കിടയിൽ താഴെകാണുന്ന ഷോർട്ട് ഡോക്യുമെന്ററികളും കാണിക്കപ്പെട്ടു.

☆ ഖാദിയാനിലെ വിശുദ്ധസ്ഥലങ്ങളുടെ ഹ്രസ്വമായ പരിചയപ്പെടുത്തൽ

☆ ജൽസാസാലാന ഖാദിയാന്റെ തയ്യാറെടുപ്പുകളും ഒരുക്കങ്ങളും ജൽസാസാലാന ഖാദിയാനിൽ പങ്കെടുത്ത ആഫ്രിക്കൻ അതിഥികളുടെ പ്രതികരണങ്ങൾ.

☆ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിശുദ്ധജീവിതത്തിലേക്ക് സംഭവങ്ങളെ ഇന്റർവ്യൂവിന്റെ ക്രമത്തിൽ അവതരിപ്പിക്കപ്പെട്ടു.

☆ ചില നവഅഹ്മദികളുടെ അഹ്മദിയ്യത്ത് സ്വീകരിച്ചതിന്റെ സംഭവങ്ങൾ

☆ ഇസ്ലാമിക ഖിലാഫത്തിനെ പരിചയപ്പെടുത്തിക്കൊണ്ടുള്ള വീഡിയോകൾ

☆ അഹ്മദിയ്യ ഖിലാഫത്തിന്റെ അനുഗ്രഹങ്ങളും ആഗോള അഭിവൃദ്ധിയും.

☆ നബി(സ) തിരുമേനിയെ സ്തുതിച്ചുകൊണ്ടുള്ള ഖസീദ.

### പ്രസ്സ് & മീഡിയ

2018 ജൽസാസാലാനയുടെ അവസരത്തിൽ പ്രിന്റ് ആന്റ് ഇലക്ട്രോണിക് മീഡിയ മുഖേന വിപുലമായനിലയിൽ ഇസ്ലാമിന്റെ സമാധാനപ്രദമായ അധ്യാപനങ്ങൾ പ്രചരിപ്പിക്കപ്പെട്ടു. ജൽസാഗാഹിൽ കാണാൻപറ്റുന്ന മീഡിയ സെന്റർ ഉണ്ടാക്കിയിരുന്നു. അതിൽ സമാധാന സംസ്ഥാപനം ഉദ്ധരിച്ച് ഹുദൂർ അൻവറിന്റെ വിവിധ നിർദ്ദേശങ്ങൾ പതിച്ചിരുന്നു. മാധ്യമപ്രതിനിധികളെ അവിടെ ഇരുത്തി. ജമാഅത്തിനേയും ജൽസാസാലാനയേയും കുറിച്ചുള്ള വിവരങ്ങൾ നല്കി. ദൈവകൃപയാൽ ജൽസാസസാലാന ഖാദിയാന്റെ ദിനങ്ങളിൽ 56 വിവിധ പ്രിന്റ് ആന്റ് ഇലക്ട്രോണിക് മാധ്യമങ്ങളുടെ പ്രതിനിധികൾ ഖാദിയാനിൽ വന്നു. ജൽസാസാലാനയെ സംബന്ധിച്ച് എന്റെ 6 വിവിധ സംസ്ഥാനങ്ങളിലെ 25 പത്രങ്ങളിൽ മൊത്തം 52 വാർത്തകൾ പ്രസിദ്ധീകരിക്കപ്പെട്ടു. 2018 ജൽസാസാലാനയുടെ വാർത്തകൾ 11 വിവിധ ടി.വി ചാനലുകളിൽ സംപ്രേഷണം ചെയ്തു. അതിന്റെ മൊത്തം ദൈർഘ്യം ഒരു മണിക്കൂർ 57 മിനിറ്റാണ്. ഇതിനു പുറമെ ജൽസാസാലാനയുടെ വാർത്തകൾ 5 വിവിധ മെബ് പോർട്ടൽസിൽ പ്രസിദ്ധീകരിച്ചു. സോഷ്യൽ മീഡിയായിൽ 118 പോസ്റ്റ് ജൽസാസാലാനയെ സംബന്ധിച്ച് ഇടപെട്ടു.

അല്ലാഹു എല്ലാ സേവകർക്കും; അവർ ആത്മാർത്ഥതയോടും കൂറോടുംകൂടി സേവനം ചെയ്തു. ഇതുപോലെതന്നെ പങ്കെടുത്തവർക്കും, അവർ വിദൂരസ്ഥലങ്ങളിൽനിന്ന് വിഷമങ്ങൾ സഹിച്ചാണ് വന്നത്, സാമ്പത്തിക ത്യാഗം ചെയ്തു. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകളുടെ അനന്തരാവകാശികളാക്കുമാറാകട്ടെ; പങ്കെടുക്കുന്നവർക്കുവേണ്ടി ചെയ്തിട്ടുണ്ട്.

✶✶✶✶

(പേജ് 1ൽനിന്ന്)

ക്കാരണത്താലാണ് അത്തരം വ്യക്തിക്ക് അല്ലാഹുവിനോടും റസൂലിനോടും വിശുദ്ധഖുർആനോടും ആദരമില്ലാത്തത്. അവന്റെ ദീനിനോടുള്ള സ്നേഹവും ആക്ഷേപാർഹമാണ്. അല്ലാഹുവിനേയും അവന്റെ റസൂലിനേയും നിന്ദിക്കുന്നവരിലാണ് അവൻ കടന്നുപോകുന്നത്. അതിനു കാരണം അത്തരം വ്യക്തിക്ക് ആത്മീയനയനമില്ലാത്തതാണ്. അവനിൽ ദീനിനോടുള്ള സ്നേഹമില്ല; സ്നേഹിക്കുന്നവൻ സ്നേഹിക്കപ്പെടുന്നവനെതിരിൽ എന്തെങ്കിലും ഇഷ്ടപ്പെടുമോ? ചുരുക്കം പറഞ്ഞാൽ, നീ എടുക്കാൻ തയ്യാറാണെങ്കിൽ ഞാൻ തരാൻ തയ്യാറാണെന്ന് അല്ലാഹു പഠിപ്പിച്ചു. അതുകൊണ്ട് ഈ ദുആ ചെയ്യുക എന്നതുതന്നെ ആ ഹിദായത്ത് എടുക്കുന്നതിനുള്ള തയ്യാറെടുപ്പാണ്.

ഈ ദുആയ്ക്കുശേഷം സൂറഃബഖറയുടെ ആരംഭത്തിൽതന്നെ *ഹുദല്ലിൽമുത്തഖീൻ* എന്ന് (ബഖറ:3) പറയപ്പെട്ടു. അല്ലാഹു തരാനുള്ള തയ്യാറെടുപ്പ് നടത്തി. അതായത് ഈ ഗ്രന്ഥം സമ്പൂർണതവരെ എത്തിക്കുമെന്ന് വാഗ്ദാനം ചെയ്യുന്നു. അതിനാൽ ഇതിന്റെ അർഥ പഥ്യം ആചരിക്കുകയും ഉപദേശം കരസ്ഥമാക്കുകയും ചെയ്യാൻ തയ്യാറായിട്ടുള്ളവന് ഈ ഗ്രന്ഥം പ്രയോജനപ്പെടുന്നതാണ്; ഒരാൾ മുസ്ലിം ആകുമ്പോൾ അവൻ മുത്തഖിയാകുന്നതുപോലെ. അന്യമതക്കാരന് ഏതെങ്കിലും ഒരു നല്ല ദിവസം വരുമ്പോൾ അവനിൽ ഇത്തഖ(ദൈവഭയം) ഉണ്ടായി കോപവും പൊങ്ങച്ചവും അഹങ്കാരവും അകലുന്നു. ഉണ്ടായിരുന്ന തടസ്സങ്ങളെല്ലാം അകന്നുപോകുന്നു. അതു അകലുന്ന തുകൊണ്ട് ഇരുട്ട് നിറഞ്ഞ വീട്ടിന്റെ ജനാലകൾ തുറക്കപ്പെട്ടു, പ്രകാശകിരണങ്ങൾ അകത്തുകടന്നു.

ഇവിടെ മുത്തഖികൾക്ക് സന്മാർഗമാണെന്ന് പറഞ്ഞിട്ടുള്ളത്, അതായത് *ഹുദല്ലിൽമുത്തഖീ ൻ.* ഇത്തിഖ എന്നത് ഇഫ്തിആലിന്റെ ബാബിൽപെട്ടതാണ്. ഈ ബാബ് ബുദ്ധിമുട്ടുണ്ടാകുന്നതിനുവേണ്ടി വരുന്നതാണ്. അതായത് എത്രത്തോളം ഇവിടെ തഖ്‌വ ആവശ്യമാണോ അതു ബുദ്ധിമുട്ടിൽനിന്ന് മുക്തമല്ലെന്ന് സൂചിപ്പിക്കുന്നു. ഇതിന്റെ സംരക്ഷണത്തിന് ഈ ഗ്രന്ഥത്തിൽ ഹിദായത്തുകളുണ്ട്. അതായത് മുത്തഖി നന്മ ചെയ്യുന്നതിൽ ബുദ്ധിമുട്ടി പ്രവർത്തിക്കേണ്ടിവരുന്നു.” (മൽഫൂദാത്ത്, വാള്യം 1, പേജ് 12–14)

(പേജ് 9ൽനിന്ന്)

തുടക്കം പഞ്ചാബിലാണുണ്ടായത്. ചില മുസ്ലിംകൾ ഈ വിഭാഗത്തെ എതിർക്കുന്നുണ്ട്. നുബുവ്വത്തിന്റെ കാര്യത്തിൽ ഇവരുടെ വിശ്വാസങ്ങളും വിശദീകരണങ്ങളും വിഭിന്നമാണ്. ഒരുപാട് രാജ്യങ്ങളിൽ ജമാഅത്ത് എതിർപ്പുകൾ നേരിടുന്നുണ്ട്. പാക്കിസ്താനിൽ ഇവർക്ക് മുസ്ലിംകളെന്നു അവകാശപ്പെടാനുള്ള അനുമതിയില്ല. ഈ മസ്ജിദ് ഈ രാജ്യത്തെ ഏറ്റവും വലിയ രണ്ടാമത്തെ മസ്ജിദാണ്. ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് പറയുന്നു, ഈ മസ്ജിദിന്റെ കെട്ടിടം വളരെ മനോഹരമാണ്. ഇവിടെയുള്ളവർ ഇതിനെ നല്ലവണ്ണം ഇഷ്ടപ്പെടുമെന്നു കരുതുന്നു. മിർസാ മസ്റൂർ അഹ്മദ് സാഹിബ് അഹ്മദിയ്യാ ജമാഅത്തിന്റെ ഏറ്റവും പ്രമുഖനായ ആത്മീയനേതാവാണ്. അഹ് മദിയ്യാ ജമാഅത്തിന്റെ ലക്ഷ്യം സ്നേഹവും സമാധാനവും സ്ഥാപിക്കുകയെന്നതാണ്. ഈ ജമാഅത്ത് എല്ലാവിധത്തിലുള്ള തീവ്രവാദങ്ങളിൽനിന്നും അകലം പാലിക്കുന്നു. ഈ മസ്ജിദിൽ എല്ലാവർക്കും സ്വാഗതമുണ്ട്. ഈ മസ്ജിദിന്റെ വാതിലുകൾ എല്ലാവർക്കുമായി തുറന്നിട്ടിരിക്കുകയാണ്. ബാങ്കിന്റെ ശബ്ദം സ്പീക്കറിലൂടെ മസ്ജിദിന്റെ അകത്തുതന്നെയാണ് കേൾക്കുമാറാകുന്നത്. ഇവിടെ ഒരു സ്പോർട്സ് ഹാളും മീറ്റിംഗുകൾക്കായി മുറികളുമുണ്ട്. മസ്ജിദ് നിർമാണത്തിന്റെ മുഴുവൻ ചെലവും അഹ്മദിയ്യാ ജമാഅത്താണ് വഹിച്ചിരിക്കുന്നത്.

☆ ഓൺലൈൻ പത്രം 24-Malmo(Arvid Nikka) ഇപ്രകാരം വാർത്ത നല്കി:

**“മുസ്ലിം പോപ്പ്”**
**മസ്ജിദ് ഉദ്ഘാടനം ചെയ്യുന്നു.**
**‘മഹത് വ്യക്തിത്വം’**

തുടരും

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin